

കുമാരനാശാൻ—

ചില സ്മരണകൾ

ഗ്രന്ഥകർത്താ

കെ. സദാശിവൻ

DHARMARAM COLLEGE BOOKS BANGALORE 14768

തി[illegible]വനന്തപുരം കേരളാപ്രസ്സിൽ മുദ്രണംചെയ്തത്.

[illegible]gh[illegible]erved]

NATIONAL BOOK STALL SPCS LTD.

1951.

[ഒരു രൂപാ

ഗ്രന്ഥകർത്താവിന്റെ ഒപ്പോ മുദ്രയോ ഇല്ലാത്ത പ്രതികൾ
വ്യാജനിർമ്മിതമാകുന്നു.



മഹാകവി കുമാരനാശാൻ



മഹാകവി കുമാരനാശാൻ

മുഖവുര

കമലാസനനെപ്പറ്റിയുള്ള എന്റെ ഈ 'സ്മരണകൾ' പുസ്തകരൂപത്തിൽ പ്രസിദ്ധം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി എഴുതിയതല്ല. ആ യശശ്ശരീരന്റെ 25-ാമത്തെ ചരമവാർഷികം പ്രമാണിച്ചു ശ്രീമതി ഭാനുമതി അമ്മ ("ശാരദാ" ബുക്ക്ഡിപ്പോ) പ്രസിദ്ധംചെയ്ത സ്മാരകഗ്രന്ഥത്തിൽ ചേർക്കുവാൻ അവരുടെ ആവശ്യപ്രകാരമായിരുന്നു സ്മരണകൾ ആദ്യം എഴുതിയതു്. അതിനു മുഖവുരയായി പറയേണ്ടതെല്ലാം അതിന്റെ പ്രാരംഭത്തിൽ എടുത്തു പറഞ്ഞിട്ടുണ്ടു്. ലേഖനമെന്ന നിലയിൽ അല്പം ദീർഘിച്ചുപോയതുകൊണ്ടു പകുതിയോളമേ ആ ഗ്രന്ഥത്തിൽ ചേർക്കുവാൻ കഴിഞ്ഞിരുന്നുള്ളു. അതുമായി വായിച്ചുവരിൽ പലരും ബാക്കികൂടി കാണുവാൻ താല്പര്യം പ്രകടിപ്പിച്ചു. കയ്യെഴുത്തിൽ ചിലരൊക്കെ അതുവായിക്കയും ചെയ്തു. ആ രാൻ വായനക്കാർക്കു സ്മരണകളിൽ പ്രതിപാദിച്ചിട്ടുള്ള പല കാര്യങ്ങളും പുതുതായി ണെന്നും അതിന്റെ പ്രസിദ്ധീകരണം ആശാൻസാഹിത്യത്തിനു പ്രത്യേകമായും ഭാഷയ്ക്കു പൊതുവേയും ഏറ്റവും പ്രയോജനപ്രദമായിരിക്കുമെന്നും പല ഭാഷാഭിമാനികളും എന്നെ അറിയിച്ചിരുന്നു. ചില ഭാഗങ്ങൾ അല്പംകൂടി വിപുലമാക്കിക്കാണുവാനും അവർ ആഗ്രഹം പ്രദർശിപ്പിച്ചു. ഈ ആഗ്രഹങ്ങളോടുള്ള ആദരവും സ്മരണക

ഇതേ ഇപ്പോഴത്തെ പ്രസിദ്ധീകരണത്തിനു കാരണാന്തരമായിട്ടുണ്ട്. ആശാനെപ്പറ്റി വ്യക്തിപരമായും കവിയെന്ന നിലയിലും സ്മരണകളിൽ പറഞ്ഞിട്ടുള്ളതെല്ലാം അദ്ദേഹവുമായുള്ള സംവാദവേളകളിൽ ഞാൻ നേരിട്ടു സംഭരിച്ചു വച്ചിരുന്ന ചിന്തയുടെ സംസ്കാരങ്ങളാണ്. സ്മരണകൾ, ആരെപ്പറ്റിയായിരുന്നാലും, സത്യഭാഷണം മാത്രമായിരിക്കണമെന്നുള്ള തത്ത്വത്തിൽനിന്നും ഞാൻ അല്പവും വ്യതിചലിച്ചിട്ടില്ല. ആശാന്റെ ജീവിതത്തിനു വ്യക്തിപരം, സാമുദായികം, സാഹിത്യവിഷയകം, രാഷ്ട്രീയം, ഗാർഹികം, എന്നിങ്ങനെ വിവിധവശങ്ങൾ ഉണ്ടായിരുന്നിരിക്കേ ആ വഴികളിൽ അദ്ദേഹത്തെപ്പറ്റി ഭിന്നങ്ങളായ അഭിപ്രായഗതികളും ഉണ്ടായിട്ടുണ്ടെങ്കിൽ അതു വെറും സ്വാഭാവികം മാത്രമാണ്. ഇതിനൊക്കെ അദ്ദേഹംതന്നെ അപ്പോഴപ്പോഴായി സൂചിപ്പിച്ചിട്ടുള്ള സമാധാനങ്ങളാണ് അവസരം കിട്ടിയിടത്തെല്ലാം ഞാൻ ഈ സ്മരണകളിൽ എടുത്തു പറഞ്ഞിട്ടുള്ളതു്. എന്നിൽ വല്ല സംസ്കാരവും ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ ജനയിതാവു് ആ മഹാപുരുഷൻ അല്ലാതെ മറാരുമല്ല. ഇങ്ങനെയുള്ള ഒരു പ്രേരണയും ഈ സ്മരണകൾക്കു നിദാനമായിട്ടുണ്ട്. സ്മരണാത്മകത്തിലുള്ള ഗ്രന്ഥങ്ങൾ നമ്മുടെ സാഹിത്യത്തിൽ അത്ര സാധാരണമല്ല. ആത്മപ്രകാശനം സ്മരണകളിൽ സഹജമാണ്. അങ്ങനെ വന്നുപോയിട്ടുള്ള പ്രകാശനങ്ങളെ വായനക്കാർ സഹിക്കുമല്ലോ.

എന്റെ ഈ സ്മരണകൾക്ക് ഒരു വീരാരാധനയുടെ സ്വഭാവമാണുള്ളതെന്നും അതുകൊണ്ടു് അയത്തു് വെറും ഒരു സ്തുതിഗീതമായിതീർന്നിട്ടുണ്ടെന്നും വായനക്കാരിൽ ചിലർക്കുതോന്നിയേക്കാം. ആശാനെ അടുത്തറിഞ്ഞ എനിക്കു് അദ്ദേഹത്തിന്റെ സ്വഭാവമാഹാത്മ്യത്തെപ്പറ്റി അതിയായബഹുമാനംതന്നെയാണു് തോന്നിയിരുന്നതു്. ഇങ്ങനെ തോന്നിയതു് ഒരുകുറ്റമായി ആരെങ്കിലും വ്യാഖ്യാനിക്കുമെങ്കിൽ അതിനു വഴങ്ങിക്കൊടുക്കയേ തരമുള്ളൂ. സാധാരണന്മാരിൽ കാണാത്ത ഒരു ഉണ്മൊൽകർഷം തന്നെയാണു ഞാൻ അദ്ദേഹത്തിൽ ദർശിച്ചിട്ടുള്ളതു്. ഞാൻക്ലാസ്സെടുക്കുള്ളപ്പോഴും അദ്ദേഹം രചിച്ചിട്ടുള്ള കാവ്യങ്ങളെപ്പറ്റിമാത്രമേ സ്മരണകളിൽ ഞാൻ സ്പർശിച്ചിട്ടുള്ളൂ. എന്നാൽ അവയെ വിമർശിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല ഞാൻ അങ്ങനെ പ്രതിപാദിച്ചിട്ടുള്ളതു്. ആകവിതകൾ കവിതന്നെ ചൊല്ലിക്കേൾക്കയും പിന്നീടു ഞാൻ പാരായണംചെയ്കയും ചെയ്തപ്പോൾ എന്റെഹൃദയത്തിൽ ജീവസ്ഫുരണം ചെയ്തഭാവങ്ങൾ മാത്രമാണു് സ്മരണകളിൽ കൊള്ളിച്ചിട്ടുള്ളതു്. ഇങ്ങനെ പറയുന്നതുകൊണ്ടു പ്രസ്തുത കവിതകളിൽ യാതൊരു ദോഷവശവും ഇല്ലെന്നു ഞാനുദ്ദേശിക്കുന്നതായി ആരും ചിന്തിക്കയില്ലല്ലൊ. കവിയുടെ വ്യക്തിപരമായ സ്വഭാവത്തിനോ അദ്ദേഹത്തിന്റെ കവിതകൾക്കോ ഒരു ദോഷപ്രകരണം ചമയ്ക്കുവാൻ ഞാൻ ഒരുമ്പെട്ടിട്ടില്ലെന്നുമാത്രം.

സ്മരണകൾ എഴുതി പ്രസിദ്ധീകരിക്കുന്നതിൽ ചില മാന്യസുഹൃത്തുക്കളുടെ ആത്മാർത്ഥവും ഉദാരവുമായ സഹായം എനിക്കുലഭിച്ചിട്ടുണ്ട്. ആശാൻസാഹിത്യത്തിൽ അതിപരിചയം സമ്പാദിച്ചിട്ടുള്ള ഒരു പണ്ഡിതനാണ് മഹോപാദ്ധ്യായൻ പി. അച്യുതൻ (പറവൂർ). സ്മരണകൾ മുഴുവൻതന്നെയും ഞാൻ പറഞ്ഞുകൊടുത്തു് ശ്രീഅച്യുതൻ എഴുതിയിട്ടുള്ളതാണ്. പ്രസ്സിൽ കൊടുപ്പാനുള്ള പകർപ്പു തയാറാക്കി തന്നിട്ടുള്ളതും ഇദ്ദേഹം തന്നെ. കണ്ണിനു് അല്പം അസുഖം ഉണ്ടായിരുന്നതുകൊണ്ടു് എഴുതിയതു തിരികെവായിച്ചു നോക്കുവാനോ തിരുത്തി ഭംഗി പിടിപ്പിക്കുവാനോ എനിക്കു സാദ്ധ്യമായില്ല. ഈ ജോലി സന്തോഷത്തോടുകൂടി ചെയ്തതുന്നു് എന്നെ സഹായിച്ചതു് പണ്ഡിതാഗ്രേസരനും മികച്ചമോഷാഭിമാനിയും ആയ ശ്രീ. എൻ. ഗോപാലപിള്ള അവർകൾ M. A. (സംസ്കൃതകാളേജ് പ്രിൻസിപ്പാൾ) ആണു്. പ്രചാരംകൊണ്ടു സർവസാധാരണമായി തീർന്നിട്ടുള്ള എന്റെ ചില ഭാഷാപ്രയോഗങ്ങൾ വ്യാകരണപടുവായ അദ്ദേഹത്തിന്റെ നിക്ഷ്പക്ഷബുദ്ധിക്കു് അരോചകമായിത്തോന്നിയവയെ അദ്ദേഹം തിരുത്തീട്ടുണ്ടു്. ആ തിരുത്തലുകൾക്കു ഞാൻ തലകുനിക്കുകയും അദ്ദേഹത്തോടു നന്ദിയുള്ളവനായിരിക്കുയും ചെയ്യുന്നു.

ഈ പുസ്തകം എത്രയും ഭംഗിയായും വേഗത്തിലും അച്ചടിച്ചു തന്ന തിരുവനന്തപുരം കേരളാപ്രസ്സുകാ

രോട് എനിക്കുള്ള കൃതജ്ഞതയും ഞാൻ പ്രകാശിപ്പിച്ചു കൊള്ളട്ടെ. മറെറാരു സംഗതിക്കുടി പ്രസ്താവ്യമായിട്ടുണ്ട്. ആശാന്റെ ചിത്രങ്ങളിൽ വച്ച് ഏറവും നന്നായിട്ടുള്ളതായി ഒരു ചിത്രത്തെപ്പററി ഞാൻ സ്മരണകളിൽ എടുത്തു പറഞ്ഞിട്ടുണ്ട്. ആ ചിത്രമാണ് ഇതിൽ ചേത്തിട്ടുള്ളത്. ഈ ബ്ലാക്ക് എനിക്കു കിട്ടിയതു ശാരദാമ്പുക്കുഡിപ്പോക്കാരുടെ സന്മനസ്സുകൊണ്ടത്രേ. അതിനും ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. തന്റെ ജീവചരിത്രസംക്ഷേപമായി കവിതന്നെ ഇംഗ്ലീഷിൽ എഴുതിയിട്ടുള്ള സാമാന്യം ദീർഘമായ ഒരു കുറിപ്പു് എന്റെ കൈവശം ഉള്ളതിൽ നിന്നും ചിലഭാഗങ്ങളും ബ്ലാക്കായി ഈ പുസ്തകത്തിൽ ചേർക്കണമെന്നു് ഉദ്ദേശിച്ചിരുന്നതാണു". അപ്രതീക്ഷിതമായ ചില അസൗകര്യങ്ങൾ നിമിത്തം ആ ഉദ്ദേശം സഫലമായില്ല. ഈ കുറവു വഴിപോലെ തീർത്തുകൊള്ളാമെന്നു കരുതുന്നു.

വലിയ ഭാഷാപാണ്ഡിത്യമുള്ള ഒരുവനാണ് ഞാനെന്ന അഭിമാനം എനിക്കില്ല. ആശാനെപ്പററി ചിലതെല്ലാം പറയുവാനുള്ളതുകൊണ്ടും അങ്ങനെ ചെയ്യുന്നതു് ആ മഹാകവിയോടു് എനിക്കുള്ള ഒരു കടമയാണെന്നു കരുതിയതിനാലും, ഭാഷാസാഹിത്യത്തിനു് അതു് ഉപകാരപ്രദമായിരിക്കുമെന്നു വിചാരിച്ചും മാത്രമാണ് ഞാൻ ഈ സ്മരണകൾ എഴുതിയിട്ടുള്ളതു്. പല സ്ഖലിതങ്ങളും ഇതിൽ

കടന്നു കൂടിയിരിക്കാം. അവയൊക്കെ വായനക്കാർ സഹിഷ്ണുതയോടെ വീക്ഷിക്കുമെന്നു പ്രത്യാശിച്ചുകൊണ്ട് എന്റെ ഈ ചെറിയ കൃതിയെ ഭാഷാപ്രണയികളുടെ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

കമലാലയം
തിരുവനന്തപുരം
6—12—1951.

ഗ്രന്ഥകർത്താവ്

സ്മരണകൾ

I

കുമാരനാശാന്റെ ജീവിത ദശയിൽ ഒടുവിലത്തെ ഒരു വ്യാഴവട്ടക്കാലം അദ്ദേഹവുമായി അടുത്ത സമ്പർക്കം പുലർത്തുവാനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചിരുന്നു. നാനാമുഖമായ ഒരു ജീവിതമാണു് ആശാൻ നയിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ ജീവിതമാകുന്ന കാവ്യത്തിലെ സ്ഥായിയായ ഭാവം സാഹിത്യ രസികതപമായിരുന്നു. അതുകൊണ്ടു് കൂടുതലും ഒരു സാഹിത്യകാരനെന്ന നിലയ്ക്കായിരിക്കും അദ്ദേഹത്തെപ്പറ്റിയുള്ള എന്റെ സ്മരണകളുടെ പോക്കു്. ഒരു സമുദായ സേവകൻ എന്ന നിലയിലും ദീർഘകാലത്തെ എസ്. എൻ. ഡി. പി. യോഗം ജനറൽ സെക്രട്ടറി എന്ന നിലയിലും അദ്ദേഹം ഒരു കർമ്മപടു ആയിരുന്നു. ഇതിനെപ്പറ്റി ഒന്നും ഞാൻ വിമർശിക്കണമെന്നു വിചാരിക്കുന്നില്ല. സാഹിത്യലോകത്തിനു് കവിയുടെ കവിതാരീതികളെ കൂടുതൽ പരിചയപ്പെടുത്തിക്കൊടുക്കണം എന്നാണു് എന്റെ ഉദ്ദേശ്യം. നേരിട്ടു് എന്റെ അനുഭവത്തിൽപ്പെട്ടിട്ടുള്ള സംഗതികൾ മാത്രമേ ഈ സ്മരണകളിൽ ചേർക്കണമെന്നു വിചാരിക്കുന്നുള്ളു. കവിതാഗുണത്തെ പ്രതിബിംബിപ്പിക്കാൻ ഉത

കുമെന്നുള്ള ചില വ്യക്തിമാഹാത്മ്യങ്ങളും ഞാൻ ഇതിൽ ഉൾപ്പെടുത്തുന്നുണ്ട്. എന്റെ സ്മൃതിമണ്ഡാരത്തിലെ അതിസുന്ദരങ്ങളും പരിപാവനങ്ങളുമായ നിക്ഷേപങ്ങളാണ് ഈ സ്മരണകൾ. അവ തിളങ്ങിത്തെളിയുന്ന രീതിക്ക് ഞാൻ ഇവിടെ മേൽക്കുകയാണ്.

ആശാനെ ഞാൻ ആദ്യമായിക്കാണുന്നതു് എസ്. എൻ. ഡി. പി. യോഗത്തിന്റെ പ്രാരംഭഘട്ടത്തിലെ ഒരു വാർഷികസമ്മേളനത്തോടടുപ്പിച്ചാണ്. ഞാൻ അന്നു് അല്പം വികൃതിത്തരമുള്ള ഒരു ബാലൻ മാത്രമായിരുന്നു. യോഗംവക റിക്കാർഡുകഠം പരിശോധിച്ചു് വാർഷിക സമ്മേളനത്തിനുമുൻപു് ഒരു ആഡിറ്റർ സർട്ടിഫിക്കറു കൊടുക്കേണ്ട ചുമതല എന്റെ അച്ഛനു് ഉണ്ടായിരുന്നു. അതിലേക്കായി യോഗം രജിസ്റ്ററുകഠം ഒരു ഗുമസ്തൻ വീട്ടിൽ കൊണ്ടുവരും. യോഗം സെക്രട്ടറി എന്ന നിലയിൽ ചിലപ്പോഴൊക്കെ കുമാരനാശാനും ഉണ്ടാവും. ഇങ്ങനെയുള്ള ഒരു സായാഹ്നസമയത്താണ് ഞാൻ അദ്ദേഹത്തെ ആദ്യം കണ്ടതു്. അദ്ദേഹത്തെ അന്നു് "ചിന്നസ്വാമി" എന്നു് എന്റെ അമ്മ പറയുന്നതു് ഞാൻ കേട്ടിട്ടുണ്ട്. ഡാക്ടർ പല്പു (മൈസൂർ) ഒരു ചെല്ലപ്പേരായി ആശാനെ ഇങ്ങനെ വിളിച്ചതാണെന്നും ഡാക്ടർജ്യേഷ്ഠനോടു് അടുത്ത ബന്ധമുള്ള കുടുംബാംഗങ്ങളുടെയിടയിലും അദ്ദേഹം ഈ പേരിലാണ് അറിയപ്പെട്ടിരുന്നതെന്നും ഞാൻ പിൽക്കാലത്തു മനസ്സിലാക്കി. പക്ഷേ ഇതൊന്നുമല്ല എന്റെ ശ്രദ്ധാ

യെ ആദ്യമായി ആകർഷിച്ചതു്. പശുവിൻ നെയ്യു് ദേഹത്തു പുരട്ടി ഒരു തോർത്തുമുട്ടത്തു് വരാന്തയിൽ അദ്ദേഹം ഉലാത്തുകയായിരുന്നു. നെയ്യു് ദേഹത്തു പുരട്ടുവാനുള്ള ഒരു സാധനമല്ലല്ലോ എന്ന പുച്ഛരസമാണു് എന്നിൽ ആദ്യം ഉണ്ടായതു്. ഈ വിവരം ഞാൻ അമ്മയോടു പറഞ്ഞപ്പോൾ അവർ എന്നെ ശാസിച്ചു. ഒരു ഭിഷഗ്വരന്റെ പുത്രിയായിരുന്ന എന്റെ മാതാവു് ഇതിൽ വിശേഷവിധിയായി ഒന്നുംതന്നെ കണ്ടില്ല. നല്ല എണ്ണകളെല്ലാം നെയ് ചേർത്തുണ്ടാക്കുന്നവയാണെന്നും പതിവായി തേയ്ക്കുന്ന എണ്ണ കിട്ടാതെവരുന്ന അവസരങ്ങളിൽ നെയ് തേയ്ക്കുക ഒരു സാധാരണ പതിവാണെന്നും അല്പം നീരസ സ്വരത്തിൽ അമ്മ എന്നെ താക്കീതുചെയ്തു. എന്തായാലും എന്റെ ബാലഹൃദയത്തിനു് ഇതൊരു സമാധാനമായിത്തോന്നിയില്ല. പതിവായിതേയ്ക്കുന്ന എണ്ണ കൊടുക്കാൻ ഇല്ലാഞ്ഞിട്ടു് അമ്മ പ്രയോഗിച്ച ഒരു സൂത്രമല്ലേ ഇതെന്നുകൂടി ഞാൻ സംശയിച്ചു. പിൽക്കാലങ്ങളിലും, ദേഹത്തും തലയിലും നെയ് പുരട്ടിക്കളിക്കുന്ന ഒരു വ്യത്യേക വ്യക്തിയായി ആശാനെപ്പറ്റി ഞാൻ വിചാരിക്കാതിരുന്നിട്ടില്ല. എനിക്കന്നു പുത്തരിയായിത്തോന്നിയിരുന്ന എന്നുള്ളതും പ്രഥമ സമ്പർക്കം എന്നതും മാത്രമാണു് ഈ സ്മരണയ്ക്കുള്ള പ്രാധാന്യം.

ആശാനെപ്പറ്റിയുള്ള ഏതു സ്മരണയിലും അദ്ദേഹത്തിന്റെ ഒരു ശരീരവർണ്ണന ഒഴിച്ചുകൂടുവാൻ പാടില്ലാത്തതാ

ണ്ട്. ഇതുകൊണ്ടുംകൂടിയാണ് ഞങ്ങടെ തമ്മിലുള്ള പ്രഥമ സമ്പർക്കത്തിനു്, അതു് അർഹിക്കുന്നില്ലെന്നു തോന്നാവുന്ന പ്രാധാന്യം ഞാൻ കല്പിച്ചതു്. 'ലക്ഷത്തിൽ ഒന്നു്' എന്നും മറ്റും സാധാരണ പറയാറുള്ള ഇനത്തിൽപ്പെട്ടയാളാണു് ആശാൻ. അദ്ദേഹത്തിനെ ഒരു നോക്കു കണ്ടവർ ജന്മാന്തരത്തിൽപോലും ആ രൂപം മറന്നുപോകയില്ല. സാമാന്യം ഉയരം; അഞ്ചടിഅഞ്ചിഞ്ചിൽ കവിയുമെന്നു തോന്നുന്നില്ല. സമൃദ്ധിരശരീരം. എല്ലാ അവയവങ്ങളും ഒന്നുപോലെ ബലിഷ്ഠം. രക്തപ്രകാശമുള്ള നിറം. തലയും കണ്ണുകളും എത്ര ആകർഷകമെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസം. തലയുടെ സാമാന്യത്തിൽ കൂടുതൽ വലിപ്പമുണ്ടു്. ഉരുണ്ടു് മേൽഭാഗം പരന്ന തല. ഞാൻ കാണുമ്പോൾത്തന്നെ കഷണ്ടിയുടെ സൂചനയുണ്ടു്. മുടി ചുരുണ്ടതാണു്. ദേഹത്തും ധാരാളം മുടിയുണ്ടു്. ചിരകാലത്തെ ധ്യാനശീലംകൊണ്ടു് തിളങ്ങുന്ന കണ്ണുകൾ. വലിയ കണ്ണുകളുമാണു്. അവയിൽ സദ്യം നിഴലിച്ച കാരുണ്യമോ എന്നു തോന്നിപ്പോകും. കൃഷ്ണമണിയും ഭസ്മക്കറിയും തൊട്ടുവരുന്ന അവസരത്തിലാണു് ആ മുഖത്തിന്റേയും കണ്ണുകളുടേയും ഐശ്വര്യം മുഴുവൻ തിളങ്ങിക്കാണുന്നതു്. മൂക്കിനു വലിപ്പമുണ്ടു്. പക്ഷേ കിളിമൂക്കല്ല; സ്വഭാവ ദാർഢ്യവും ഭ്രാതൃകമ്പയും വിളിച്ചുപറയുന്ന ഒരു മൂക്കാണെന്നു് സാമുദ്രിക ലക്ഷണക്കാർ പറയുമായിരിക്കാം. തുടുത്ത കവിളുകളും ബലമുള്ള താടിയെല്ലും; വിശാലമായ ഫാലപ്രദേശവും.

തലയും നെറ്റിയും കണ്ടാൽ പ്രതിഭാവിലാസത്തിന്റെ വിഹാരരംഗമെന്നു് ആക്ഷം തോന്നിപ്പോകും. ഉത്തമാംഗം എന്ന തലയ്ക്കുള്ള പദ്ധായം ആശാന്റെ തലയെ ഉദ്ദേശിച്ചു് സൃഷ്ടിച്ചതാണോ എന്നും തോന്നും. തലയ്ക്കുത്ത താണ കഴുത്തു്. കരഭശളം എന്ന പറയാവുള്ള കഴുത്തല്ല. ആ തലയെ താങ്ങുവാൻ ഇപ്രകാരമുള്ള ഒരു കഴുത്തുതന്നെ വേണം. കഴുത്തിന്റെ അളവിലുള്ള കാളർ വാങ്ങാൻ കിട്ടുകയില്ല. പതിനേഴരയോ പതിനെട്ടോ ഇഞ്ചാണു് അളവു്. ദേഹശക്തിയുടേയും ദൃഢനിശ്ചയത്തിന്റേയും ചിഹ്നമാണു് ആ കഴുത്തു്. വിരിഞ്ഞ മാറിടവും ശക്തിയുള്ള കൈകളുമാണദ്ദേഹത്തിനു് ഉണ്ടായിരുന്നതു്. കടവയറല്ലെങ്കിലും വലിയ വയറാണു്. അര ഒതുങ്ങിയതല്ല. ഈ ദേഹത്തിനൊത്ത ഉരുക്കുകളും പാളങ്ങളുംതന്നെ. ആകപ്പാടെ ദേഹശക്തിയുടെ മൂർത്തീകരണമെന്നു പറയാം. ഏതെങ്കിലും രീതിയിലുള്ള വ്യായാമം ഒരു ദിവസമെങ്കിലും ചെയ്യാതിരിക്കയില്ല. ജീവിതത്തിൽ ഒരു ദിവസമെങ്കിലും സുഖക്കേടായി കിടന്നതായിട്ടും കേട്ടിട്ടില്ല. അടുത്തടുത്തു് ജലദോഷം വരുമെന്നുമാത്രം. ദിനകൃത്യങ്ങൾ യഥാസമയം ചെയ്യുതീക്ഷ്ണമെന്നു് നിർബന്ധമുണ്ടു്. രാത്രി അധികനേരം ഉണർന്നിരിക്കാറില്ല. എപ്പോൾ ഉറങ്ങാൻ കിടന്നാലും വെളുപ്പാൻകാലത്തുതന്നെ എഴുന്നേല്ക്കും. മിതഭക്ഷണക്കാരനാണു്. ഭക്ഷ്യസാധനങ്ങടം നല്ലതായിരുന്നാൽകൊള്ളാമെന്നുണ്ടെങ്കിലും ഇന്നതുതന്നെ വേണമെന്നു് നിർബന്ധമില്ല. സസ്യഭോജിയാണു്. ഇന്ത്യയി

ലെ എല്ലാ സമുദായക്കാരുടേയും മതക്കാരുടേയും പാചക രീതികൾ അദ്ദേഹത്തിനു് മിക്കവാറും പരിചയമുള്ളവയായിരുന്നു. പലഹാരങ്ങൾ ഉണ്ടാക്കുവാൻ ചിലപ്പോൾ നിർദ്ദേശങ്ങളും കൊടുക്കും. അതിഥിസൽക്കാരത്തിൽ വളരെ താൽപര്യമാണു്. മിതവ്യയത്തിൽ നിർബന്ധവുമുണ്ടു്. വേഷവിധാനം ആഡംബരരഹിതമാണു്. വീട്ടിൽ വച്ചു് ഷർട്ടുതന്നെ ഇടുന്ന പതിവില്ല. വെളിയിൽപ്പോകുമ്പോൾ മുണ്ടും കോട്ടും നേര്യതുമാണു് ധരിക്കാറു്. ചിലപ്പോൾ ഒരു തൊപ്പിയും കാണും. നേരിയതു് പുളിയിലക്കരയൻ തന്നെയായിരിക്കും. അതു് തോളിൽ ലാത്തിയിടുകയാണു പതിവു്. പലപ്പോഴും തറയിൽ കിടന്നു് ഇഴയുന്നുണ്ടാവും. അതു് മറാരെങ്കിലും പറഞ്ഞുകൊടുക്കണം. മുണ്ടിന്റെ അഗ്രങ്ങളിൽ ധാരാളം പൊടിപുരളും. റോഡിന്റെ അരികിൽക്കൂടി നടക്കുന്നതാണിഷ്ടം. നടത്തയ്ക്കു് വലിയ വിശേഷമുണ്ടു്. ഇതു നിവർന്നു് തല ഉയർത്തി നടക്കുന്നവർ ചുരുക്കമാണു്. സിംഹഗമനം എന്നു് വേണമെങ്കിൽ പറയാം. ദ്രുതഗതിയിൽ നടക്കുകയോ വലിഞ്ഞിഴഞ്ഞുപോകുകയോ ചെയ്കയില്ല. ഏതിനും പോരുന്ന ഒരു വ്യക്തിവിശേഷമാണെന്നു് നടക്കുന്നതു കണ്ടാൽ ആർക്കും തോന്നും. അദ്ദേഹം കയറിവന്നാൽ ഏതു സദസ്സിനും അതൊരലങ്കാരമായിരിക്കും. ഉറച്ച ചിരിയാണു്. ഹൃദയം തുറന്ന ചിരി. ചിരിയിലും, വർത്തമാനത്തിലും, മറ്റു പ്രവൃത്തികളിലെന്നപോലെതന്നെ, കളങ്കമില്ലാ

ശവുമില്ല: ആകപ്പാടെ പ്രകൃതിയുടെ വിലാസം എപ്പോഴും നടമാടിക്കൊണ്ടിരിക്കുന്ന ഒരു മഹാപുരുഷൻ.

"പാരിലില്ല ഭയമെന്നുമേറെയു-
ണ്ടാരിലും കരുണയെന്നു; മേതിനും
പോരുമെന്നും....."

അരുളുന്ന ധിരമായ മുഖകാന്തിയാൽ അനുഗ്രഹിതൻ. ദിവാകരയോഗിയെപ്പറ്റി കവി ചെയ്തിട്ടുള്ള ഈ വർണ്ണന ഒരു സ്വപ്രകടനം കൂടെയാണ്. ഇതിനിടെ ആശാന്റെ പല ചിത്രങ്ങളും ഭാഷാപ്രണയികൾ കണ്ടിരിക്കും. ഇവയെല്ലാംതന്നെ കവിയുടെ ശരിയായ ഛായകളാണെന്നു പറയാം. എങ്കിലും ആ പട്ടും വളയും ധരിച്ച്, തിരുവനന്തപുരത്തുവച്ചെടുത്ത ഒരു ചിത്രത്തിലാണ്, പ്രതിഭാവിലാസവും ധ്യാനശീലവും ശരിയായിത്തെളിയിക്കുന്ന ആശാന്റെ മുഖശ്രീ നല്ലവണ്ണം പ്രതിഫലിച്ചുകാണുന്നതു്. ഈ ചിത്രം കാണുമ്പോൾ നാം ആശാനെത്തന്നെ കാണുന്നു.

ആശാനുമായുള്ള ആദ്യസമ്പർക്കത്തിനുശേഷം വർഷങ്ങൾ മൂന്നുനാലു കഴിഞ്ഞു. ഇതിനിടയ്ക്കു് ഞാൻ അദ്ദേഹത്തെ വല്ലപ്പോഴുമേ കണ്ടിരിക്കയുള്ളൂ. ഇക്കാലംകൊണ്ടു് വീണപൂവും നളിനിയും പ്രസിദ്ധപ്പെടുത്തുകഴിഞ്ഞിരുന്നു എന്നാണു് എന്റെ ഓർമ്മ. ഭാഷാകവിതയിൽ ഒരു പുതിയ പ്രസ്ഥാനം ഏർപ്പെടുത്തിയ ഒരു അനുഗ്രഹീത കവിയായി ആശാൻ പേരെടുത്തു കഴിഞ്ഞിരുന്നു. വീണപൂവും നളിനിയും വായിച്ചിട്ടില്ലാത്തവർ ഭാഷാഭിമാനി

കളുടെ ക്ലാസ്സിൽ അധികംപേരുണ്ടായിരുന്നിരിക്കയില്ല. എവിടെച്ചെന്നാലും ഇതു ചൊല്ലി രസിക്കുന്നതു കേൾക്കാം. അതിമനോഹരങ്ങളായ ചില ആത്മഗീതങ്ങളും ആയിടയ്ക്കാണെന്നു തോന്നുന്നു, ആശാൻ ഭാഷയ്ക്കു പ്രദാനംചെയ്തതു്. നിശാപ്രാർത്ഥന, പ്രഭാതപ്രാർത്ഥന, കുട്ടിയും തള്ളയും, അമ്പിളി, മിന്നാമിനുങ്ങ്, നിഷ്കപടതയോടു്, ഇവയെല്ലാം അതിൽ ഉൾപ്പെടുന്നു. പലരും വായിച്ചു പറഞ്ഞുതന്നാണു് ഈ കവിതകളിലെ സുന്ദരഭാവം ഞാൻ മനസ്സിലാക്കിയതു്. എനിക്കു് അത്രമാത്രമേ അന്നു് ഭാഷയിൽ പിടിയുണ്ടായിരുന്നുള്ളൂ. ഒടുവിൽ, കവിയെത്തന്നെ സമീപിക്കാമെന്നു് ഞാൻ തീരുമാനിച്ചു. അന്നു് അദ്ദേഹം താമസിച്ചിരുന്നതു് സ്റ്റാറ്റ്യൂറോഡിൽ, മാധവൻവൈദ്യന്റെ താമസസ്ഥലത്തായിരുന്നു. ഒരു ബന്ധുഗൃഹം എന്ന നിലയിൽ എനിക്കവിടെ സകല സ്വാതന്ത്ര്യവും ഉണ്ടു്. ആശാൻ അന്നു് യോഗകായ്ക്കങ്ങളിലും വ്യാപൃതനായിരുന്നു എങ്കിലും സന്ധ്യ കഴിഞ്ഞാൽ മിക്ക ദിവസങ്ങളിലും അദ്ദേഹത്തെ തനിച്ചുകിട്ടും. ഈ തക്കംനോക്കി അദ്ദേഹത്തെ ആക്രമിച്ചു് കവിതകൾ ചൊല്ലിക്കേൾക്കാൻ ഞാൻ സാഹസപ്പെട്ടു. പലപ്പോഴും അതു സാധിക്കുകയും ചെയ്തു. പ്രസിദ്ധീകൃതമായിട്ടില്ലാത്തതും അപൂർണ്ണനിലയിൽ കൈയെഴുത്തുപുസ്തകത്തിൽ ഉണ്ടായിരുന്നതുമായ രണ്ടു കൃതികൾ ഈയവസരത്തിൽ ഞാൻ പ്രത്യേകം ഓർമ്മിക്കുന്നുണ്ടു്. അതു് 'ഒരു വനയാത്ര'യും 'ചിന്താ

വിഷ്ടയായ സീത'യും ആകുന്നു. ഇതിൽ ആദ്യത്തേതു് അപൂർണ്ണനിലയിലും രണ്ടാമത്തേതു് പൂർത്തിയാക്കി പുസ്തകരൂപത്തിലും പിന്നീടു് പ്രസിദ്ധം ചെയ്തിട്ടുണ്ടു്. 'വനയാത്ര'യിലെ ശ്ലോകങ്ങൾ ആദ്യം കവിതന്നെ ചൊല്ലിക്കേട്ടപ്പോഠം എനിക്കുണ്ടായ ഹൃദയത്തുടിപ്പു് എത്രയെന്നു പറയാൻ പ്രയാസം. വസന്തതിലകത്തിലുള്ള ആ വനവർണ്ണന കേട്ടാൽ ആ കാട്ടകളുടെ ഇടയിൽക്കൂടി നാം സഞ്ചരിക്കുന്നതുപോലെ തോന്നും. "മേൽ മണൽപൊട്ടും നിഴൽപോലെ"യാണു് കവിയുടെ സ്മരണയിൽ ഈ വനയാത്ര സ്പുരിച്ചുയരുന്നതു്. "നോക്കുന്ന ദിക്കുകളിലൊക്കെ മഹാതരുക്കൾ" എന്നും "മയിൽ വട്ടമിട്ടും വനങ്ങൾ" എന്നും

> "നില്ക്കാമടുത്തിവിടെയാന മുളന്തടത്തിൽ,
> ഇക്കണ്ടവള്ളി മറയിൽ കടുവാ കിടക്കാം,
> അക്കായ്മോത്തടവിയിൽ പ്രണയം വിടുന്നി–
> ല്ലുഠക്കാമ്പു പേടിയറിയാ സുഖമേറിടുമ്പോൾ" എന്നും
>
> കാണാത്ത ഞങ്ങളുണ പൊട്ടിയപോൽ കിഴക്കു
> ചേണാർന്ന ചിന്തുമരുണാരുണകാന്തിപൂരം
> ക്ഷോണിതലം നിറവതും ഹിമശീകരങ്ങൾ
> മണികൃശോഭ തടവുന്നതുമൊട്ടു നേരം

എന്നും മറ്റും ആശാൻതന്നെ ചൊല്ലിക്കേട്ടപ്പോൾ അവാച്യമായ ഒരു നിർവൃതി ഉണ്ടായതായി എനിക്കു തോന്നി. തൂലികയും ചായവും കൊണ്ടുപോലും ഇതിനേക്കാഠം തെളി

യുന്ന ഒരു ചിത്രം വരയ്ക്കുവാൻ പ്രയാസമാണ്. ആശാന്റെ വർണ്ണനയുടെ പോക്ക് ഏതു് തരത്തിലാണെന്നു് ഒരു് അദ്യസൂചന മാത്രമാണിതു്. കുറേക്കൂടി കൈതെളിഞ്ഞു് നാടൻവൃത്തങ്ങളിലുള്ള സ്വാതന്ത്ര്യവും കൂടെ കൈവന്നപ്പോൾ ഈ വർണ്ണനാചാതുരി ഏതു പരകോടിയെ പ്രാപിച്ചു എന്നു് "ഒരവസ്ഥ" "ചണ്ഡാലഭിക്ഷുകി" "കരുണ" "ബുദ്ധചരിതം" മുതലായവയിലെ തുലികാചിത്രങ്ങൾ വേണ്ടുവോളം തെളിയിക്കുന്നുണ്ടു്. ആശാൻ തന്നെ സ്വന്തകവിതകൾ ചൊല്ലിക്കേട്ട ഓർമ്മ ഒരിക്കലും എന്നിൽ നിന്നു മാഞ്ഞുപോകുന്നതല്ല. അവ സുവർണ്ണസ്മൃതികളാണു്; ശാശ്വതസ്വത്തുക്കളാണു്. ഇതു സ്ഥൂലമായ കണ്ണുത്തിൽനിന്നും, ആ മൃദുസ്വനം ഒഴുകിയൊഴുകി വരുന്നതു് ആരെയും പുളകം കൊള്ളിക്കും. ഒരു ഗായകൻ ഇതു മധുരമായി പാടുകയില്ല. ഓരോ വരികൾ ചൊല്ലുമ്പോഴും നവോന്മേഷം ജ്വലിച്ചുകൊണ്ടിരിക്കും. ആശയത്തിനും ലയത്തിനും ഒത്ത ഫസ്റ്റുവിക്ഷേപങ്ങളും അപൂർവമല്ല. ആളു തന്നെ ഒന്നു മാറും. ഈ അവസരത്തിൽ കവി സ്വർഗ്ഗസീമയെയാണു് പ്രാപിക്കുന്നതു്. ചൊല്ലിക്കേട്ടാൽ മതി; അർത്ഥം താനേ വെളിവാകും. യഥാർത്ഥകവിത ഐശ്വരമാണെന്നുള്ളതിന്റെ അർത്ഥപൂർത്തി അപ്പോഴാണു തെളിയുന്നതു്. ആ മധുരസ്വനം—പരിപാവനമായ ആ സംഗീതം—എന്നെന്നേയ്ക്കും നിലച്ചുപോയല്ലോ. സ്വനഗ്രാഹിയിൽ ഇതിന്റെ ഒരു

പ്പേറു് എടുത്തിരുന്നെങ്കിൽ സാഹിത്യത്തിനും സംഗീതത്തിനുംഅതു് അപൂർവ്വമായ ഒരു നേട്ടമായിരുന്നേനേ. ശ്രീനാരായണഗുരുദേവൻപോലും ആശാന്റെ ഈ അപൂർവവാസനയെ പ്രകീർത്തിച്ചിട്ടുണ്ടു്. ശാരദാപ്രതിഷ്ഠാസമയത്തു് സ്വയംവിരചിതമായ ശാരദാസ്തവം ചൊല്ലിയപ്പോൾ "കുമാരന്റെ മുഖം നീ സൂക്ഷിച്ചിരുന്നോ" എന്നു തുപ്പാദങ്ങൾ എന്നോടു് ഒരിയ്ക്കൽ ചോദിക്കയുണ്ടായി. അതു കാണുവാനുള്ള ഭാഗ്യം എനിക്കുണ്ടായിരുന്നില്ല എന്നു ഞാൻ മറുപടി പറഞ്ഞപ്പോൾ തുപ്പാദങ്ങൾ അരുളിച്ചെയ്തു. "അതൊന്നു കാണേണ്ടതായിരുന്നു; അലൗകികമായ ഒരു മുഖകാന്തിയാണു് അപ്പോൾ അവനിൽ പ്രസരിച്ചിരുന്നതു്."

ഞാൻ മേൽ സൂചിപ്പിച്ച കാലത്തു് "ചിന്താവിഷ്ടയായ സീത" മുപ്പതോ നാല്പതോ ശ്ലോകങ്ങൾവരെ മാത്രമേ എത്തിയിട്ടുള്ളൂ. ഈ കവിതയുടെ മുഖവുര എന്ന നിലയിലും അതിന്റെ ആസ്വാദനത്തിനു സഹായകമായും, അതു വായിച്ചു കേൾക്കുന്നതിനു മുമ്പുതന്നെ കവി ചില വിശദീകരണങ്ങളും എനിക്കു നൽകീട്ടുണ്ടു്. ഇംഗ്ലീഷു് സാഹിത്യവുമായി അടുത്തു സമ്പർക്കം പുലർത്തുവാൻ തുടങ്ങിയിരുന്ന എനിക്കു് ആ വിശദീകരണം കേട്ടപ്പോൾ കവിയുടെ കവിതാവാസനയേയും കലാചാതുരിയേയും പറ്റി എതാണ്ടു മനസ്സിലായിത്തുടങ്ങി. പുരാണങ്ങളിലോ, കാളിദാസൻ ഭവഭൂതി മുതലായവരുടെ കാവ്യങ്ങളിലോ

സീതാദേവിയുടെ അന്തർലോനത്തെപ്പറ്റിയുള്ള പ്രതിപാദനം യുക്തിക്ക് അനുരൂപമായിരിക്കുന്നില്ല. സീതയെ ഭൂമിദേവിയുടെ പുത്രിയായോ ഒരവതാരമായോ കരുതേണ്ട ആവശ്യമില്ലെന്നായിരുന്നു കവിയുടെ വിവക്ഷ. ഭൂമി മാറിപിളർന്നുകൊടുത്തു്, ദേവിയെ ആവാഹിച്ച കഥ അതുകൊണ്ടു് യുക്തിയുക്തമല്ലാതായിത്തീരുന്നു. പിന്നെ സീതയുടെ അവസാനം എങ്ങനെ? ക്ഷാത്രവീര്യമുള്ള ഒരു രാജകുമാരി; അതും ജനകന്റെ പുത്രി; ലോകൈകവീരനായ ശ്രീരാമന്റെ ധർമ്മപത്നി; ഭർത്താവിനെത്തുടർന്നു വനവാസം വരിച്ച സതീരത്നം, രാക്ഷസരാജാവിനാൽ അപഹൃതയായിട്ടും അവിടെയും പാതിവ്രത്യം പാലിച്ച സാധ്വീമണി; അഗ്നിശുദ്ധിചെയ്തു് ഇതെല്ലാം പൗരസമക്ഷം തെളിയിച്ച മഹാമനസ്വിനി; മഹാറാണി; ഇപ്രകാരമുള്ള ഒരു അതിമാനുഷ പുണ്യഗർഭയായിരിക്കുമ്പോൾ ചതിപ്രയോഗത്താൽ കൊടുംകാട്ടിനു നടുവിൽ പരിത്യക്തയാകുന്നു. അവൾ എങ്ങനെ സഹിക്കും? ജീവിച്ചിരിക്കണമെന്ന ആശയേ ഇല്ല. മഹാമുനി വാല്മീകിയുടെ സമാശ്വാസം നിമിത്തം അവൾ ആശ്രമവാസിനിയായിത്തീർന്നു. ഇരട്ടപ്രസവിക്കുകയും വീരാഗ്രേസരന്മാരായ കുശലവന്മാർ വളർന്നു വരികയും ചെയ്തു: ആശ്രമനിഷ്കൃകൾ പരിശീലിച്ചു് സീതാദേവി തപസ്വിനിയായി നാളുകഴിച്ചുകൂട്ടുന്നു. പുത്രന്മാരെ പരിരക്ഷിച്ച രാമന്റെ കുലം നിലനിർത്തണമെന്നുള്ളതുമാത്രമാണു് അവളെ ജീവിതവുമായി ബന്ധിച്ചിരിക്കുന്ന

ആശാതന്നെ. ഇതിനിടയ്ക്ക് രാമൻ അവളെപ്പറ്റി ഒന്നന്വേഷിച്ചതായിട്ടുപോലും അറിവാകുന്നില്ല. അങ്ങനെ ഇരിക്കെ മ്പോഴാണ് അയോദ്ധ്യയിൽ അശ്വമേധയാഗത്തിനുള്ള ഒരുക്കങ്ങൾ. കുശലവന്മാരെയുംകൊണ്ട് മുനി അവിടേയ്ക്ക് യാത്രയാകുന്നു. ആ സദസ്സിൽ രാമായണം ചൊല്ലിക്കേൾക്കും. രാമനു് യാഥാർത്ഥ്യങ്ങളും മനസ്സിലാകും. സീതാദേവിയെ കൊട്ടാരത്തിലേയ്ക്ക് തിരിയെ ക്ഷണിക്കും. ക്ഷത്രിയ തേജസ്സുള്ള ആ സതീരത്നം എങ്ങനെ പോകും? പോകാതിരുന്നാൽ അതു പതിവ്രതാധർമ്മത്തിനു വിരുദ്ധമാകയില്ലേ? അതിവത്സലനാണെങ്കിലും രാമനെപ്പോലെ രാഷ്ട്രീയകല്ലോലങ്ങളുംക്കു വിധേയനായി കറങ്ങിത്തിരിയുന്ന ഒരു ഭർത്താവിനെ എങ്ങനെ വിശ്വസിക്കും? യാതൊരു കാരണവും കൂടാതെ, സ്നേഹലേശവുമില്ലാതെ, ഒരിക്കൽ പരിത്യജിക്കപ്പെട്ടതിൽനിന്നു് ഉദ്ഭൂതമായ മാനഹാനി ആ വീരരാജന്യ എങ്ങനെ സഹിക്കും? ഈ ധർമ്മസങ്കടമാണു് "ചിന്താവിഷ്ടയായ സീത"യിൽ വായനക്കാരുടെ മനസ്സിൽ വികാരതരംഗങ്ങൾ ഉളവാകത്തക്കവണ്ണം ആശാൻ പ്രതിപാദിക്കുന്നതു്. മനശ്ശാസ്ത്രബോധം, താർക്കികബുദ്ധി, കാവ്യമർമ്മജ്ഞത ഈ ഗുണങ്ങളുടെ അതിസൂക്ഷ്മതരങ്ങളായ പ്രതിഫലനങ്ങളാണു് ഈ കവിതയിൽ അനുഭവപ്പെടുന്നതു്. ഔചിത്യമാണു കവിതയുടെ ജീവൻ എന്നു് ആശാൻ ആവർത്തിച്ചു പറയാറുള്ള അലങ്കാരികമതം, മറ്റു കാവ്യങ്ങളിൽ നിന്നും ഉപരിയായി ഈ കവിതയിൽ പ്രദർശിതമാകുന്നില്ലേ എന്നും തോന്നിപ്പോകുന്നു.

പുരാണകഥകൾക്കും അതിൽ പ്രതിപാദിതമായ ഹിന്ദു സംസ്കാരത്തിനും ആണിക്കല്ലാണ് സീതാദേവി. അവളേക്കാൾ കമനീയമായ ഒരു സ്വഭാവസൃഷ്ടി ഏതെങ്കിലും സാഹിത്യത്തിലുണ്ടോ എന്നതന്നെ സംശയമാണ്. ആദർശപരയും ആരാധനാമൂർത്തിയുമായ ഈ സ്ത്രീരത്നം ഹിന്ദുക്കൾക്കെല്ലാർക്കും, വിശേഷിച്ചും സ്ത്രീലോകത്തിനു് ഒരു ശാശ്വത സ്വത്തായി പരിലസിക്കുന്നു. ഇങ്ങനെയുള്ള ഒരു മഹാവ്യക്തിയിൽനിന്നും ഉണ്ടാകുവാൻ പാടില്ലാത്ത ഒരു ചിന്താശകലമെങ്കിലും അവളിൽനിന്നു പ്രസ്തുത കാവ്യത്തിൽ സൂചിതമാകുകപോലുംചെയ്യുന്നില്ല. ദുഃഖാത്മകനാടകം (Tragedy) വൈപരീത്യമുള്ള ധർമ്മപ്രേരണകളുടെ സമ്മർദ്ദംമൂലം ഉളവാകുന്നതാണ്. ലോകസാഹിത്യവും ഇതുതന്നെയാണു തെളിയിച്ചിട്ടുള്ളതു്. ഈ ദുഃഖപര്യവസാനത്തിനു് വഴിതെളിക്കുന്ന ചിന്താസ്ഫുലിംഗങ്ങളാണ് സീതാദേവിയിൽ ആരാത്രി ജീവസ്ഫുരണം ചെയ്യുന്നതു്. എല്ലാം തീരുമാനിച്ചുറപ്പുന്നു. തന്റെ ജീവിത ധർമ്മം ആചരിച്ചു കഴിഞ്ഞു. തനിക്കിനി ലോകത്തിൽ സ്ഥാനമില്ല. അന്ത്യവിരാമത്തിനുള്ള മുഹൂർത്തം വന്നിരിക്കുന്നു. ജീവിതബന്ധം ഛേദിക്കുവാനുള്ള സുന്ദരമാർഗ്ഗവും സ്വായത്തമാണ്. യോഗം കൊണ്ടു തനുവിനെ ത്യജിയ്ക്കുക. എല്ലാവക്കും വിട വഴങ്ങുകയായി. ജീവിതത്തിൽ ക്ലൃപ്തകാലവും കാനനമദ്ധ്യത്തിലും പ്രകൃതിയുടെ അങ്കപ്രദേശത്തും സന്തോഷമായി കഴിച്ചുകൂട്ടിയ ആ പ്രകൃതിദേവത പ്രകൃതിവിലാസങ്ങളോടുതന്നെയും യാത്ര പറയുന്നു. രാജ

രാജേശ്വരനായി വത്തിക്കുന്ന തന്റെ പതിയെ ഒരു നോക്കു കാണണമെന്നുള്ള ഒറ്റ ആശ മാത്രമേ ആ ഭർതൃഭക്തയ്ക്ക് അവശേഷിക്കുന്നുള്ളൂ. അതു കഴിയുന്ന മാത്രയിൽ ആ സതി, ആ നിലയിൽ ഈ ലോകം വെടിയുന്നു. ഇതാണ് ചിന്താവിഷ്ടയായ സീതയിലെ മർമ്മം. ഇങ്ങനെ വിഭാവന ചെയ്യുന്നതിനും കാവ്യോപയുക്തങ്ങളായ വാദപ്രതിവാദങ്ങൾ ഉന്നയിക്കുന്നതിനും, ആരുടേയും ഹൃദയത്തെ ഇളക്കി മറിക്കുന്ന രീതിയിൽ പ്രതിപാദനം കൊണ്ടുപോകുന്നതിനും, അസാധാരണമായ കാവ്യകലാചാതുരി സ്വാധീനമായിരിക്കുതന്നെ വേണം. കവിയുടെതന്നെ വ്യാഖ്യാനത്തോടുകൂടി ഓരോ ശ്ലോകമായി ചൊല്ലിക്കേൾക്കാനുള്ള ഭാഗ്യം സിദ്ധിച്ചതു് ഇന്നും അസൂയാർഹമായ ഞാൻ കരുതുന്നു. ഭാഷാസാഹിത്യമർമ്മങ്ങളുടെ ഒരു സ്ഥലരൂപമെങ്കിലും എനിക്കു ലഭിച്ചതു് ഇതു മുഖേനയാണെന്നു നന്ദിപൂർവം ഞാൻ ഇന്നും സ്മരിച്ചുപോരുന്നു.

ശ്രീ നാരായണഗുരുദേവന്റെ ഷഷ്ട്യബ്ദപൂർത്തി മഹോത്സവസംബന്ധിച്ചാണ് ഞാൻ കവിയോടു് ഇതിലും കൂടുതൽ അടുക്കാനിടയായതു്. ഒരു വാളന്റിയർ ക്ലാർക്ക് എന്ന നിലയിൽ അന്നു ഞാൻ എന്റെ എളിയ സേവനം എസ്. എൻ. ഡി. പി-യോഗത്തിനു സമർപ്പിച്ചിരുന്നു. ഇതിനുള്ള പ്രേരണ കൂടുതലും ആശാനോടു് വ്യക്തിപരമായി എനിക്കുണ്ടായിരുന്ന സ്നേഹാദരങ്ങളാണ്. എപ്പോഴ

ത്തിൽ കാവ്യങ്ങൾ സാധിക്കുന്നതിനു് ആശാനുള്ള കർമ്മ കുശലത അന്നാണു് എനിക്കു പ്രത്യക്ഷപ്പെട്ടതു്. യോഗ ത്തിനു് അതേവരെ സ്വന്തമെന്നു പറയത്തക്ക ഒരു ആഫീ സുപോലും ഉണ്ടായിരുന്നില്ല. കുറ തീരുത്ത ഒരു കെട്ടിട ത്തോട്ടക്കുടി കൈതമുക്കിൽ ഒരു സ്ഥലം യോഗത്തിന്റെ പേരിൽ സമ്പാദിക്കുവാൻ ആശാനു കഴിഞ്ഞു. ഈ കെട്ടി ടത്തിന്റെ പണി പൂർത്തിയാക്കുന്ന ജോലി അതിസമർത്ഥ മായ രീതിയിലും തിട്ടക്കത്തിലും അദ്ദേഹം നിർവ്വഹിക്കു കയും ചെയ്തു. ഇതിലേയ്ക്കായി സമുദായാഭിമാനികളെ സം ഘടിപ്പിച്ചതും വേണ്ടിടത്തൊക്കെ ശുവണ്മെൻറിന്റെ ആനുകൂല്യങ്ങൾ കൈവരുത്തിയതും മറ്റും ആശാന്റെ സാമർത്ഥ്യം ഒന്നു കൊണ്ടെന്നു വേണം പറയുവാൻ. നാനാ മുഖങ്ങളായ പല ജോലികളും ആശാൻ ഒന്നിച്ചും വേഗ ത്തിലും ഭംഗിയായും ചെയ്തീക്കും. അഷ്ടാവധാനിതപം സ്വാധീനമാണോ എന്നു സംശയം തോന്നിപ്പോകും. ഇതി നിടയ്ക്കു സാഹിത്യചരിത്രമങ്ങളും തീരെ നിറുത്തി വച്ചി രുന്നില്ല. "ആരായുകിലന്ധതപമൊഴിച്ചു്" എന്നു തുടങ്ങുന്ന അതിസുന്ദരമായ ഗുരുസ്തോത്രം ആയിടയ്ക്കു് എഴുതിയ താണു്. ആശാന്റെ ചിത്രയോഗനിരൂപണത്തെപ്പറ്റി യുള്ള വാദസംരംഭവും ഇക്കാലത്താണു് ഇളകി വന്നതു്. ശ്രീ. ഉണ്ണിക്കൃഷ്ണൻ നായരുടെ പ്രത്യാഖ്യാനത്തിനു് സമു ചിതമായ ഒരു മറുപടി എഴുതുവാൻ ആശാനെ ഞങ്ങൾ സൊല്ലുചെയ്തു. ഇങ്ങനെ എഴുതിയതാണു് സാഹിത്യചരി ത്രപ്രസിദ്ധമായ ആ നിരൂപണം. അതു് ഒരു സായാഹ്നം

കൊണ്ടു നിഷ്പ്രയാസം എഴുതിത്തീർക്കുകയാണുണ്ടായതു്. ഓരോ താളായി എഴുതിത്തരികയും വായിച്ചു നോക്കിയ ശേഷം പ്രസ്സിൽ കൊടുക്കാൻ പറയുകയും ചെയ്തു. ഇന്ത്യാചരിത്രത്തെ സ്പർശിച്ചുള്ള ചില വസ്തുതകൾ ശരിതന്നെയോ എന്നു നോക്കിക്കൊള്ളുവാൻ എന്നോടു നിർദ്ദേശിക്കയും ഉണ്ടായി. ഭാഷാസാഹിത്യനിരൂപണത്തിന്റെ "ഹരീഃശ്രീ" ഞാൻ അന്നാണു പഠിക്കുന്നതു്. ആശാനു് ഇതു സംബന്ധിച്ചുള്ള അതിശഹനമായ വ്യവഹാരങ്ങൾപോലും വ്യക്തിസ്ഥമായിരുന്നു എന്നതന്നെ പറയാം. ഘൃണാക്ഷരന്യായേന ആശാൻ കവിത എഴുതുന്നതല്ലെന്നും, അതിനു വേണ്ട പാണ്ഡിത്യവും കാവ്യമർമ്മവിജ്ഞാനവും അതിനു സാധീനമായിരുന്നു എന്നും സാഹിത്യലോകം ഇപ്പോഴാണു് മനസ്സിലാക്കാൻ തുടങ്ങിയതെന്നു് എനിക്കു തോന്നുന്നു. മഹാകവി ഉള്ളൂർ, പ്രൊഫസർ നന്ത്യാരുവീട്ടിൽ പരമേശ്വരൻപിള്ള, ഏ. ആർ. രാജരാജവർമ്മതിരുമേനി ഇവരെല്ലാം ഈ നിരൂപണത്തെ മുക്തകണ്ഠം സ്തുതിച്ചുപറയുന്നതു ഞാൻ കേട്ടിട്ടുണ്ടു്. അക്കാലത്തുള്ള വേറൊരു കവിതയാണു് "ബാലരാമായണം" (ബാലകാണ്ഡം) ഇതിലെ ഒരു ശ്ലോകം ആശാൻ രചിച്ചതും, ചൊല്ലി രസിച്ചതും ഞാൻ ഇന്നും ഓർക്കുന്നു.

"ഭയ തോന്നും, ഭൂഭുസുതൻ തല താഴ്ത്തിയതോർക്കിൽ; ജാതിവൈരം പുലർത്തുന്ന ജനന്മാർക്കിതു പാഠമാം."
ഇതാണ് ആ ശ്ലോകം. പുതുതായി പണിതീർത്തയോഗം

കെട്ടിടത്തിന്റെ മേൽനിലയിൽ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തിക്കൊണ്ടും അവിടെ നടക്കുന്ന ചില പണികൾക്കു മേൽനോട്ടം ചെയ്തുകൊണ്ടുമാണ് ഇതും ഇതിനടുത്ത ഏതാനും പദ്യങ്ങളും എഴുതിത്തീർത്തത്. ആശാന്റെ കാവ്യരചനാരീതിയെപ്പറ്റി കൂട്ടത്തലായി എനിക്കു പറയുവാനുള്ളതു് മറ്റൊരിടത്തു പ്രതിപാദിച്ചുകൊള്ളാം. എവിടെയും ജാതിയെ എതിർക്കുന്നതിനു് അവസരം കിട്ടിയാൽ അതു് കവി സർവ്വോപരി ഉപയോഗപ്പെടുത്തും എന്നു മാത്രമേ ഇവിടെ സൂചനയുള്ളൂ.

ആശാന്റെ മറ്റൊരു സ്വഭാവവിശേഷത്തെപ്പറ്റി എനിക്കു് ഇവിടെ ഓർമ്മ വരുന്നു. ലൗകികകാര്യങ്ങളിൽ വേണ്ടത്ര തുല്യ ആശാൻഒരിക്കലും പ്രദർശിപ്പിച്ചിരുന്നില്ല. വസ്തുസാധാരണത്തിനുള്ള ഉപകരണങ്ങളും പേന കണ്ണട മുതലായവയും ആരെങ്കിലും എടുത്തു കൊടുക്കണം. താനേ എടുപിടിക്കുക എന്നതു സുസാധ്യമല്ലതന്നെ. ഓർമ്മ പ്രശകം സ്ഥലഭ്രമംപോലും പലപ്പോഴും വന്നു പോകും. ഷഷ്ട്യബ്ദപൂർത്തി സംബന്ധിച്ചുള്ള ക്ഷണക്കത്തുകളും, പ്രത്യേകിച്ചും ചില മാന്യവ്യക്തികൾക്കായുള്ളവ, നേരിട്ടു കൊടുക്കേണ്ടതാണെന്നു് ആശാൻ തീരുമാനിച്ചു. ഒരു കട്ടഞ്ചക്കാരന്റെ ഔചിത്യങ്ങളൊന്നും അദ്ദേഹം ഒരിക്കലും വിസ്മരിക്കുകയില്ല. ദിവാൻ കൃഷ്ണൻനായർ, ഉള്ളൂർ പരമേശ്വരയ്യർ, ഏ. ആർ. തിരുമേനി, ശങ്കരൻതമ്പി ഇവരൊക്കെ ആശാൻ തന്നെ നേരിട്ടുകാണാൻ തീരുമാനിച്ചവരുടെ കൂട്ടത്തിലാണു്. നാട്ടു

നടപ്പനുസരിച്ചും ആശാൻ പറഞ്ഞുതന്നപോലെയും ഈ ക്ഷണക്കത്തുക്കൾക്ക് ഞാൻ മേൽവിലാസം എഴുതിവച്ചു. കത്തുകളുംകൊണ്ട് അദ്ദേഹംതന്നെ പുറപ്പെട്ടു. ഒന്നോ രണ്ടോ മണിക്കൂറിനു ശേഷമാണ് മടങ്ങിവന്നതു്. വന്നപ്പോഴേതന്നെ "ഉദ്ദ്യേശിച്ചതിനാണുപോയതു്. വണ്ടിക്കൂലി നഷ്ടമായി" എന്നു നിരാശയോടെ പറയുകയും ചെയ്തു. ഏ. ആർ. തിരുമേനിയെ മാത്രമേ കാണാൻ സാധിച്ചുള്ളു എന്നു പറഞ്ഞു് പോക്കറ്റിൽ സൂക്ഷിച്ചിരുന്ന ബാക്കി എഴുത്തുകൾ മേശമേൽ എടുത്തുവച്ചു. അവ പരിശോധിച്ചപ്പോൾ ഏ. ആർ. തിരുമേനിക്കുള്ളതു് അതിൽ ഉണ്ടായിരുന്നതായി കണ്ടു. ശങ്കരൻ തമ്പിയുടെ പേക്കുള്ളതു് ആയിരുന്നു കാണാതിരുന്നതു്. ആ കത്താണ് ഏ. ആർ. തിരുമേനിക്കു കൊടുത്തതെന്നു് അനുമാനിക്കാതെ തരമില്ലല്ലോ. "തിരുമേനിതന്നല്ലോ തെറ്റിദ്ധരിക്കുകയില്ല" എന്നു് ആശാൻ സ്വയം സമാധാനിച്ചു. ഞങ്ങൾക്കു ചിരി പൊട്ടുന്നുണ്ടായിരുന്നു. "ഒരെഴുത്തേ കൊടുത്തുള്ളൂ എങ്കിലും അതു ശരിയായിത്തന്നെ കൊടുത്തു എന്നായിരിക്കും നിങ്ങൾ ചിരിക്കുന്നതു്. ചിരിക്കാൻ അറിയുണ്ടു; വേണ്ടപോലെ ചിരിച്ചോളൂ" എന്നു പറഞ്ഞു് അദ്ദേഹവും വളരെ നേരം പൊട്ടിച്ചിരിച്ചു. നേരംപോക്കു തന്നെപ്പറ്റിയായിരുന്നാലും അതിൽ പങ്കുകൊള്ളുവാൻ ആശാൻ ഒരിക്കലും മടിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ സമചിത്തത അതു് ആരോഗ്യകരമായിരുന്നു. സങ്കുചിതമായ അഭിമാനചിന്തകൾ അദ്ദേഹത്തെ സ്പർശിച്ചിരുന്നതുപോലുമില്ല.

ഷഷ്ട്യബ്ദപൂർത്തി മഹോത്സവം വളരെ മോടിയായി കഴിഞ്ഞുകൂടി. അതിനെപ്പറ്റി കൂടുതൽ പറയുന്നതു് ഇവിടെ അപ്രകൃതമായിരിക്കും. എസ്. എൻ. ഡി. പി. യോഗവുമായുള്ള ബന്ധം വിടർത്തുന്നതിനുമുമ്പുള്ള ആശാന്റെ ഒരു വലിയ നേട്ടമാണിതു്. യോഗത്തിനു് ഒരു സ്ഥലവും കെട്ടിടവും ഉണ്ടാക്കിക്കൊടുക്കുകയും അതു് സ്വാമിതൃപ്പാദങ്ങളുടെ ഷഷ്ട്യബ്ദപൂർത്തി സ്മാരകമായി സ്ഥാപിക്കുകയും ചെയ്തു. പണപ്പുരിവിനും മറ്റും വിഷമമുള്ള അക്കാലത്തു് ഇതൊരു ശ്ലാഘനീയമായിരുന്നു എന്നതുതന്നെ പറയണം. ആശാന്റെ സമുദായാഭിമാനത്തിനും ഉത്സാഹശക്തിക്കും കർമ്മകുശലതയ്ക്കും ഇതു് ഒരു യശഃസ്തംഭമായി എന്നും പ്രശോഭിയ്ക്കും.

ആശാന്റെ ജീവിതചരിത്രത്തിലെ അതിപ്രധാനമായ ഒരു ഘട്ടത്തെയാണു് നാം ഇനി സമീപിക്കുന്നതു്. ഇതുവരെയുള്ള വിദ്യാസമ്പാദനത്തിനായി പരദേശങ്ങളിൽ സഞ്ചരിച്ച ഒരു ബ്രഹ്മചാരിയായും പിന്നീടു് സ്വാമിതൃപ്പാദങ്ങളുടെ ഒരു പ്രമുഖശിഷ്യനായും പിൽക്കാലങ്ങളിൽ എസ്. എൻ. ഡി. പി. സ്ഥാപകന്മാരിൽ ഒരാളെന്ന നിലയിലും, അതിന്റെ ചിരകാലത്തെ പ്രധാന മുതലക്കാരനായും, വിവേകോദയത്തിന്റെ പ്രശസ്തനായ പത്രാധിപരായും അദ്ദേഹം വർത്തിച്ചിരുന്ന. എസ്. എൻ. ഡി. പി. യോഗംമുഖേന രാജഗോപാലാചാരി, കൃഷ്ണനായർ എന്നീ അനുഭാവസമ്പന്നന്മാരായ ഭരണപടക്കളുടെ ഗവ

ബന്ധനുമായി ഉറ്റ സമ്പർക്കത്തിലേർപ്പെടുകയും നാനാത്രപ
ങ്ങളായ പല സൗജന്യങ്ങളും സമുദായത്തിനു് അദ്ദേഹം
സമ്പാദിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ടു്. അക്കാലത്തെ
സമുദായചരിത്രം പ്രായേണ ആശാന്റെയും ജീവചരിത്ര
മായിരുന്നുവെന്നതന്നെപറയണം. ജാതികൊണ്ടുള്ള അ
സ്വാതന്ത്ര്യങ്ങളെ ദൂരീകരിക്കുന്നതിലും സമുദായാംഗങ്ങ
ൾക്കു വിദ്യാഭ്യാസാനുകൂല്യങ്ങളും സർക്കാരുദ്യോഗങ്ങളും സ
മ്പാദിച്ചുകൊടുക്കുന്നതിലും ആശാൻ ചെയ്തിട്ടുള്ളത്ര ശ്രമം
മറ്റൊല്ലാ സമുദായനേതാക്കന്മാരുംകൂടി ഇതേവരെ ചെയ്തി
ട്ടുണ്ടോഎന്നസംശയമാണു്. ആശന്റെ നേതൃത്വംപോലെ
സർവ്വസമ്മതമായ ഒരു സമുദായനേതൃത്വം ഇന്നുവരെ ഉണ്ടാ
യിട്ടുമില്ല. അസൂയാലുക്കളെ ഏതു നേതാവിനും എന്നും
എവിടെയും നേരിടേണ്ടതായിവരും. ഇതിനെപ്പറ്റിയൊ
ക്കെ മനസ്സിരുത്തിയും സത്യധർമ്മങ്ങളെ മുൻനിറുത്തിയും
രചിച്ചിട്ടുള്ള ഒരു ആത്മഗീതമാണു് "ഗ്രാമവൃക്ഷത്തിലെ
കുയിൽ". ആശാന്റെ സമുദായസേവനത്തെപ്പറ്റിയും അ
തിനെ സംബന്ധിച്ചുണ്ടായിട്ടുള്ള ദുർവ്യാഖ്യാനങ്ങൾക്കു മറുപ
ടിയായും അതുവരെയുള്ള ആശാന്റെ ജീവിതത്തിനുത
ന്നെ ഒരു ഭാഷ്യമെന്ന നിലയിലും ഈ കാവ്യരത്നം പ്രശോ
ഭിക്കുന്നു. ആശാന്റെ സ്വഭാവത്തേയും സമുദായപ്രവർത്ത
നത്തേയും പുരസ്കരിച്ചു് ഉണ്ടാകാവുന്ന ഏതു ദുർവ്യാഖ്യാ
നത്തിനും അർഹം തൃപ്തികരമായുള്ള സാധുകരണങ്ങളും
മറുപടിയും ഈ കവിതയിൽ അന്തർലീനമായിട്ടുണ്ടു്.
ആശാനെക്കുറിച്ചു ശരിയായി മനസ്സിലാക്കണമെന്നുള്ളവർ

ഈ കൃതി ആവർത്തിച്ചാവർത്തിച്ചു പാരായണം ചെയ്യേണ്ട താകുന്നു. അതുവരെയുള്ള സമുദായചരിത്രത്തിന്റെ സൂക്ഷ്മ രൂപവും അതിൽ രേഖാങ്കിതമായിട്ടുണ്ട്. കവിതയായി മാത്രം നോക്കിയാലും ഉത്തമമായൊരു കൃതിതന്നെയാണതു് ഇതിലെ അന്യാപദേശരൂപത്തിലുള്ള പ്രതിപാദനരീതി, വിഷയത്തിനു് ഏറ്റവും പറ്റിയവിധത്തിലാണു്. തന്നെയും ബാഹ്യലോകത്തിനു് അതീതമായ തന്റെ വാസനകളേയും പറ്റി താൻതന്നെ അഭിമാനം കൊള്ളുന്നതു നോക്കുക:

"ആശാന്തരീക്ഷ ജലദ ഗ്രഹ താരചക്ര-
മീശാഹ്ലിരാഗമൊട്ട പാത്തുരമിപ്പവൻ നീ"

ആത്മശാന്തിക്കുമാത്രമാണു് ഈ കവിത എഴുതിയിട്ടുള്ളതെന്നു് ആശാനെ അറിഞ്ഞവർക്കറിയാം. തന്നിൽത്തന്നെ ലയിച്ചു് ആത്മശാന്തി സംസിദ്ധമാക്കുക എന്നുള്ളതു് ആശാന്റെ കവിതാപ്രമായ ഒരു മോഹനോപായമാണു്. ആത്മഗീതങ്ങളുടെ പ്രതിപാദനത്തിൽ ഇതിനെപ്പറ്റി അല്പംകൂടി വിസ്തരിച്ചുപറയാമെന്നു കരുതുന്നു.

ഇതേവരെ ശീലിച്ചുപഴകിയിട്ടുള്ള ജീവിതരീതി ആശാനു് അധികം താമസിയാതെതന്നെ പാടേ മാറേണ്ടതായിവന്നുകൂടി. മാനസികമായ ഒരു മഹായുദ്ധം ഈ തീരുമാനത്തിനു മുൻപു തന്നിൽ നടത്തിയിരുന്നിരിക്കണം. സമുദായസേവനത്തിനു മാത്രമുള്ള കാലം അവസാനിച്ചു

എന്നും സമുദായസേവനംകൊണ്ടു നേടാവുന്നതെല്ലാംതന്നെ സമുദായത്തിനു നേടിക്കൊടുത്തുപെന്നും ആശാൻ വ്യവഹരിച്ചിരുന്നു. എസ്. എൻ. ഡി. പി.യോഗവാർഷിക സമ്മേളനങ്ങളിൽ അടുത്തകാലത്തു് പൊങ്ങിക്കൊണ്ടിരുന്ന അപശബ്ദങ്ങളും, വ്യക്തിവിദ്വേഷം അസൂയ മുതലായവയാൽ പ്രേരിതരായ ഏതാനും സ്വാർത്ഥമതികളുടെ അപവാദശരങ്ങളും ഈ തീരുമാനത്തെ തപരിപ്പിച്ചിരിക്കാം.

"വേഷം മറച്ചു ചലടത്തുമഹോ നടന്നി–
പ്പാഷണ്ഡരീശഭയവും നയവും പെടാത്തോർ"

എന്നിങ്ങനെയുള്ള ഉപാലംഭം ഇക്കൂട്ടരെ ഉദ്ദേശിച്ചാണു്. എന്തായാലും തീരുമാനം എടുത്തുകഴിഞ്ഞു. ഗൗഡസ്ഥാരുമത്തിൽപ്രവേശിച്ചകളയാം എന്നതന്നെയായിരുന്നു ആ തീരുമാനം. അതേ പ്പറ്റിഗ്രണദോഷനിരൂപണം ചെയ്യുവാൻതന്നെയും മറാക്കും അവകാശമുണ്ടെന്നു തോന്നുന്നില്ല. ഇതു സംബന്ധിച്ചു അവസാനവിധികല്പിക്കേണ്ടതു് ആശാൻതന്നെയാണു്. ഒരു താക്കികശിരോമണി എന്ന നിലയിലായാലും ക്രാന്തദർശിയായ തത്ത്വശാസ്ത്രവിചക്ഷണൻ എന്നനിലയിലായാലും ഇതിനുള്ള യോഗ്യതയും പ്രാപ്തിയും അദ്ദേഹത്തെപ്പോലെ മറാക്കും ഉണ്ടാകയില്ലതന്നെ. അദ്ദേഹത്തിന്റെ സുചിന്തിതമായ ഈ തീരുമാനത്തെ ആദരം അർഹിക്കുതന്നെവേണം. ഒരു നിശ്ചയത്തിൽ എത്തിക്കഴിഞ്ഞാൽ അതു നടപ്പിൽവരുത്താൻ അമാന്തി

ക്കുന്നതുൾ ആശാനല്ല. എസ്. എൻ. ഡി. പി. യോഗ
ക്കെട്ടിടത്തിനു് അധികംഅകലെയല്ലാതെ'ശീവേലി'എന്ന
സ്ഥലത്തു് ഒരു പെറിയ കെട്ടിടത്തോട്ടക്കുടിയ പുരയിടം
അദ്ദേഹം സമ്പാദിച്ചു. അവിടെ താമസവും ഉറപ്പിച്ചു.
യോഗം സെക്രട്ടറിസ്ഥാനം അട്ടത്തുതന്നെ ഉപേക്ഷിക്ക
കയുംചെയ്തു. ഇക്കാലത്താണു് ഞാൻ ആശാനോടൊന്നിച്ചു്
മേൽപ്പറഞ്ഞവീട്ടിൽ താമസം തുടങ്ങിയതു്. എന്നോടുക്കുടി
ശ്രീ. അയ്യപ്പനും(സഹോദരൻ) ഉണ്ടായിരുന്നു. സഹോദ
ന്മാരും സമത്ഥന്മാരുമായ ചെറുപ്പക്കാരിൽ ആശാനുണ്ടായി
രുന്ന ഒരഭിമാനം ചില്ലറയൊന്നുമായിരുന്നില്ല. ധർമ്മധീരനും
കശാഗ്രബുദ്ധിയും സമുദായത്തിന്റെ ഒരു അഭിമാനസ്തം
ഭമായിത്തീരുവാനുള്ള എല്ലാക്കഴിവുകളും തികഞ്ഞ ഒരു
ചെറുപ്പക്കാരനുമായാണു് ശ്രീ. അയ്യപ്പനെ ആശാൻ കരുതി
വന്നതു്. ഇങ്ങനെയുള്ള ഒരനുഭാവബന്ധംകൂടി ഉണ്ടായിരുന്ന
തുകൊണ്ടാണു് ശ്രീ അയ്യപ്പൻ ഞങ്ങളോടൊത്തു താമസി
ക്കാൻ വന്നതു്. രാത്രികാലങ്ങളിൽ മിക്കപ്പോഴും കവിതാ
പാരായണംകൊണ്ടു് ഞങ്ങൾ കഴിച്ചുകൂട്ടും. ആശാന്റെ അ
സാന്നിധ്യത്തിൽ പഴയകൈയ്യെഴുത്തു പ്രതികൾ ഞങ്ങൾ
കട്ടുവായിക്കും. കവിക്കു് ഇതിൽ പ്രതിഷേധമില്ലെന്നു് അട്ട
ത്തകാലത്തുതന്നെ ഞങ്ങൾ മനസ്സിലാക്കി. പലപ്പോഴും ക
വിതന്നെ കവിതകൾ ഞങ്ങളെ ചൊല്ലിക്കേൾപ്പിക്കും. ശ്രീ.
അയ്യപ്പനും ആശാനുംകൂടി രഘുവംശം ആദ്യത്തെ മൂന്നു സ
ർഗ്ഗം മൂലഗ്രന്ഥത്തിൽ നിന്നു് എനിക്കു് അല്പാല്പം പറഞ്ഞുത
രികയും പതിവായിരുന്നു. ആസ്വാദ്യമായ മറ്റൊന്നുംതന്നെ

ഇല്ലെന്നു് എനിക്കു തോന്നിപ്പോയി. അദ്ധ്യയനരീതി അതു കണ്ടു വിജ്ഞാനപ്രദവും രസാവഹവും ആയിരുന്നു. ഇതിന്റെ സ്മരണകൾ പൂർണ്ണചന്ദ്രനെപ്പോലെ എന്റെ ഹൃദയാകാശത്തിൽ തിളങ്ങിക്കൊണ്ടിരിക്കുന്നു. സംസ്കൃതത്തിൽനിന്നു ധർമ്മദ്യോതകമായ പലപദ്യങ്ങളും ആശാൻ അക്കാലത്തു് പറഞ്ഞുതന്നിട്ടുണ്ടു്. അദ്ദേഹത്തിന്റെ വാസനയുടെ മാഹാത്മ്യവും സംസ്കൃതസാഹിത്യത്തോടു് അദ്ദേഹത്തിനുണ്ടായിരുന്ന അടുത്ത ബന്ധവും അപ്പോഴാണു് ഞാൻ മനസ്സിലാക്കുന്നതു്.

'വസുധൈവ കുടുംബകം'
'ധർമ്മസ്യ തത്ത്വം നിഹിതം ഗുഹായാം'
'മഹാജനോ യേന ഗതഃ സ പന്ഥാഃ'
'ആത്മവത് സർവ്വഭൂതാനി'
'ലോകാഃ സമസ്താഃ സുഖിനോ ഭവന്തു'
'അഹിംസാ പരമോ ധർമ്മഃ'
'പരോപകാരാർത്ഥമിദം ശരീരം'
'ന്യായ്യാത് പഥഃ പ്രവിചലന്തി പദം ന ധീരാഃ'

എന്നും മറ്റുമുള്ള വിശ്വവ്യാപകമായ ധർമ്മതത്ത്വങ്ങൾ അദ്ദേഹമാണു് വ്യാഖ്യാനസഹിതം എനിക്കു പരിചയപ്പെടുത്തിത്തന്നതു്. എന്റെ വിജ്ഞാനനിധിയുടെ അമൂല്യസമ്പത്തുക്കളായി ഈ ധർമ്മസൂക്തങ്ങളെ ഞാൻ ഇന്നും അഭിമാനപൂർവ്വം സൂക്ഷിച്ചുപോരുന്നു.

II

ആശാൻ തന്റെ സഹധർമ്മിണിയായി തിരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്ന കന്യക എന്റെ കനിഷ്ഠസഹോ

ഭരിയാണെന്ന വാത്ത ഞാൻ ശ്രീ അയ്യപ്പനിൽ നിന്നാണു് അറിയുന്നതു്. എന്റെ അച്ഛനമ്മമാരും ആശാൻ: തന്നെയും ഈ സംഗതി എന്തിനാണു് എന്നിൽ നിന്നു തൽകാലം ഒളിച്ചുവച്ചതെന്നു ശരിയായി അനുമാനിക്കാൻ എനിക്കിതുവരെ കഴിഞ്ഞിട്ടില്ല. എന്തായാലും ഈ വാത്ത കേട്ടമാത്രയിൽ നിയന്ത്രിക്കാൻ കഴിയാത്ത ഒരു മനഃക്ഷോഭമാണു് എനിക്കുണ്ടായതു്. ഈ വികാരത്തെ ഞാൻ സൂക്ഷ്മമായി അപഗ്രഥനം ചെയ്യുന്നോക്കാതിരുന്നില്ല. ആശാൻ സാഹിതിലോകത്തിനും ജനസമുദായത്തിനു പൊതുവേയും ഒരു ശാശ്വതസ്വത്താണെന്നും, അദ്ദേഹം ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കുന്നതു് ഈ രണ്ടിന്റെയും നേർക്കു ചെയ്യുന്ന ഒരു മഹാപരാധമാണെന്നും ഞാൻ വിധി കല്പിച്ചു. എന്റെ ഈ ആശയഗതി മാതാപിതാക്കന്മാരെയും ശ്രീ അയ്യപ്പനെയും ഞാൻ അറിയിച്ചിരിക്കണം. എന്റെ ഈ വിരുദ്ധാനിലയെപ്പറ്റി ആശാൻ അറിഞ്ഞും കഴിഞ്ഞു. ഞങ്ങൾ രണ്ടാളും മാത്രമുള്ള ഒരവസരത്തിൽ ഇതിനെപ്പറ്റി ഒരു സംവാദം തുടങ്ങി. എന്റെ ക്ഷോഭഭാവം അപ്പോഴും നിലച്ചിരുന്നില്ല. അദ്ദേഹം ക്ഷോഭരഹിതനായി ശാന്തനായി നിലകൊണ്ടു. എന്റെ വാദമുഖങ്ങളെ ഒന്നൊന്നായി ഖണ്ഡിച്ചു് ക്ഷണനേരംകൊണ്ടു് എന്നെ പരാജയപ്പെട്ടത്തിയെന്നു പറഞ്ഞാൽ മതിയല്ലോ. അദ്ദേഹത്തിന്റെ വാദഗതി ഇപ്രകാരം സംഗ്രഹിക്കാം:-"എന്റെ ജീവിതം എന്റെ വകയാണു്. മറ്റുള്ളവർക്കു് ഉപദ്രവകരമല്ലാത്ത

രീതിയിൽ എന്റെ ഉത്തമതാൽപര്യങ്ങളെ പരിരക്ഷിക്കാനും എല്ലാ കഴിവുകളെയും വികസിപ്പിച്ച് ഒരു പൂർണ്ണ ജീവിതം നയിക്കാനുമുള്ള അവകാശം എനിക്കുണ്ട്. അതിനെ നിങ്ങൾ തടയുന്നതു് ധർമ്മമോ ബുദ്ധിയോ ആയിരിക്കുമോ?" അദ്ദേഹത്തിന്റെ ഗാർഹസ്ഥ്യജീവിതം കൈരളിക്കു തീരാനഷ്ടമായി പരിണമിച്ചേക്കും എന്നുള്ള എന്റെ വാദത്തിനും അദ്ദേഹം സമാധാനം പറഞ്ഞു:— "വൈവാഹികജീവിതംകൊണ്ടു് എന്റെ കവിതാവാസനകൾക്കു് പരിപുഷ്ടിമാത്രമേ ഉണ്ടാകുകയുള്ളൂ. ജീവിതത്തിന്റെ ആവശ്യം ഞാൻ കണ്ടിട്ടുള്ളതല്ല. ഉത്തമനായ ഒരു കവിയായിരിക്കണമെങ്കിൽ ജീവിതത്തിലെ എല്ലാവശങ്ങളും അനുഭവപ്പെട്ടിരിക്കണം. വിവാഹിതന്മാർ ആരും ഇതുവരെ നല്ല കവിത എഴുതീട്ടില്ലെന്നു നിങ്ങൾ വാദിക്കുമെങ്കിൽ അതു് സാഹിത്യചരിത്രത്തിനു കൗതുകവിരുദ്ധമായ ഒരു സാഹസമായിരിക്കും. ഗൃഹസ്ഥാശ്രമികളിൽ നിന്നാണു ലോകോത്തരങ്ങളായ കാവ്യങ്ങൾ ഉണ്ടായിട്ടുള്ളതെന്നു് ഓർമ്മിക്കണം. എന്റെ കവിത ഇനിമേലാണു് പ്രവഹിക്കാൻ പോകുന്നതു്. അതു നിങ്ങൾ നോക്കിക്കൊള്ളുക."

ഞാൻ ഉന്നയിച്ച മറെറാരു തടസ്സം ആശാനും വധൂവരന്മാർ തമ്മിൽ പ്രായത്തിനുള്ള അന്തരമാണു്. ഇതിനും അദ്ദേഹം തൃപ്തികരമായ മറുപടി പറഞ്ഞു. "നവയൗവനം കഴിഞ്ഞു് ഒന്നോ രണ്ടോ പ്രസവിക്കുമ്പോൾ സാധാരണമായി സ്ത്രീകൾക്കു പ്രായം ഏറെ തോന്നിക്കും. നാല്പത്തഞ്ചിനു താഴെയുള്ള ഈ പ്രായം ഒരു വയസ്സായി ഞാൻ കരുതുന്ന

തേയില്ല. ജാതകത്തിലല്ല വയസ്സിരിക്കുന്നത്. എന്റെ ആരോഗ്യവും ശരീരശക്തിയും അനന്യസാധാരണമാണെന്നതൊൻ അഭിമാനിക്കുന്നു. ഈ ക്രൂര വീട്ട് ജീവൻ പോകുന്നതു് എങ്ങനെയെന്നുപോലും എനിക്കു ചലപ്പോഴും അദ്ഭുതം തോന്നാതിരുന്നിട്ടില്ല. എതുകൊണ്ടും വയോവ്യത്യാസം കണക്കാക്കേണ്ട ഒരാക്ഷേപമായി ഞാൻ കരുതുന്നില്ല. വേറേ എന്തെങ്കിലും ആക്ഷേപമുണ്ടോ?" എന്നു ചോദിച്ചതിനു ഞാൻ മൗനം അവലംബിച്ചതേയുള്ളു. യുക്തിവാദത്തിൽ ഞാൻ ഇങ്ങനെ പരാജിതനായെങ്കിലും ഈ വിവാഹത്തിനു് എന്റെ ഹൃദയത്തിന്റെ പൂർണ്ണാനുമതി ഉണ്ടായിരുന്നതായി ഞാൻ ഇന്നും വിചാരിക്കുന്നില്ല. അധികകാലം കഴിയുന്നതിനുമുമ്പു് വളരെ ഒതുങ്ങിയ തോതിലും ശബ്ദം ഒന്നുംതന്നെ ഉണ്ടാക്കാതെയും വിവാഹം അങ്ങു കഴിഞ്ഞു. ചിരകാലത്തെ ബ്രഹ്മചര്യം പോറ്റിവന്ന കുമാരനാശാൻ ഗൃഹസ്ഥാശ്രമിയായി രൂപാന്തരപ്പെട്ടു. ആശാന്റെ കവിതാനിർമ്മാണത്തിലും പൊതുജനസേവനത്തിലും അതിപ്രധാനമായ ഒരു വ്യതിയാനമാണു് ഇതു കൊണ്ടുണ്ടായതെന്നു പിൽക്കാലം തെളിയിച്ചുകഴിഞ്ഞിട്ടുമുണ്ടു്. ആശാനെപ്പോലെ വ്യക്തിമാഹാത്മ്യമുള്ള ഒരു മഹാപുരുഷനെ സ്വാലനായി കിട്ടിയതിൽ എനിക്കു് ഒട്ടും തന്നെ അഭിമാനം തോന്നിയിരുന്നില്ല. ഇതിനുള്ള കാരണം ഞാൻ ഒരിക്കലും അപഗ്രഥിച്ചു നോക്കിയിട്ടുമില്ല. വിവാഹത്തിനുശേഷം കവിയെപ്പറ്റി എനിക്കു് അതുവരെ

ഉണ്ടായിരുന്ന മതിപ്പും വിലയും ഒന്നു മന്ദീഭവിച്ചില്ലയോ എന്നു പോലും പലപ്പോഴും സംശയം തോന്നിയിട്ടുണ്ട്.

ആശാനുമായി ഒന്നിച്ചു താമസിക്കുകയും പ്രസിദ്ധീകൃതമാകാത്ത കൃതികൾ അദ്ദേഹം ഞങ്ങളെ ചൊല്ലിക്കേൾപ്പിക്കുകയും ചെയ്തുവന്ന കാലത്തെ ഒരു സംഭവം എന്റെ ഓർമ്മയിൽ പൊന്തിനിൽക്കുന്നു. ബുദ്ധചരിതം മൂന്നാംഭാഗമാണു് അന്നു പാടിച്ചു തന്നതു്. ഛന്ദകനുമൊത്തു് സിദ്ധാർത്ഥൻ നഗരം ചുറ്റിക്കാണാൻ പുറപ്പെട്ടതു്. കഷ്ടമോ മസൂരിയോ പിടിച്ചു് ചീഞ്ഞളിഞ്ഞു് എണീറ്റു നിൽക്കുവാൻപോലും കഴിയാതെ വിറയ്ക്കുന്ന ഒരു വൃദ്ധനെ അവർ വഴിയരികിൽ കാണുന്നു. ആതുരനായ ആ വൃദ്ധന്റെ നിലവിളികേട്ടു് ബാലന്റെ ഹൃദയം തപിക്കുകയും അയാളെ ആലിംഗനം ചെയ്തു സമാശ്വസിപ്പിക്കുവാൻ ആ കുമാർഗ്ഗൻ സാഹസപ്പെടുകയും ചെയ്യുന്നു. ഛന്ദകൻ വല്ലാതെ വിഷമിച്ചു. എന്നാൽ ബാലനായ ബുദ്ധഭഗവാനെ ആ പകർച്ചവ്യാധിയിൽനിന്നു് ഉടനടി മാറ്റി നിറുത്തി രക്ഷിക്കുവാൻ തുടങ്ങുന്നതെ ഇത്തരം വ്യാധികളുടെ ശാസ്ത്രീയവിജ്ഞാനം നാനാവശങ്ങളിൽക്കൂടിയും ഉദ്ബോധിപ്പിക്കാനാണു് അയാൾ മെനക്കെടുന്നതു്. ഈ പ്രസംഗമെല്ലാം സമാപിച്ചതിനു ശേഷമാണു്, പകരും വ്യാധിയാണെന്നും അതുകൊണ്ടു വിട്ടുപോരണമെന്നും രാജകുമാരനോടു പറയുകയെങ്കിലും ചെയ്യുന്നതു്. ഇതിൽ അന്തർഭ

വിച്ചിരിക്കുന്ന ഔചിത്യഭംഗം ഞങ്ങടെ കവിയെ ചൂണ്ടി
ക്കാണിച്ചു. ഒരു കുട്ടി മൂർക്കൻപാമ്പിനെ കടന്നു പിടി
ച്ചാൽ, പാമ്പു് ഏതു മാതിരി ജന്തുവാണെന്നും അതിന്റെ
വിഷം എങ്ങനെയുണ്ടാകുന്നുവെന്നും മറ്റുമുള്ള ജ്ഞാനോ
പദേശമല്ലല്ലോ പ്രകൃതത്തിനു യോജിച്ചതു്. ആശാൻ
അതേവരെ ഇതു പ്രകടമായുള്ള ഈ ഔചിത്യഭംഗത്തെ
പ്പറ്റി വിചാരിച്ചില്ലെന്നു തോന്നുന്നു. തനിക്കു് ഒരിക്കലും
വന്നുപോകാത്ത ഈ വിധമുള്ള ആ തെറ്റിനെപ്പറ്റി
അദ്ദേഹം ഒന്നു വിഷമിക്കുന്നതുപോലെ കാണപ്പെട്ടു. മൂല
ഗ്രന്ഥമായ "Light of Asia" എടുത്തു പരിശോധിക്കു
വാൻ എന്നോടു പറഞ്ഞു. മൂലത്തിലും ഈ മാതിരിതന്നെ
യാണു വിവരിച്ചിരുന്നതു്. വരിക്കു വരിയായി പരിഭാഷ
ചെയ്യുവാൻ യത്നിച്ചതിൽ വന്നുപറ്റിയ അമളിയാണിതെ
ന്നു് അദ്ദേഹം സമ്മതിച്ചു പറഞ്ഞു. തർജ്ജിമചെയ്തു
പോയതു് അങ്ങനെതന്നെ പോകട്ടെ എന്നും മേലാൽ
താൻ കൂടെക്കൂടി സ്വതന്ത്രമായി തർജ്ജിമ ചെയ്യാൻ ഭാവ
മാനിച്ചിരിക്കയാണെന്നും ഞങ്ങളെ അറിയിച്ചു. പിന്നീട്ട
ള്ള ഈ സ്വതന്ത്രതർജ്ജിമ എത്രമാത്രം വിജയപ്രദമായി
രുന്നു എന്നും കവിയുടെ രചനാചാതുരി അതുകൊണ്ടു് എ
ത്ര അസൂയാവഹമാംവണ്ണം വികസിതമായി എന്നും ബുദ്ധ
ചരിതം നാലും അഞ്ചും കാണ്ഡം വായിക്കുന്നവർക്കു ബോ
ധ്യപ്പെട്ടുന്നതാണു്. കൂട്ടിൽ അടച്ചിട്ടിരുന്ന പക്ഷിയെ
തുറന്നുവിട്ടാൽ അതു ചിറകുവീശി വാനംവരെ പൊങ്ങി
പ്പറന്നു വിഹരിക്കുന്ന ഒരു പ്രതീതിയാണു് എനിക്കു് അ

നഭവപ്പെട്ടിട്ടുള്ളതു്. ക്രടാതെ കിളിപ്പാട്ടു കൈകാര്യം ചെയ്യുന്നതിൽ ആശാനു് ഒരു പ്രത്യേക സാമർത്ഥ്യവും ഉണ്ടായിരുന്നു. ബുദ്ധചരിതത്തെ സംബന്ധിച്ചാണെങ്കിൽ— നാലും അഞ്ചും കാണ്ഡങ്ങളിലെ വിഷയൈക്യം ആശാന്റെ ഹൃദയത്തെ എപ്രകാരമെന്നു പറയാൻ കഴിയാത്ത വിധം ഇളക്കീട്ടുണ്ടു്. അദ്ദേഹം എല്ലാക്കാലത്തും ഒരു ബുദ്ധമത പക്ഷപാതി ആയിരുന്നു. ബുദ്ധമതത്തിലെതത്ത്വശാസ്ത്രപരമ്പരയോടും ഭഗവാന്റെ ആദ്യശിഷ്യന്മാരായ ആനന്ദൻ ഉപഗുപ്തൻ എന്നിവരോടും ആശാനു് ഉള്ളുഴിഞ്ഞ മതിപ്പും ബഹുമാനവുമുണ്ടായിരുന്നതു്. ഭഗവാന്റെ നിഷ്ക്രമണ സന്ധിയും മാറും വരുമ്പോൾ വീര രസപ്രധാനമായ ആ ഭാഷയുടെ ഹൃദയാവർജകത്വം പ്രത്യേകം ശ്രദ്ധാർഹമാണു്. ഈ മാതിരി സാഹിത്യം ഭാഷയിൽ അതിനു മുമ്പോ പിമ്പോ ഉണ്ടായിട്ടില്ലെന്നു പറയുവാൻ തോന്നിപ്പോകുന്നു. നാലാം കാണ്ഡത്തിന്റെ പ്രാരംഭത്തിലുള്ള കാലവർണ്ണനയും എത്ര മനോഹരമാണെന്നു് ആസ്വദിച്ചുതന്നെ അറിയണം. രസം തുളുമ്പുന്ന ആ വരികൾ എത്ര ആവൃത്തി പാരായണം ചെയ്താലും തൃപ്തിവരുന്നതല്ല. അവകവിതന്നെ ചൊല്ലിക്കേൾക്കുമ്പോൾ സ്വപ്നസദൃശമായ നിർവൃതിയാണുണ്ടാവുക. നിഷ്ക്രമണ ഘട്ടം വിവർത്തനം ചെയ്തുകൊണ്ടിരുന്ന കാലത്തു് ആശാൻ സകല ലൗകിക കാര്യങ്ങളിൽനിന്നും വിരമിച്ചിരുന്നതുപോലെ കാണപ്പെട്ടു. പ്രതിപാദ്യവുമായുള്ള താദാത്മ്യം അത്ര പൂർണ്ണമായിരുന്നു; ബുദ്ധനെത്തൊട്ടുള്ള കവിയും സകലതും വലിച്ചെറി

ഞ്ഞ് സന്യസിച്ച കളയുമോ എന്ന് പ്രഭാതമാകുന്നതിന് മുൻപ് ഹൃദയസ്പന്ദത്തോടുകൂടി ഞാൻ പലപ്പോഴും നോക്കിയിട്ടുണ്ട്. ഈ വിധം കൈകാര്യം ചെയ്യപ്പെട്ടിട്ടുള്ള ഭാഷ അലൗകികമാണെന്നല്ലാതെ പറയുവാൻ തരമില്ല. അഞ്ചാം കാണ്ഡം തുലികാചിത്രങ്ങൾ നിറഞ്ഞതാണ്. ഇത്ര സജീവമായ ചിത്രങ്ങൾ വാക്കുകൊണ്ടു് എങ്ങനെ രചിക്കുന്നു എന്നു വിസ്മയം തോന്നിപ്പോകും. മനോഹരങ്ങളായ തുലികാചിത്രങ്ങൾകൊണ്ടു പ്രമേയങ്ങളുടെ വ്യക്തിപൂർത്തി. വരുത്തുന്ന ഒരുപായം ആശാന്റെ ഒട്ടുവിലൊട്ടുവിലുള്ള കവിതകളിൽ ധാരാളം പ്രയോഗിച്ചു കാണുന്നുണ്ട്. ഉദാഹരണം ചണ്ഡാലഭിക്ഷുകി എന്നീ കവിതകൾ ഈ മാതിരി ചിത്രങ്ങൾകൊണ്ടു് സമലംകൃതമാകുന്നു. ഭാഷയെ പരമാവധി പ്രയോജനപ്പെടുത്തുന്നതിന്റെ മകുടോദാഹരണങ്ങളായി സാഹിത്യത്തിൽ ഇവ എന്നും പ്രശോഭിക്കുതന്നെ ചെയ്യും. പടങ്ങൾകൊണ്ടും ഈ മാതിരി ചിത്രങ്ങൾ വരച്ചു കഴിഞ്ഞാൽ ചിത്രകാരനു കലയിൽ സ്ഥാനമില്ലാതെപോലും വരാം. കവിതാചിത്രങ്ങൾക്കു് ഉണ്ടാകാവുന്ന ഗുണങ്ങളും ചിത്രകാരന്റെ ചിത്രങ്ങൾക്കു വന്നില്ലെന്നും വരാം. കവിതാചിത്രങ്ങളുടെ ഗാനാത്മകതയും ധ്വനിയുമൊന്നും ചിത്രകാരനു കൈവരുത്താൻ സാധിക്കുന്നതല്ലല്ലോ. ഈ മാതിരിയുള്ള ചിത്രരചനയിൽ ആശാനെപ്പോലെ വൈഭവവും കലാപാടവവും പ്രദർശിപ്പിച്ചിട്ടുള്ള മറ്റു ഭാഷാകവികൾ അധികം ഉണ്ടെന്നു തോന്നുന്നില്ല. ഇതിനെപ്പറ്റി ഇത്രയും ഞാൻ പറഞ്ഞതു ബുദ്ധാ

ചരിതത്തിന്റെ സ്വതന്ത്രവിവർത്തനം ഹേതുവായി ഭാഷയ്ക്കും കവിക്കും സിദ്ധിച്ച ഗുണങ്ങളെച്ചൂണ്ടിക്കാണിക്കുവാൻ വേണ്ടി മാത്രമാണ്. ആശാന്റെ ബുദ്ധമതപക്ഷപാതത്തെയും ബുദ്ധധർമ്മസ്പർശികളായ സുന്ദരകൃതികളേയും പറ്റി അല്പംകൂടി വിശദീകരിക്കേണ്ടതുണ്ട്. ആ കൃതികളെ വിമർശിക്കുന്നിടത്തു് അതു ചെയ്യാംകൊള്ളാം.

ആശാന്റെ പ്രധാനകൃതികൾ മുഴുക്കാലും വിവാഹത്തിനു ശേഷം ഉണ്ടായിട്ടുള്ളവയാണ്. ഈ കാര്യത്തിൽ അദ്ദേഹത്തിന്റെ ദീർഘദർശനം നൂറിനു നൂറും ശരിയായി എന്നു സമ്മതിച്ചേ തീരൂ. സംസ്കൃതവൃത്തം എന്നുള്ള രീതി മാറി ഭാഷാവൃത്തങ്ങളിലേക്കു കൈവച്ചപ്പോൾ പൊയ്ക്കാലിൽ നടന്നവൻ പ്രകൃതിദത്തമായ കാലുപയോഗിച്ചു് ഭൂമിയിൽ സഞ്ചരിയ്ക്കുവാൻ തുടങ്ങിയതുപോലെയായി. പൊയ്ക്കാലിൽ നടക്കുന്നതിനു് ഒരു പ്രത്യേക സാമർത്ഥ്യം വേണം. ആ സാമർത്ഥ്യപ്രകടനം അഭ്യാസംകൊണ്ടു പൂർത്തിയാകുമ്പോൾ നിസർഗ്ഗസുന്ദരമായും തീരാം. എന്നാലും അതു് 'പൊയ്ക്കാലിൽനട' എന്ന ദോഷംമാത്രം. ഇതുപോലെയാണു് ഭാഷാകവിതയ്ക്കു് സംസ്കൃതവൃത്തവും മലയാളവൃത്തങ്ങളും. സംസ്കൃതവൃത്തങ്ങളുടെ ശൃംഖലയിൽപ്പെട്ടു് ദീർഘകാലത്തെ അഭ്യാസംകൊണ്ടു മാത്രം ഒരു സ്വാധീനത സമ്പാദിക്കാമെങ്കിലും ഭാഷാവൃത്തങ്ങളാകട്ടെ കൈകാര്യം ചെയ്യുമ്പോൾ ഉളവാകുന്ന പാരതന്ത്ര്യരാഹിത്യം ഒന്നു വേറേതന്നെ. ക്ലേശാധിക്യവും

സംസ്കൃതവൃത്തങ്ങളും, സർഗ്ഗബന്ധമുള്ള മണിപ്രവാളമഹാകാവ്യങ്ങൾക്കല്ലാതെ ഖണ്ഡകാവ്യപ്രസ്ഥാനത്തിനു് സമത്ഥമാംവണ്ണം പ്രയോജനപ്പെടുത്തുവാൻ സാധിക്കുമോ എന്നും സംശയമുണ്ടു്. കവിതയുടെ ഒഴുക്കിനും ഓജസ്സിനും മറ്റു രചനാഗുണങ്ങൾക്കും ദ്രാവിഡവൃത്തങ്ങളും എത്രമാത്രം ഉതകുമെന്നുള്ളതിനു" ആശാന്റെ പിൽക്കാലകവിതകളും തന്നെ ഉത്തമദൃഷ്ടാന്തമാകുന്നു. സംസ്കൃതവൃത്തത്തളിൽ കവിതകൾ എഴുതിയതു് ഒരു കുറവായിപ്പോലും ഇപ്പോൾ കരുതിവരുന്നുണ്ടു്. അഭിരുചിയുടെ ഈ വ്യതിയാനത്തിനു" ആശാൻ ഒരു മാർഗ്ഗദർശിയായിരുന്നു. ഗ്രാമവൃക്ഷത്തിലെ കുയിൽ, പ്രരോദനം എന്നീ കാവ്യങ്ങളിലെ ഭാഷാശൈലിയും മിക്കവാറുമുള്ള കേരളവർമ്മ പ്രാസഭീക്ഷയും ആശാൻ ഒപ്പിച്ചതു് കുറെയൊക്കെ ക്ലേശിക്കാതെയായിരുന്നിരിക്കയില്ല. ഈ രണ്ടു കൃതികളിലേയും ഭാഷയും പ്രാസവും മറ്റും ഇതരസാധാരണമല്ല. എന്നാൽ വളരെ പരിപുഷ്ടവും ഗംഭീരവുമാണതാനും. ഇവയുടെ രചനയ്ക്കുശേഷമാണു് ദുരവസ്ഥ മുതലായവ എഴുതുന്നതു്. ഇവയിലെ ഒഴുക്കിനും ലാളിത്യത്തിനും തുലികാചിത്രപരിപൂർണ്ണതയ്ക്കും കാരണം ഇതുതന്നെയാണു്. ക്രടാതെ ഈ മൂന്നു കാവ്യങ്ങളിലെയും വിഷയത്തോടു് കവിക്കു് പൂർണ്ണമായ ഹൃദയൈക്യം ഉണ്ടായിരുന്നിട്ടുമുണ്ടു്. ഈ കാവ്യത്രയത്തെക്കുറിച്ചു പ്രതിപാദിക്കുന്നതിനുമുമ്പു് പ്രരോദനത്തെപ്പറ്റി ചില സംഗതികൾ പറയേണ്ടതുണ്ടു്. എന്റെ സ്മരണകൾ ഈ വഴിക്കാണു് എന്നെ നയിക്കുന്നതു്. ഈ

കവിതകൾ എല്ലാം തന്നെ എഴുതുന്ന കാലഘട്ടത്തിൽ ആശാനുമായി അടുത്ത സമ്പർക്കം ഞാൻ പുലർത്തിവന്നു. എഴുതിയെഴുതിവരികയും വരികൾ വരികളായി ഞാൻ ചൊല്ലിക്കേൾക്കുകയുമാണുണ്ടായിട്ടുള്ളതു്. മറെറാരു പണ്ഡിതനോടും ഇല്ലാത്ത ബഹുമാനമാണു്, ഏ. ആർ. തിരുമേനിയുടെ ഭാഷാപരമായ നേട്ടങ്ങളിലും അപാരമായ പാണ്ഡിത്യത്തിലും ആശാനു് ഉണ്ടായിരുന്നതു്. ഒരു മഹാകവി എന്നുള്ള നിലയിലും തിരുമേനിയെപ്പററി ആശാനു് അകമഴിഞ്ഞ മതിപ്പുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആംഗലസാമ്രാജ്യം കാളിദാസശൈലിയിലുള്ള ഒരു മഹാകാവ്യംതന്നെ എന്നായിരുന്നു ആശാന്റെ അഭിപ്രായവും. പ്രരോദനത്തിന്റെ മുഖവുരയിൽ ആശാൻ തന്നെ ഈ സംഗതി എടുത്തുപറഞ്ഞിട്ടുമുണ്ടു്. തിരുമേനിയുടെ അവസാനകാലങ്ങളിൽ ആശാൻ അദ്ദേഹവുമായി വലിയൊരു ഹൃദയബന്ധംതന്നെ പുലർത്തിപ്പോന്നു. തിരുമേനിയും ആശാനോടു് വലിയ മതിപ്പും സ്നേഹവും കാണിച്ചിരുന്നു. ജാതിചിന്തകളൊന്നും ഉദാരമതിയായ ആ പണ്ഡിതനെ തീണ്ടിയിരുന്നതുമില്ല. അകാലനിര്യാണമാണല്ലോ അദ്ദേഹത്തിനുണ്ടായതു്. ഈ നഷ്ടം ആശാനെ വല്ലാതെ വേദനിപ്പിച്ചു. ഏതാനും ദിവസം ഇതേപ്പററിയല്ലാതെ ആശാൻ സംസാരിക്കാനുണ്ടായിരുന്നില്ല. ഇതാണു് പ്രരോദനം എന്ന വിലാപകവിതയുടെ നിദാനം. വിഷയത്തിന്റെ ഗഹനതയും അതു പ്രതിപാദിച്ചു പോഷിപ്പിച്ചുകൊണ്ടുപോയിരിക്കുന്ന രീതിയും നോക്കുമ്പോൾ ഈ

അപൂർവ്വ വിലാപഗീതം കവി വേഗത്തിൽ എഴുതിത്തീർത്തു എന്നു തന്നെ പറയാം. അതിന്റെ പ്ലാൻ ഇട്ടതിനു് അല്പസമയം ചെലവഴിച്ചിരിക്കണം. ഇംഗ്ലീഷിലുള്ള സുപ്രധാനമായ വിലാപഗീതങ്ങളുടെ പ്രതിപാദനരീതിയെപ്പറ്റി അശാൻ അക്കാലത്തു് എന്നോടു ചോദിക്കുമായിരുന്നു: അതെല്ലാം ഒന്നുകൂടി വായിച്ചു ഞാൻ പറയുകയും ചെയ്തിട്ടുണ്ടു്. അവയിലെ രചനാരീതിയും ആശയവൈശിഷ്ട്യവും ആവർത്തിക്കപ്പെടരുതെന്നായിരുന്നു കവിയുടെ നോട്ടം. അദ്ദേഹത്തിന്റെ വീക്ഷണഗതിയിലെ ഈ പ്രത്യേകത എന്നെ അല്പം ഒന്നു വിസ്മയിപ്പിക്കുകയും ചെയ്തു. മനഃപൂർവമായ അനുകരണം ദൂരീകരിക്കപ്പെടേണ്ടതാണെങ്കിലും നൈസർഗികമായി വന്നേക്കാവുന്ന വല്ല അനുകരണച്ഛായയേയും എന്തിനു ഭയപ്പെടണം എന്നുള്ളതായിരുന്നു എന്റെ സന്ദേഹം. പക്ഷേ ഇതും ഒഴിച്ചുവയ്ക്കണമെന്നു കവിക്കു നിർബന്ധം തോന്നി. ഈ കാവ്യത്തിന്റെ രചന ആരംഭിച്ചു. കൈതമുക്കിലുണ്ടായിരുന്ന ആ ചെറിയ വീട്ടിൽവച്ചാണു് ആദ്യഭാഗം മുറെക്കുറെ എഴുതിത്തീർത്തതു്. പ്രരോദനം ഒരു പണ്ഡിതന്റെ കാവ്യമാണു്. അതിലെ രീതി സാധാരണക്കാർക്കു് അപ്രാപ്യവുമാണു്. ആശാന്റെ പാണ്ഡിത്യവും താർക്കികബുദ്ധിയും സംസ്കൃത സാഹിത്യത്തോടും സാഹിത്യകാരന്മാരോടും അദ്ദേഹത്തിനു് ഉണ്ടായിരുന്ന അടുത്ത പരിചയവും കവിയുടെ തത്ത്വശാസ്ത്ര വ്യവസായവും സ്ത്രീപുരുഷന്മ

മായി പുലത്തിപ്പോന്നിരുന്ന സ്നേഹബന്ധവും സർവ്വോപരി ദേശാഭിമാനവുമാണ് ഈ കവിതയുടെ ആദരണീയമായ വിജയത്തിനു് കവിയെ സഹായിച്ചിട്ടുള്ളതു്. മേൽ സൂചിപ്പിച്ച സജ്ജീകരണങ്ങളുടെ അഭാവത്തിൽ ഇത്തരം ഒരു കവിത ആരെക്കൊണ്ടും രചിക്കുവാൻ സാധിക്കുന്നതല്ല. കവിതയുടെ പശ്ചാത്തലം സൃഷ്ടിക്കുന്ന ആദ്യത്തെ പദ്യം തന്നെ പ്രകൃതത്തിനു് എത്ര അനുരൂപമായിരിക്കുന്നു എന്നും വിഷയഗൗരവത്തെ എങ്ങനെ ദ്യോതിപ്പിക്കുന്നു എന്നും പരിശോധിക്കുമ്പോഴാണു് ആശാനു് ഇതിനും കാലംകൊണ്ടു് സ്വാധീനമായിവന്ന രചനാവൈഭവം വെളിപ്പെടുന്നതു്. ഒരു വിലാപഗീതം ആലപിക്കുവാൻ, കവി വിലപിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിയെത്തന്നെ ആദ്യം ചിത്രീകരിക്കുന്നതു നോക്കുക. വിലാപഗീതങ്ങൾക്കു സാർവത്രികമായി കാണാവുള്ള ഭാവനാശൈലികൾ തന്നെയാണു് ആശാനും പ്രയോഗിച്ചിട്ടുള്ളതു്. ഈ പ്രയോഗസാമർത്ഥ്യം അന്യാദൃശമാണു്. കേരളത്തിന്റെ മൂന്നു് അംഗങ്ങളായ മലബാർ, കൊച്ചി, തിരുവിതാംകൂർ ഇവയുടെ അഭിമാനദേവതകളെ ചിത്രീകരിച്ചിരിക്കുന്നതു് ഏറ്റവും വ്യത്യസ്തവും സ്വാഭാവികവുമായ രീതിയിലാണു്. ഈ പ്രശസ്ത തനയന്റെ നിര്യാണത്തിൽ അനുശോചിക്കുന്നതിനു് ഇവർ മൂവരും ഓരോരുത്തരായി വന്നുചേരുന്നു. "ക്രൂരുകാരെ ഒരുമിപ്പൂ കുടുംബാധികൾ" എന്നാണു് അതിന്റെ ന്യായം. "കലന്നാന്നായാരിവർ" എന്നുതുടങ്ങി പറയുന്നുണ്ടു്. കവിയുടെ ക്രാന്തദർശിത്വമാണു് ഇതിൽ നിഴലിച്ചു

കാണുന്നതെന്തു സംശയിച്ചുകൂടെയോ? കേരളപ്രവിശ്യയും മറ്റുംഇതിൽസൂചിതമായിട്ടുണ്ടെന്നു് ത്തശാൻഭക്തന്മാർ പിൽക്കാലത്തു വാദിച്ചു എന്നും വരാം. ദേവിമാരെത്തുടർന്നു പുരാതനസംസ്കൃതസാഹിത്യത്തിലെ പ്രമുഖവ്യക്തികൾ ഓരോരുത്തരായി ദുഃഖത്തിൽ പങ്കുകൊള്ളുന്നു. ഓരോരുത്തരേയും രംഗപ്രവേശം ചെയ്യിക്കുന്ന ഭാഷാരീതി അവരവർക്കു് സംസ്കൃതസാഹിത്യത്തിൽ ഉണ്ടായിരുന്ന സ്ഥാനവിശേഷത്തെ സൂചിപ്പിക്കാൻ തികച്ചും പര്യാപ്തമാണു്. പാണിനിയെ അവതരിപ്പിക്കുന്ന ശ്ലോകവും മറ്റും അനിതരസാധാരണം തന്നെ. ഇത്തരം രചനയും ഭാഷാരീതിയും ഔചിത്യബോധവും അനുകരണത്തിനുപോലും അതീതമാണു്. ഈ വഴിക്കു കവിത പുരോഗമിച്ചു പോകുന്നു. വിലാപമായിട്ടുള്ള വിലാപം കുറവാണു്. മരണത്തെപ്പറ്റിയും ആത്മാവിനെപ്പറ്റിയും ആദ്ധ്യാനം ചെയ്യുന്ന പദ്യങ്ങൾ, തത്ത്വജ്ഞാനവും കവിതയും താക്കിക്കുഴിയും സമ്മേളിച്ചുള്ള സുന്ദരസൃഷ്ടിയാണു്. ഈ മാതിരിയുള്ള പ്രതിപാദനം ഭാഷാകവിതയിൽ മറ്റൊരുങ്ങും കാണാനിടയായിട്ടില്ല. ജീവനെയും അന്തരാത്മാവിനെയും പറ്റി ഇതേവരെയുണ്ടായിട്ടുള്ള തത്ത്വചരമ്പരകളെല്ലാംപരിശോധിച്ചും അരിച്ചെടുത്തുമാണു് ഈ ശ്ലോകങ്ങൾ രചിച്ചിരിക്കുന്നതു്. വിശേഷിച്ചു് "നേരാമായതു ഹാ! ശ്രുതേ" എന്നുതുടങ്ങുന്ന പദ്യം "ആപത്തിൻ പരകാഷ്ഠ"യായിക്കരുതിപ്പോരുന്ന മരണത്തിന്റെ ഒരു പ്രകീർത്തനമാണു്. ആ പദ്യം വായിക്കുമ്പോൾ മരണമാണു് ആത്മസുഹൃത്തെന്നും അവളെ

ആലിംഗനം ചെയ്യുകയാണെന്നും ഒരു ആവേശം ഉണ്ടായി പ്പോകുന്നു. മനുഷ്യസ്നേഹിയായി ലോകത്തു് ആരെങ്കിലുമുണ്ടെങ്കിൽ, മരണഭയത്തിൽനിന്നും മനുഷ്യനെ രക്ഷിക്കുന്ന ആളായിരിക്കണം അതു്. ഇതാണു് ആശാൻ ഇവിടെ നിർവഹിച്ചിരിക്കുന്ന മഹാകൃത്യം. മരണത്തിന്റെ മാധുര്യം ആസ്വദിപ്പിക്കുക എന്ന വന്നാൽ നരകഭയത്തിൽ നിന്നു നമ്മെ വിമോചിപ്പിക്കുക എന്നാണു സാരം. മരണത്തെ തുണവഴ്ഗണിക്കുവാൻ അതു് എന്നും ആരെയും സഹായിക്കും. അതു കഴിഞ്ഞാൽ മോക്ഷപ്രാപ്തിയായി. ഇതിനു് ഉപരിയായ ജന്മസാഫല്യം എന്താണുള്ളതു്.

"ആ പക്ഷം ശരിയെങ്കിലിന്നയി മൃത്യേ,
ഹാ! നിന്റെ ഘോരങ്ങളാ-
മാ പല്ലിൻ നിരകൾക്കു മൂർച്ചയിനിയും
പോരെന്നു തോന്നാമുടൻ;
ആപത്തിൻ പരകാഷ്ഠയായ പുലിയാ-
യീ ഞങ്ങളെന്മുന്നൊരാ
നീ,പച്ചത്തൃണരാശിതിന്നരിയപാലേകുന്ന
ഗോവെന്നമാം."

വിശേഷാത്തരമായ തത്ത്വജ്ഞാനമാണു് കവിതയുടേയും കവിതയായി ഈ വരികളിൽനിന്നു നിഗ്ഗളിക്കുന്നതു്. മരണത്തെയും മധുരീകരിക്കുന്ന മനുഷ്യസ്നേഹമാഹാത്മ്യമേ, നിന്നിലും വിഷാദാത്മകത്വം ദർശിക്കുവാൻ തുനിയുന്ന സാഹസികന്മാർ ഉണ്ടല്ലോ. "വണ്ടേ നീതുലയുന്നു,വീണയി വിളക്കം നികെട്ടുത്തുന്നതേ" എന്ന കവിയോടൊത്തു നമു

ക്കും സമാധാനിക്കാം. കവി വളരെ ഇഷ്ടപ്പെട്ടിരുന്ന മറ്റൊരു പദ്യം ഞാൻ ഉദ്ധരിക്കാം.

"നക്ഷത്രങ്ങളെ നോക്കിയിപ്പുഴ പറ-
ന്നീടുന്ന മേല്പോട്ടതിൻ—
പക്ഷം ദുർബലമാണതോർത്തു ഭയവും
തോന്നുന്നു മേന്മേൽ വിഭോ!
രക്ഷയ്ക്കായതിനിന്നു നിൻകരുണയ-
ല്ലാതില്ല രാപ്പക്ഷിതൻ
ഭിക്ഷയ്ക്കാക്കൊല,നിൻപ്രകാശകണിക-
യ്ക്കാപത്തു ചേർത്തീടൊലാ".

വിരുദ്ധാശയങ്ങളായ പലതത്ത്വശാസ്ത്രസിദ്ധാന്തങ്ങളെയും കവി ഇവിടെ ചർച്ചാവിഷയമാക്കി. താൻ ഒരു ഉറച്ച ആസ്തികനും അദ്വൈതസിദ്ധാന്തപക്ഷപാതിയും ആണ്. ഇവയ്ക്കെതിരായുള്ള സിദ്ധാന്തങ്ങളെ അനുഭാവത്തോടുകൂടി ചർച്ചചെയ്യേണ്ടിവന്നതിൽ, ദീർഘകാലത്തെ യോഗനിഷ്ഠകൊണ്ടു തന്റെ നിത്യാനുഭൂതിക്കായി നേടിവച്ച ആദ്ധ്യാത്മികസമ്പത്തിനു് അല്പം കളങ്കം പറ്റുകയില്ലയോ എന്നു് കവിശങ്കിക്കുന്നു. അതിനുള്ള ഒരു പരിഹാരവിധിയോ ക്ഷമായാചനമോ ആണു് ഈപദ്യംകൊണ്ടു സാധിക്കുന്നതു്. തിരിയെ അദ്വൈതത്തിൽപോയി ലയിച്ചാണു് കാവ്യം അവസാനിക്കുന്നതും. വിശ്വം വിഴുങ്ങുന്ന അദ്വൈതം അതാണു്. അദ്വൈതത്തിന്റെ അദ്വൈതവും അതുതന്നെ. ദീർഘകാലത്തെ ആത്മസംയമനംകൊണ്ടും യോഗനിഷ്ഠകൊണ്ടും കവി ഇതാണു് ആത്മസാക്ഷാൽക്ക

രിച്ചിട്ടുള്ളതു്. ആത്മനിർവൃതിക്കായി അവിടെപ്പോയിലയിക്കുന്ന എന്നേയുള്ളൂ. വിലാപകാവ്യത്തിനാണെങ്കിലും എത്രമനോഹരമായ ഒരു പരിസമാപ്തി! ഇതാണു കാവ്യകലയുടെ പരമമായ പ്രകടനം.

ആശാന്റെ കലാദീക്ഷ എത്രമാത്രമുണ്ടെന്നു് പ്രരോദനം എഴുതിക്കൊണ്ടിരുന്ന കാലത്താണു് ഞാൻ ശരിയായി മനസ്സിലാക്കുന്നതു്. ഏ. ആർ. തിരുമേനി കോളജിൽ വരുമ്പോഴുള്ളവേഷം; ബോർഡിൽ വാക്യമെഴുതിപ്പഠിപ്പിക്കുന്ന രീതി, അതിനിടെ അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തുന്ന മാതിരി, സ്വഗൃഹത്തിൽ അദ്ദേഹത്തിന്റെ ഇരിപ്പുസ്ഥലം; എന്നുവേണ്ടാ അദ്ദേഹം ഒരലങ്കാരമായിരുന്ന കോളജുവളപ്പിലെ ചരിത്രപ്രസിദ്ധമായ "സ്ഥലാമ്രാധിപൻ" ഇവയെല്ലാം എത്ര ഭംഗിയായി ചിത്രീകരിച്ചിരിക്കുന്നു. തിരുമേനിയുടെ ശിഷ്യരിൽ പെട്ടകയോ കാളേജിലെ ഒരംഗമായിരിക്കയോ ചെയ്താൽപോലും ഇതിനെക്കാൾ ഭംഗിയായും തന്മയത്വത്തോടും ഇതു വർണ്ണനകൾ ചെയ്യുവാൻ സാദ്ധ്യമാവുകയില്ല. ഈ കാവ്യത്തെ തേച്ചുമിനുക്കി അതിനു കാന്തിയും മൂല്യവും കൂട്ടുവാൻ ആശാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടു്. യതിഭംഗംഉണ്ടായിരിക്കരുതെന്നുള്ള നിഷ്കൃഷ്ടയോടുകൂടി പല വരികളും മാറ്റി എഴുതീട്ടുണ്ടു്. എല്ലാവശത്തും പരമാവധി ശ്രദ്ധപതിപ്പിച്ചതുകൊണ്ടാണു് കവിതാഗുണങ്ങളും ഇതിൽ മുൻപന്തിയെ പ്രാപിച്ചിട്ടുള്ളതു്. തോന്നിയതുപേലെ കവിതഎഴുതിവിടുന്ന ആളല്ല ആശാൻ. എല്ലുപ്പത്തിലെങ്ങും തൊട്ടിപ്പെടാത്ത

ഭാഷാനിഷ്ഠയും ഔചിത്യദീക്ഷയുമാണ് അദ്ദേഹം എപ്പോഴും പാലിച്ചുകൊണ്ടിരുന്നിട്ടുള്ളത്. പദ്യങ്ങൾ ഓരോന്നായി വളർന്നുവരുന്നതും അവയിൽ ചിലതൊക്കെ പിന്നിട് രൂപാന്തരപ്പെടുന്നതും സൂക്ഷിക്കാൻ ഇടവന്നിട്ടുള്ള എനിക്ക് ആശാന്റെ ഈദൃശമായ നിഷ്കൃഷ്ടകഠം എത്രമാത്രമുണ്ടായിരുന്നു എന്നു വിലമതിക്കാൻ കഴിഞ്ഞിട്ടുണ്ട്. വാസനകൊണ്ടു മാത്രമല്ല അതിനെക്കവിഞ്ഞുള്ള അഭ്യാസസാമർത്ഥ്യംകൊണ്ടുകൂടിയാണ് കാവ്യരചനയിൽ ആശാൻ അദ്വിതീയനായിത്തീർന്നതെന്നു തീർത്തുപറയാം.

ദുരവസ്ഥ തുടങ്ങിയ ആശാന്റെ ഒടുവിലത്തെ മുന്നു കൃതികളെപ്പറ്റി ഞാൻ ചിലതെല്ലാം പറഞ്ഞുകഴിഞ്ഞു. അവയുടെ രചനാരീതിയെപ്പറ്റിമാത്രമാണ് മുമ്പു സൂചിപ്പിച്ചതു്. ഈ കാവ്യങ്ങളെ അടിസ്ഥാനമാക്കി എന്തെങ്കിലുംപ്രതിപാദിക്കുന്നതിനു മുമ്പു് ജാതിവ്യവസ്ഥയെ സംബന്ധിച്ചു് ആശാനുണ്ടായിരുന്ന മനോഗതി അല്പം വിശദീകരിക്കേണ്ടതുണ്ടു്. ആശാനെപ്പോലെ ജാതിശല്യംഅനുഭവിക്കേണ്ടിവന്ന മറെറാരുവ്യക്തി കേരളക്കരയിൽ ഉണ്ടായിരുന്നോ എന്നു സംശയമാണ്. ആശാന്റെ സ്വഭാവത്തിൽ ഏതുകൊണ്ടും മുൻഗണനയെ അർഹിക്കുന്ന ഒരു പ്രത്യേകത അദ്ദേഹത്തിന്റെ ആത്മാഭിമാനമാണ്. മറെറാരെയും കാൾ താൻ കുറഞ്ഞവനല്ലെന്നു് അദ്ദേഹത്തിനു് ഉറച്ച ബോധം ഉണ്ടായിരുന്നു. അതുപോലെതന്നെ മറെറാരും തന്നെക്കാൾ കുറഞ്ഞവരാണെന്നു് അദ്ദേഹം വിശ്വസിച്ചിരു

ന്നമില്ല. ഇങ്ങനെ ഒരു ഉച്ചനീചചിന്തയെ സർവ്വശക്തിയും പ്രയോഗിച്ച് അദ്ദേഹം എവിടെയും എതിർത്തു. ആ എതിർപ്പിനെ ഫലിപ്പിക്കുവാൻ അദ്ദേഹത്തിനു ഉണ്ടായിരുന്നതു പോലെയുള്ള ധീരതയും സാമർത്ഥ്യവും വേറൊരു വ്യക്തിക്കും ഉണ്ടായിരുന്നിരിക്കയില്ല. എന്നാൽ സ്വാർത്ഥപരവും കൈയ്യുക്കു കൊണ്ടു മാത്രം സൃഷ്ടവും ദീർഘകാലത്തെ പതിവും പഴക്കവും കൊണ്ടു് സമുദായമദ്ധ്യത്തിൽ പ്രതിഷ്ഠ ലഭിച്ചുപോയതുമായ ഈ അനാചാരത്തെ ഒരു മന്ത്രോച്ചാരണം കൊണ്ടോ മറേറാ നൊടിയിടയിൽ ഉച്ചാടനം ചെയ്തുകളയാൻ സാധിക്കുമോ? ജാതിയോടു മല്ലിട്ടുമ്പോഴുള്ള വൈഷമ്യവും നിരാശയും ഇതിലാണു് സ്ഥിതിചെയ്യുന്നതു്. താണവനെന്നും ഉയർന്നവനെന്നും പറയുന്നവനൊക്കെ ജാതിയുണ്ടു്. പണ്ഡിതപാമരവ്യത്യാസമോകുബേരകുചേലഭേദമോ ഒന്നും ജാതിക്കില്ല. അങ്ങനെയുള്ള വേരുറച്ച ഒരു അനാചാരത്തെ ഇങ്ങനെ മാറിമറിച്ചു് അതിൽനിന്നുജനസമുദായത്തെ വിമുക്തമാക്കാമെന്നുള്ളതായിരുന്ന സ്വാതന്ത്ര്യാരാധകന്മാരെയും ജാതിവൈരികളെയും എല്ലാം നേരിട്ടിരുന്ന പ്രശ്നം. ജാതിചിന്ത എന്നുവച്ചാൽ ഉച്ചനീചതാവും സ്വാതന്ത്ര്യധ്വംസനവും എല്ലാമാണു്. അല്പമെങ്കിലും പൗരുഷമോ അഭിമാനബോധമോ ഉള്ളവർ ഇതു് ഒരിക്കലും വകവച്ചുകൊടുക്കുകയില്ല. ജാതിക്കെതിരായുള്ള പോരു് ഇങ്ങനെയാണു കാലാന്തരങ്ങളായി നടന്നുപോന്നതു്. ആശാന്റെ പാരമ്പര്യവും സംസ്കാരവും ഉള്ള ഒരു വ്യക്തിക്കു് നിയമാനുസൃതമായ മാർഗ്ഗങ്ങളിൽക്കൂടിമാത്രമേ ജാതിയെ എതി

ക്കാൻ നിർവാഹമുള്ളൂ. ക്ലേശമില്ലാതെ എല്ലാക്കാലത്തും ഒരുപ്രതിനിധിയെന്ന നിലയാണു് ആശാനു് ഉണ്ടായിരുന്നതു്. വ്യക്തിതല്പരം വീട്ടുകാര്യങ്ങളിലല്ലാതെ അദ്ദേഹം ആചരിക്കുകയില്ല. മറെറല്ലാത്തിനും സമുദായത്തിലെ പൊതുജനാഭിപ്രായത്തിനു വഴങ്ങിക്കൊടുക്കും. അഭിപ്രായങ്ങളും നേർവഴിയേ കൊണ്ടുവരാൻ പ്രചരണങ്ങൾ നടത്തുമെന്നേയുള്ളൂ. ജാതിക്കെതിരായി അദ്ദേഹം നടത്തിയിരുന്ന ബഹുമുഖമായ പ്രവർത്തനങ്ങളെ ഒരു കുരിശുയുദ്ധമായിപ്പോലും പറയാം. ഈ ഒരുദ്ദേശത്തോടുകൂടിയായിരുന്നു അദ്ദേഹത്തിന്റെ സമുദായസേവനം എന്നുപറഞ്ഞാൽപോലും അതിൽ വലിയ തെറുണ്ടായിരിക്കയില്ല. ഇതിനു് അദ്ദേഹം സ്വീകരിച്ചിരുന്ന ആയുധങ്ങളും പ്രസംഗങ്ങളും ലേഖനങ്ങളും കവിതയുമായിരുന്നു. ശവങ്ങൾമേൽനുമ്പാകെ അദ്ദേഹം കൊണ്ടുചെന്നിട്ടുള്ള നിവേദനങ്ങളും പ്രമേയങ്ങളും മിക്കവാറും ഈ ഉദ്ദേശത്തോടുകൂടിയുള്ളവയാണു്. അദ്ദേഹത്തിന്റെ രാഷ്ട്രീയസംരംഭങ്ങളെപ്പററി പൊതുവേ നോക്കിയാലും ഈഉദ്ദേശം തെളിഞ്ഞുകാണാം. ആശാന്റെ ആദ്യകാലകൃതികളിലൊന്നായ "ഒരു തീയക്കുട്ടിയുടെ വിചാരം" എന്ന കവിതയിൽ ജാതികൃതമായ അവശതകൾ അദ്ദേഹത്തിന്റെ യുവഹൃദയത്തെ എത്രമാത്രം ശല്യപ്പെടുത്തിയിരുന്നെന്നു കാണാവുന്നതാണു്. ഈ കവിതാശകലത്തിനു് ഒരു വിലാപത്തിന്റെ മട്ടാണുള്ളതു്. ഹൃദയത്തിനു് ഒരിളക്കം ഉണ്ടാകാതെ ഇന്നും അതു വായിക്കുവാൻ പ്രയാസമായിരിക്കുന്നു. ഉപരിവിദ്യാഭ്യാസത്തിനായി വിദൂരമായ കൽക്കട്ടയെ അഭയം പ്രാ

പിച്ചപ്പോഴംപോലുംജാതി അദ്ദേഹത്തെപിൻതുടർന്ന് ശല്യ
പ്പെടുത്തിയിരുന്നതായി കവി പറഞ്ഞുതന്നെഞാൻ കേട്ടിട്ട
ണ്ട്. അതു പറയുമ്പോൾ അദ്ദേഹത്തിന്റെ രക്തം തുടിക്ക
മായിരുന്നു. 'തർക്കവാഗീശൻ' എന്നുന്നതപരീക്ഷയ്ക്കു പ
ഠിക്കുവാനാണ് ബാംഗ്ലൂരിൽനിന്നും അദ്ദേഹം കൽക്കട്ടാ
യ്ക്കു പോയതു്. ജാതീയമായ ദുർഘടങ്ങളും കലാശാലയിൽ
ചേർന്നു പഠിക്കുവാൻ അദ്ദേഹത്തെ അനുവദിച്ചില്ല. അ
നുകമ്പാസമ്പന്നനായ ഒരു പണ്ഡിതന്റെ മഹാമനസ്കത
യാൽ അവിടെയത്തെ അധികാരിച്ചുള്ള അദ്ധ്യയനം ലഭിച്ചു.
പരീക്ഷയ്ക്കു ചേരുവാൻ പോലും സാധിച്ചില്ല എന്നദ്ദേഹം
പറഞ്ഞതായിട്ടാണുഞാൻ ഓർക്കുന്നതു്. 'തീയക്കുട്ടിയുടെവി
ചാരം' എന്നകവിത എഴുതിയപ്പോൾ ഈ ചിന്തകളെല്ലാം
കൂടി അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിഴലിച്ചു നിന്നിരു
ന്നില്ലയോ എന്നു തോന്നിപ്പോകുന്നു. ഇതുകൊണ്ടു കൂടിയാ
ണ് ആദ്യകാലത്തെ ആകവിതയ്ക്ക് ഒരു വിലാപത്തിന്റെ
മട്ടുണ്ടെന്നു ഞാൻ പറഞ്ഞതു്. ഓരോവരിയും ഹൃദയാവർ
ജ്ജകമാണ്. 'ചിന്തിച്ചിട്ടുന്നെളിമ കണ്ടുചവിട്ടിയാഴ്ത്താൻ'
എന്ന പദ്യവും 'എന്തിനു ഭാരതധരേ കരയുന്നു' എന്ന പ
ദ്യവും ഖേദാത്മകമായ നൈരാശ്യത്തിലൂടെ അമർഷത്തി
ലേക്ക് സഹൃദയന്മാരെ വലിച്ചുകൊണ്ടു പോകുന്നു. ഇതി
നെത്തുടർന്നും ഇതേ ഉദ്ദേശത്തോടുകൂടിയും മറ്റു പല ചെറു
കൃതികളും അദ്ദേഹം പിൽക്കാലത്തു രചിച്ചിട്ടുണ്ട്. തേ-

നീച്ച, സിംഹനാദം, സ്വാതന്ത്ര്യഗാഥ മുതലായവ ഇതിലുൾപ്പെടുന്നു.

ജാതിയെ വിജയകരമായി എതിർക്കുന്ന ഒരു സുകുമാരോപകരണമായിട്ടാണ് ഉറവസ്ഥയെ ഇവിടെ നിരൂപണം ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നതു്. ഉത്തമമായ കവിതാഗുണങ്ങൾക്കു് അതു മാത്രമെങ്കിലും ലോപം വരുത്താതെ ഈ ഉദ്ദേശം സാധിച്ചിരിക്കുന്നു എന്നുള്ളതാണു് ഈ കാവ്യത്തിന്റേയും കവിയുടേയും മെച്ചം. മലബാറിലെ മാപ്പിളലഹള പൊട്ടിപ്പുറപ്പെടുന്നതിനു ജാതിസ്പർദ്ധകൂടി കാരണാന്തരമായിരുന്നിട്ടുണ്ടു്. ഈ മാതിരിയുള്ള അധർമ്മാചാരങ്ങളെ നിയതി എല്ലായ്പോഴും സഹിച്ചു എന്നു വരികയില്ല. എത്രയെത്ര കലാപങ്ങളാണു ജാതിയുടെ പേരിൽ നാടെങ്ങും ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ഉറവസ്ഥ സൂക്ഷിച്ചു വായിക്കുന്നവർക്കു് ഇവയെല്ലാം അതിൽ സൂചിതമായിക്കാണാം. ഈ കവിതയിലും പ്രകൃതത്തിനു കളം ഒരുക്കിയിരിക്കുന്നതു് എത്ര മനോഹരമായ രീതിയിലാണെന്നു പരിശോധിക്കാം.

"മുമ്പോട്ടു കാലം കടന്നു പോയിടാതെ
മുമ്പേ സ്മൃതികളാൽ കോട്ട കെട്ടി;
വമ്പാന്നനാചാരമണ്ഡലച്ഛത്രരായ്
നമ്മൂരാർ വാണരുളുന്ന നാട്ടിൽ"

ആണു് ലഹള ഉണ്ടായതു്. ലഹളയിലെ കൊലയും കൊള്ളയും സൂചിപ്പിക്കാനാണു് "ഇറവിറവു വിണ്ടുള്ള ചോര

ക്കണങ്ങൾ പോൽ—തെറിപ്പഴത്തിൻ ചെറുകല"കളെ
യും "കാർക്കശ്യമേലുന്ന കുന്തം കലന്നൊരു ഗ്രീഷ്മപ്പടതൻ
നളികംപോലെ" തോന്നുന്ന ഇളം മുളകളേയും വർണ്ണി
ക്കുന്നു. ചാത്തന്റെ കറ തീരാത്തചെളിമാടം എത്ര തന്മ
യത്വത്തോടുകൂടി ആരുടേയും മനസ്സിൽ ദീനാനുകമ്പ ഉള
വാക്കത്തക്ക രീതിയിലാണ് വർണ്ണിച്ചിരിക്കുന്നതു്. അതി
ലെ അരച്ചുവരുകളിലെ കൈവിരൽപ്പാടുപോലും മാ
ഞ്ഞിട്ടില്ല. ജീവിതകാലം ഒരു കോണകംകൊണ്ടു കഴിച്ചു
കൂട്ടുന്ന കൂട്ടത്തിലല്ലേ ഈ സാധുക്കൾ? "കക്ഷിയിൽക്കൊ
ണ്ട കരിക്കോടിയല്ലാതെ നിക്ഷേപമായി" ഒന്നുമില്ലാത്ത
വരാണല്ലോ ഇവർ. തടി പൊടിഞ്ഞു പകൽ മുഴുവൻ
പണിയെടുത്താലും വയറു നിറച്ചുള്ള ഒരു ആഹാരത്തി
നെങ്കിലും ഇവർക്കു ഭാഗ്യമുണ്ടോ? ഇങ്ങനെ ചിത്രീകരിച്ചു
തുടങ്ങിയാൽ ഏതു ശിലാഹൃദയമാണ് അലിഞ്ഞു പോകാ
ത്തതു്. ജാതിയിൽ അന്തർഭവിച്ചിരിക്കുന്ന സ്വാർത്ഥത
യ്ക്കും ധിക്കാരബുദ്ധിക്കും അഹംകാരത്തിനും ഈ മാതിരി
യുള്ള വർണ്ണനകൾ ശൈഥില്യം വരുത്തുന്നില്ലെങ്കിൽ പറ
ഞ്ഞതെന്തിനാണു്? ഈ ദോഷത്തെ നിഹനിക്കുന്ന ജാതിയെ ഇല്ലാതാക്കാമെന്നു്
ആരും ഒരിക്കലും ആശിക്കേണ്ടാ. കവിതയുടേയും മനുഷ്യ
ഹൃദയത്തിന്റെ അധർമ്മവിദ്വേഷത്തിന്റേയും സ്ഥാനം
എവിടെ? ജാതിയിൽ അന്തർഭവിച്ചിരിക്കുന്ന നഗ്നമായ
സ്വാർത്ഥചിന്ത എവിടെ? മേൽ വിവരിച്ച മാതിരി ഹൃദ
യസ്പൃക്കായ ചിത്രീകരണങ്ങൾ എത്രയെത്ര ഹൃദയങ്ങ
ളിൽ നിന്നു ജാതി ചിന്തയെ ഉന്മൂലനം ചെയ്തിരിക്കയില്ല?

ഈ മാതിരിയുള്ള വരികൾ യുവഹൃദയങ്ങളിൽ പതി
ഞ്ഞാൽ അവയുടെ ജന്മാന്തരത്തിൽപ്പോലും ഇളക്കം ഉണ്ടാ
കുമോ? ഇതു പോലെ മറ്റു ചില വരികളും ഞാനറിയാ
തെതന്നെ എന്റെ ഹൃദയാന്തരത്തിൽ ഉടലിച്ചുയരുന്നുണ്ട്.

"എത്ര പെരുമാക്കൾ ശങ്കരാചാര്യന്മാ—
രെത്രയോ തുഞ്ചന്മാർ കുഞ്ചന്മാരും
ക്രൂരയാം ജാതിയാൽ ന്യൂനമലസിപ്പോയ്
കേരള മാതാവേ, നിൻവയറ്റിൽ!!
തേച്ചു മിനുക്കിയാൽ കാന്തിയും മൂല്യവും
വാച്ചിടും കല്ലുകഠം ഭാരതാംബ,
താണ കിടക്കുന്ന നിൻകക്ഷിയിൽ ചാണ—
കാണാതെയാറേഴു കോടി ഇന്നും"

"ഭേദങ്ങളറ്റ പൊരുളിനെക്കാഹള—
മൂതി വാഴ്ത്തീടുന്ന വേദം നാല്വും;
വൈദികമാനികൾ, മർത്യരിൽ ഭേദവും
ഭേദത്തിൽ ഭേദവും ജല്പിക്കുന്നു.
എന്തൊരു വൈകൃതം ബ്രഹ്മവിദ്യേ നിന്നി—
ലെന്താണിക്കാണുന്ന വൈപരീത്യം.
നിർണ്ണയം നിന്നെപ്പോൽ പാരിലധോഗതി
വിണ്ണവർ ഗംഗയ്ക്കുമുണ്ടായില്ല!"

'പുല്ലുമിവക്കു വഴി വഴങ്ങും' എന്നു വരുന്നിടത്തു് ദീനാനുകമ്പകൊണ്ടു് ആരുടെ ഹൃദയവും വിലപിച്ചു പോകും. ജാതികൊണ്ടു ദൂഷിതമായി ഒന്നിനൊന്നു് അധഃ

പതിച്ചുവരുന്ന-ഒരിക്കൽ ലോകോത്തരമായി പരിലസി ച്ച-ഹിന്ദുസംസ്കാരത്തെ ചൊല്ലിയാണു് കവി വിലപി ക്കുന്നതു്. ഹിന്ദുമതത്തേയും പരമ്പരാഗതമായ അതി ന്റെ നാഗരികതയേയും ഉദ്ധരിച്ചു് ശുദ്ധീകരിക്കുവാൻ ആ രാന്റെ ഇപ്പോഴുള്ള സംരംഭങ്ങൾ എത്രമാത്രം ഉപകരി ച്ചിട്ടുണ്ടെന്നു പിൽക്കാലം വേണ്ടുവോളം തെളിയിച്ചുകഴി ഞ്ഞിരിക്കുന്നു. വിപ്ലവപരങ്ങളായ പരിഷ്കാരങ്ങൾക്കു് ആശാൻ ഒരിക്കലും അനുകൂലനായിരുന്നില്ല. ഉരുവസ്ഥ യിലെ അവസാനഭാഗം നോക്കുക. വൈദികന്മാരോടും ജാതിഹിന്ദുക്കളോടും ചെയ്യുന്ന ഒരു അഭ്യർത്ഥനയുടെ രൂപത്തിലാണു് ആ വരികളുടെ പോക്കെങ്കിലും കാലോ-ചിതമായ മാറ്റങ്ങൾ സ്വയമേവ വരുത്താതിരുന്നാൽ അവക്കുണ്ടാകാവുന്ന വിപത്തിനെ ചൂണ്ടിയുള്ള ഒരു വെല്ല വിളിയായും അതു നിലകൊള്ളുന്നുണ്ടു്.

".....നിങ്ങളിന്നുന്നി നില്പൂ
കാലിന്നടിയിലുമസ്ഥിരതയുടെ
കോലാഹലങ്ങൾ മുഴക്കിടുന്നു"

എന്നല്ലയോ പ്രകടമാക്കിക്കൊടുക്കുന്നതു്. വർണ്ണന, തുലികാചിത്രം, മറ്റു കാവ്യഗുണങ്ങൾ മുതലായവയുടെ ഉരുവസ്ഥ ഒരു അദ്വിതീയകൃതിയെങ്കിലും ഇംഗ്ലീഷ് ഭാഷയിൽ ഉദ്ദേശ്യസാഹിത്യം (Purpose Literature) എന്നു തരംതിരിച്ചിരിക്കുന്ന കവിതയായി ഇതിനെ കരു തിയാലും മതി. ജാതിയെപ്പറ്റിയുള്ള ദീർഘകാലചിന്ത

കളും വികാരങ്ങളുമാണ് ഈ കവിതയിൽ ബിംബിത മായിരിക്കുന്നത്. ഉറവസ്ഥ മുഖേന ആ വക വികാരങ്ങ ളിൽനിന്നും തൽകാലത്തേക്കെങ്കിലും ഒരു ആത്മശാന്തിയും പൊതുവേ ജാതിയുടെ ക്രൂരതമായ കാർക്കശ്യങ്ങൾക്ക് ഒരു പരിഹാരവും കവി സമ്പാദിച്ചിട്ടുണ്ട്. അസൂയാല ക്കളായ ചില കൃത്രിമബുദ്ധികൾ സ്ഥാപിതതാൽപര്യങ്ങ ളെയും വ്യക്തിവൈരാഗ്യത്തെയും മുൻനിറുത്തി ഉറവസ്ഥ ക്കെതിരായി ശക്തമത്തായ ഒരു പ്രക്ഷോഭണം ഇളക്കിവി ടാതിരുന്നില്ല. അവർ ഇതേപ്പറ്റി വലിയ ഒച്ചപ്പാടുകൾ ഉണ്ടാക്കിയെങ്കിലും ഈ കവിത പാരായണംചെയ്യുവർക്ക് ഹൃദയത്തിലുണ്ടായ ഒച്ചപ്പാടിനു അതു കീഴടങ്ങിപ്പോയി. കവിയുടെ സ്വഭാവശുദ്ധിയെ പ്രതിബിംബിക്കുവാൻ മാത്ര മാണ് ആ പ്രക്ഷോഭണം അവസരം ധൽകിയത്.

ഉറവസ്ഥയിൽ ജാതിക്കെതിരായ ഒരു ചിന്താഗതി ഇളക്കിവിടുന്നതിനു കവി സ്വീകരിച്ചിരുന്ന ഉപായം വികാരോദ്ദീപനമാണെന്നു നാം കണ്ടുവല്ലോ. മനുഷ്യ ഹൃദയത്തിൽ ലയിച്ചുകിടക്കുന്ന ധർമ്മബുദ്ധിയുടേയും ദീനാ നുകമ്പയുടേയും മുമ്പിലാണ് അദ്ദേഹം അവിടെ നിവേദനം നടത്തിയത്. ഇതിനേറ അലകൾക്കുള്ള കോളിളക്ക ത്തിനു് ഏതാനും കാലം അനുവദിച്ചതിനു ശേഷമാണു് ചണ്ഡാലഭിക്ഷുകി എഴുതാൻ അദ്ദേഹം പുറപ്പെട്ടതു്. ഏതു വഴിക്കു പരിശോധിച്ചാലും സർവാംഗസുന്ദരമായ

14768

ഒരു കാവ്യരത്നമാണു് പ്രസ്തുത കൃതി എന്നു കാണാവുന്നതാണു്. കഥാകഥനത്തിനു ശിലാവതിയിലെ നാലു വൃത്തങ്ങളാണു് കവി ഉപയോഗപ്പെടുത്തിയിട്ടുള്ളതു്. നാടെങ്ങും ചുറ്റിനടന്നു് എല്ലാത്തരം അളുകളുമായി സമ്പർക്കത്തിൽ ഏർപ്പെട്ടിട്ടുള്ള കവിക്കു് ശിലാവതീവൃത്തങ്ങളുടെ സംസ്കാരം ഇവിടത്തെ ജനങ്ങളുടെ ഹൃദയങ്ങളിൽ എത്രമാത്രം ഒതുങ്ങിക്കിടപ്പുണ്ടെന്നു് അറിയുവാൻ സാധിച്ചിട്ടുണ്ടു്. ഈ വൃത്തങ്ങളെ ഉപയോഗപ്പെടുത്തുന്നതിൽ കവിക്കുണ്ടായിരുന്ന പ്രേരണയും ഇതുതന്നെ ആയിരിക്കണം. സുന്ദരമായ ഒരു ചെറിയ ബുദ്ധകഥയാണു് ഇതിലെ പ്രതിപാദ്യവിഷയം. ആനന്ദഭിക്ഷു ബുദ്ധകഥകളിൽ അതിപ്രധാനമായ പങ്കുകൾ എടുത്തിട്ടുള്ള ഒരു ശിഷ്യോത്തമനാണു്. ഈ കഥകൾ ചിരപരിചിതമായിരുന്ന ആശാനു് ആ സന്ന്യാസിവര്യനെപ്പറ്റി വലിയ മതിപ്പാണു് ഉണ്ടായിരുന്നതു്. ജാതി ഇല്ലാതാക്കി ബുദ്ധമത തത്ത്വങ്ങൾ പ്രചരിപ്പിക്കുന്നതിൽ ഈ ബുദ്ധശിഷ്യനു് എത്രമാത്രം പങ്കുണ്ടായിരുന്നുവെന്നു് ആശാൻ നല്ലവണ്ണം വിലമതിച്ചിട്ടുണ്ടു്.

ഇനി നമുക്കു് ആ ചെറുകാവ്യത്തിലേയ്ക്കു തന്നെ കടക്കാം. ആശാന്റെ കാവ്യങ്ങളുടെ ഇടയിൽ മണ്ഡാലഭിക്ഷുകിയോളം സഹൃദയലോകത്തു പ്രതിഷ്ഠ ലഭിച്ചിട്ടുള്ള മറ്റൊരു കൃതി ഉണ്ടെന്നു തോന്നുന്നില്ല. അതിന്റെ പ്രസിദ്ധീകരണകാലത്തു്, എവിടെപ്പോയാലും അതിലെ

വരികളും ആലാപിച്ചു രസിക്കുന്നതു കേൾക്കാം. മുഴുവൻ കാവ്യം തന്നെ മനഃപാഠമാക്കി വച്ചിട്ടുള്ള എത്രയോ ഭാഷാഭിമാനികളെ എനിക്കു് അറിയാം. ശീലാവതീവൃത്തങ്ങളിൽ രചിച്ചതാണു് ഇതിനുള്ള കാരണങ്ങളിൽ ഒന്നെന്നു ഞാൻ മുമ്പുതന്നെ സൂചിപ്പിച്ചിട്ടുണ്ടു്. രചനയിൽ കവി പ്രദർശിപ്പിച്ചിട്ടുള്ള കലാപരമായ നിഷ്കർഷകളും ഈ കൃതിയുടെ പ്രചാരത്തിനു കാരണാന്തരമാണു്. കാവ്യത്തിന്റെ ഒന്നാംഭാഗം മിക്കവാറും ആലിന്റെയും പരിസരങ്ങളുടെയും വർണ്ണനയ്ക്കായി ചെലവഴിച്ചിരിക്കുന്നു. പേരാൽമരങ്ങളുടെ നാടാണു കേരളം. നാം കണ്ടിട്ടുള്ള എല്ലാ പേരാൽമരങ്ങളും ക്രമേണ സ്മൃതിപഥത്തിൽ സൃഷ്ടിച്ചിട്ടുള്ള ഒരു പരിപൂർണ്ണചിത്രമാണു് കവിയാൽ ഇവിടെ വിരചിതമായിട്ടുള്ളതു്. നിശ്ചലമായ കാർകൊണ്ടൽ പോലെ അംബരഭിത്തിയെ സ്പർശിച്ചാണു് ആ മരത്തിന്റെ നില. അതു വ്യാസമിയന്ന ഒരു ഒറ്റ മരക്കൊട്ടതന്നെ. പച്ചിലച്ചില്ലയിൽ പൊപ്പടിപ്പന്തുപോലെയാണു് അതിൽ ഫലങ്ങൾ നിറഞ്ഞു പാറിയിരിക്കുന്നതു്. ഘോരാതപം ഭയപ്പെട്ടു് ഒട്ടേറെപ്പക്ഷികൾ ഒന്നൊരുമയായി അതിൽ ശരണമണഞ്ഞിട്ടുമുണ്ടു്. വട്ടം ചുഴന്നു പറന്നിരുന്ന ഒരു പരുന്തു് അതിന്റെ തായ്ക്കൊമ്പിന്മേൽ വന്നു പറ്റുന്നു. തൊലിതേഞ്ഞ വൻവേരുകളാണു് അവിടെയുള്ള പാന്ഥാശ്രമമായ ആസനങ്ങൾ. വിടർന്ന ശാഖകളിലെ തുലികകൊണ്ടുള്ള ഏതാനും കളിയാട്ടങ്ങളാൽ ചിത്രം എത്ര മനോഹരമാകുന്നു എന്നു നോക്കുക. കൃമികൾകൊണ്ടുള്ള

പടമെടുപ്പുപോലെ ചപ്പും ചവറുമെല്ലാം വാരിക്കൂട്ടിയുള്ള ഒരു ചിത്രരചനയല്ല ഇതു്. വിവേചനാപരമായ വർണ്ണന (Selective description)യാണു്. ചിത്രത്തിലെ പ്രധാന ഭാഗങ്ങൾ തന്നുകഴിഞ്ഞാൽ ബാക്കിയെല്ലാം വായനക്കാർ വിഭാവനചെയ്തുകൊള്ളും. സകലതും വർണ്ണിക്കുവാൻ തുടങ്ങിയാൽ പ്രധാനഭാഗങ്ങൾക്കു സ്പഷ്ടത ഇല്ലാതെയും വരും. ഇതാണു വർണ്ണനകളുടെ മർമ്മം. ആശാന്റെ കലാബോധത്തിനു് ഈ രീതി പണ്ടേ പരിചിതവുമാണു്. പേരാൽമരത്തിന്റെ ചിത്രീകരണം പൂർത്തിയായതോടേ തന്നെ ആനന്ദഭിക്ഷുവിന്റെ ചിത്രം ഉയർന്നുവരുന്നു. ചുട്ടുപോംതുവലെന്നു് ആർത്തിയോടെ തായ്ക്കാമ്പിൽ വന്നു പറ്റിയ പരുന്തിനെപ്പോലെതന്നെയാണു് ഉഗ്രമായ വെയിലിൽനിന്നു രക്ഷ നേടുവാൻ ഭിക്ഷുവര്യനും മരത്തണലിനെ ശരണം പ്രാപിക്കുന്നതു്. ഏതാനും വാക്കുകൾകൊണ്ടു് ഈ യോഗിയുടെ ചിത്രം വരച്ചിരിക്കുന്നതു നോക്കുക.

"മഞ്ഞ പിഴിഞ്ഞു ഞൊറിഞ്ഞുടുത്തുടലാകെ
മഞ്ജു പൂവാടയാൽ മേനി മൂടി;
മുണ്ഡനം ചെയ്ത ശിരസ്സും മുഖചന്ദ്ര-
മണ്ഡലം താനും മസൃണമാക്കി;
ദീർഘവൃത്താകൃതിയും മരയോടൊന്നു
ദീർഘമാം വാമഹസ്തത്തിലേന്തി;
ദക്ഷിണഹസ്തത്തിലേലം വിശറിപ്പാൻ
പക്ഷമാളക്കിയൊരോട്ട ചീശി;

മുറ മരത്തണലെത്തുന്ന ഭിക്ഷുവൊ-
രൊറച്ചിറകേല്പം ദേവത പോൽ."

ഈ ചിത്രം വായനക്കാർക്ക് തന്നെ ഇത്ര ആകർഷകമാണെങ്കിൽ ആ പാവപ്പെട്ട ചണ്ഡാലബാലിക അതിനാലാകൃഷ്ടയാകുന്നതിൽ അതിശയിപ്പാനൊന്നുമില്ല. അടുത്തതായി നമുക്ക കിട്ടുന്നത് അവളുടെ ചിത്രം തന്നെ. ഇവളെ ചിത്രീകരിക്കുന്നതിൽ കവി തിരഞ്ഞെടുത്തിട്ടുള്ള ലയവിശേഷവും അദ്ഭുതാവഹമാണ്. ഇതാണ് ആ വരികൾ.

".....പൊൺകൊടിയാൾ ചെറു
ചെപ്പുകടമൊന്നരയ്ക്ക മേലിൽ
അഞ്ചിതമായ് വളമിന്നമിടംകര-
പ്പിഞ്ചുലതകൊണ്ടു ചുറ്റിച്ചേർത്തും;
വീശും വലംകരവല്ലിയിൽ പാളയും
പാശവും ലീലയായ് തൂക്കിക്കൊണ്ടും;

ചെറു കുനിഞ്ഞു വലം ചാഞ്ഞ പൂമേനി
ചുറ്റി മറച്ച ചെങ്കാന്തി തേട്ടം
പൂഞ്ചേലതൻ തല പാർശ്വത്തിൽ പാറിച്ചും,
പാഞ്ചാടിവയ്ക്ക മടിത്തളിരിൽ
ലോലപ്പൂപോലസരത്തിലെ കിങ്കിണീ-
ജാലം കിലുങ്ങി മുഴങ്ങുമാറും"

ഈ മാതംഗകന്യ കാവ്യത്തിലെ നായികയായതു കൊണ്ടാണ് കവി ഇത്ര ശ്രദ്ധയോടും ചമൽക്കാരത്തോടും അവളെ വർണ്ണിച്ചിരിക്കുന്നത്. ആലും ഭിക്ഷുവും ഒക്കെ ആയപ്പോൾ

ഒരു ബുദ്ധകഥയുടെ പശ്ചാത്തലം പരിപൂർണ്ണമായി. ഇങ്ങനെയാണ് ഒന്നാം ഭാഗം അവസാനിക്കുന്നത്.

മാതംഗി വഴിക്കിണറിൽ വെള്ളം കോരുന്നതും, ഭിക്ഷുവര്യൻ ദാഹശമനത്തിനു വെള്ളം ആത്മിച്ചു് അവളെ സമീപിക്കുന്നതും വർണ്ണിച്ചു കൊണ്ടു രണ്ടാം ഭാഗം തുടങ്ങുന്നു. ഒരു താണ ചെറുമിയെന്ന നിലയിൽ അവളെപ്പറ്റി വായനക്കാർക്കു തോന്നിയേക്കാവുന്ന അവജ്ഞയെ ദൂരീകരിക്കാൻ വേണ്ടിയാണു് ആശാൻ അവളെ ചാമർനായകന്റെ പുത്രിയാക്കുന്നതു്. ഇതു മൂലകഥയിലുള്ളതല്ല. ഇതു കൊണ്ടു് കവി ഉദ്ദേശിക്കുന്ന ഫലം വളരെ വന്നിട്ടുണ്ടു്. പ്രത്യംഗവർണ്ണനയൊന്നും ക്ലേശിതെ അതു ബാലികയുടെ കോമളിമയെ ആശാൻ എങ്ങനെയെല്ലാമാണു് ദ്യോതിപ്പിച്ചിരിക്കുന്നതെന്നു് മിളുപ്പത്തിൽ കാണാം. ആദ്യത്തെ വരവിൽത്തന്നെ അവളുടെ അംഗസൗകുമാര്യത്തിന്റെ ഒരു പ്രതീതി കവി ജനിപ്പിച്ചു കഴിഞ്ഞു. ഇവിടെ അതേ ഉദ്ദേശത്തോടുകൂടി വാരിച്ചൊരിഞ്ഞിട്ടുള്ള വിശേഷണങ്ങൾക്കു കണക്കില്ല. (പൊൻകൊടി, കരവല്ലി, പൂമേനി, അടിത്തളിർ, രോമലാൾ, ചെങ്കാന്തിതേട്ടം പൂഞ്ചേല, കോമളാംഗി, കറുക്കാർക്കുന്തൽ, ചോരിവാ, മൈയ്യണ്ണി, മങ്കുമാർമണി, മനോഹരി, ചാരുനേത്ര, മാരദ്ധതി മുതലായവ) ഇതും, മേൽ ഖണ്ഡികയിൽ സൂചിതമായ, വർണ്ണനാചാതുരിയുടെ സുവർണ്ണസൂചനകളാണു്. ഭിക്ഷുവര്യന്റെ അംഗസൗഷ്ഠവം മാത്രമായിരിക്കയില്ല ഈ കന്യകയുടെ ഹൃദയത്തെ ഇളക്കി

യത്തു്. കണ്ടാൽ ആട്ടിയോടിക്കുന്ന ക്ഷുദ്രരിൽപ്പെട്ട ഒരാൾ, ജലം കൊടുത്താൽത്തന്നെ പാപമുണ്ടെന്നു് കീഴ്നടപ്പു കൊണ്ടു വിശ്വസിച്ചു പോരുന്ന അവളുടെ കൈയ്യിൽനിന്നു ജലം വാങ്ങി കുടിച്ചതിൽ ആ യതിവരന്റെ വ്യക്തിമാഹാത്മ്യവും കരുണാപാരമ്യവും അവൾ ഭാവിക്കാതിരിക്കുന്നതെങ്ങനെ? അയാളം സുന്ദരനും യുവാവും ആണെന്നാലും. ആ പാവപ്പെട്ട പെരുമിയുടെ ഹൃദയത്തിൽ എങ്ങനെ ക്ഷോഭമുണ്ടാകാതിരിക്കും? ആ സന്നിധാനത്തായി ധ്യാനമിയന്നു വിളങ്ങുന്ന ഭിക്ഷുവിനെ, അവൾ ദൂരെ ഒളുങ്ങിമാറി, കുസുമാലംകൃതമായ ഒരു പെരുവാകയിൽ ചാരിനിന്നു്, പാഞ്ഞു ചരിഞ്ഞ മിഴികളാൽ ദീർഘദീർഘം വീക്ഷിക്കുന്നു. മാസ്മരശക്തിയുടെ വലയത്തിൽ നിന്നു വിട്ടുപോകുവാനുള്ള ബാഹ്യമായ കഴിവു പോലും അവർക്കില്ല. ഹൃദയം വല്ലാതെ മർദ്ദിതമാകുന്നു. പൂങ്കുല ആഞ്ഞാടിക്കുന്നു. ആതിൽ നോക്കി നിലകൊള്ളുന്നതുമൊക്കെ എന്തെന്നില്ലാത്ത ഈ അസ്വാസ്ഥ്യത്തിന്റെ ലക്ഷണങ്ങളാണു്. രണ്ടാം ഭാഗത്തിന്റെ അവസാനത്തിൽ ഇതാണു് അവളുടെ നില.

പ്രണയചർച്ചിതമായ ഒരു പരിശുദ്ധഹൃദയത്തിന്റെ ഗതിവിഗതികളാണു് അടുത്തതായി കവി നമുക്കു കാട്ടിത്തരുന്നതു്. ഈ കാവ്യത്തിലെ സുന്ദരകാണ്ഡവും ഇതുതന്നെ. ആനന്ദഭിക്ഷുവായ പൂർണ്ണചന്ദ്രൻ ആ പാവപ്പെട്ട പറയക്കിടാത്തിയുടെ ഹൃദയസാഗരത്തിൽ കല്ലോലമാലകൾ ഇളക്കിവിടുന്നു. ഈ തിരമാലകളുടെ പ്രവർത്തനം എത്ര

സുന്ദരമായ രീതിയിലാണ് കവി നമുക്ക് അനുഭവ
വേദ്യമാക്കിത്തരുന്നത്. ഈ മാതിരി സന്ദർഭങ്ങൾ സാഹി
ത്യത്തിൽ പലയിടത്തും മഹാകവികൾ കൈകാര്യം ചെ
യ്തിട്ടുണ്ട്. ഇത്ര മനോഹരമായ ഭാഷയിലും ലയവിശേഷമു
ള്ള രീതിയിലും ഈ വിഷയം ഏറെക്കവികൾ വർണ്ണി
ച്ചിരിക്കുമോ എന്നുസംശയമാണ്. കവിഹൃദയം പ്രകൃ
തിയോട് അലിഞ്ഞുചേരുകയാണ്. ഓരോ വാക്കിലും മാധു
ര്യം തുളുമ്പുന്നതുപോലെ തോന്നും. വിലയേറുമെന്തോ കള
ഞ്ഞുകേഴുന്ന ഒരവസ്ഥയാണ് ആ ഭിക്ഷുവിൻറെ അന്ത
ർദ്ധാനത്തോടുകൂടി ആ ബാലികയ്ക്കു വന്നുചേരുന്നത്. ഇതു
വെറും മാംസബദ്ധമായ പ്രണയമെന്നു പറഞ്ഞുകൂടാ. അപ്ര
മേയമായ ഏതോ സുന്ദരവികാരമാണ് അവളെ ഭിക്ഷുവി
ലേക്ക് ആകർഷിക്കുന്നത്. എന്താണു ചെയ്യേണ്ടതെന്ന് അ
വൾക്ക് അറിഞ്ഞുകൂടാ. മധുരീകൃതമായ ദുഃഖം എന്നു വേണ
മെങ്കിൽ ഇതിനെപ്പറയാം. എല്ലാറ്റിലും ഒരു അസ്വസ്ഥത
ഹൃദയംഒഴിഞ്ഞുപോയതുപോലെ അതുവരെയുള്ള
തൻറെ ജീവിതത്തോട് പറയാൻ കഴിയാത്ത നിർമ്മമത. ചിറകറ
റ മിന്നാമിനുങ്ങുപോലെ ഇഴഞ്ഞിഴഞ്ഞാണ് ആ പകൽ നീ
ങ്ങിയത്. അവൾക്ക് വിശപ്പില്ല. ഉറക്കം വരികയുമില്ല
കൂട്ടിലടച്ച പൈങ്കിളിയെപ്പോലെ അവൾ അങ്ങുമിങ്ങും
മുട്ടുന്നു. ഇരവിനെ ശപിക്കുന്നു. നിനവും കിനാവും അഭിന്ന
മായും ജ്വരസംഭ്രമം പിടിപെട്ടതുപോലെയും അവളുടെ

മനസ്സും ദേഹവും വിരയുന്നു. ക്രൂരരാത്രിയുടെ ഓരോ യാമങ്ങളും അവൾ എണ്ണിയെണ്ണിക്കഴിക്കുന്നു. അവസാനത്തെ യാമം അറിയിക്കുന്ന പൂങ്കോഴിയുടെ കാഹളം കേട്ടതിനു ശേഷം അവശം അകത്തു തങ്ങുവാൻ കഴിയുന്നില്ല. നെടുവീർപ്പിട്ടു മുറത്തിറങ്ങുന്നതും അവിടെനിന്നും പുരയുടെ പിൻപിൽ ഒതുങ്ങിനിന്നു് തീരുമാനം കൈക്കൊള്ളുന്നതും ഒക്കെ വർണ്ണിച്ചിരിക്കുന്നതു് ആരുടെ ഹൃദയത്തിലും അനുകമ്പാവിശേഷം ഉളവാക്കത്തക്ക രീതിയിലാണു്. പ്രലോഭനങ്ങൾ ഇപ്പോഴും അവളെ അലട്ടുന്നുണ്ടു്. താൻ ജനിച്ചുവളർന്ന കുടിലിനോടു് അവസാനയാത്ര പോലിക്കുംപോലെയാണു് ഇടവഴിയിലിറങ്ങിയിട്ടും ആ സ്നേഹശില അതിനെ ഇടരാൻ വീക്ഷിക്കുന്നതു്. ഇപ്പോൾ അവൾ തീരുമാനമെടുത്തുകഴിഞ്ഞു. കാന്തത്താൽ ആകൃഷ്ടമായ അയസ്സുലാകപോലെയാണു് ഭിക്ഷുവിന്റെ പാദമുദ്രകൾ പാവനമാക്കിത്തീർത്തിരുന്ന കിണറ്റരികിൽ അവൾ ഓടിയെത്തുന്നതു്. ആ കാലടിപ്പാടുകളം അവളിൽ ഉളവാക്കിയ ഭാവശബളിമ വർണ്ണനാതീതംതന്നെ. പൂളകിതഗണ്ഡയായും അളകാഞ്ചലം പിണ്ടിയുമാറും അധരം തുടുത്തു തുളുമ്പുമാറുമാണു് അവൾ അവയെ ചുംബിച്ചു സമാശ്വസിക്കുന്നതു്. ആ മുദ്രകളെ പിൻതുടർന്നും അവ തെളിയാത്തിടത്തു് യാത്രക്കാരോടു വഴി ചോദിച്ചു മനസ്സിലാക്കിയും അവൾ സംഘാരാമത്തിന്റെ പരിസരത്തിൽ എത്തുന്നു. ആരാമവർണ്ണനയിൽ പ്രദർശിതമായിട്ടുള്ള കലാചാതുരി ഇതുയെന്നു പറയുവാൻ പ്രയാസം. കരിവാർശിലകളാൽ തീർത്തു

ഉള്ള കരിവരർ കാക്കുന്നപൂങ്കാവിൻഭാഗവും അത്തി, മാവു് ഞാവൽ, അരയാൽമുതലായ തരുനിരകൾ ഇരുവശവും ഛായ വീശി വിലസുന്ന നടക്കാവും മറ്റും നമ്മുടെ കൺ മുമ്പിൽ പ്രത്യക്ഷമാവുകതന്നെ ചെയ്യുന്നു. അങ്ങനെ സമ സ്തസൗഭാഗ്യരാജ്യലക്ഷ്മി കളിയാടി ആക്കം തറവാടായിട്ടുള്ള സംഘാരാമത്തെ അവൾ ശരണം പ്രാപിച്ചു. അവിടെ അവൾക്കു ലഭിക്കുന്ന സ്നേഹം നിറഞ്ഞ സത്കരണവും പരിസരഭ്രണത്തിന്റെ ശക്തിയും അവളുടെ മോഹത്തെ ഭഞ്ജിക്കുതിയും ദൃഢീകരിക്കുന്നു. ഭഗവാൻ കാര്യമെല്ലാം അറിഞ്ഞു് അവളെ മുൻപിൽ ആനയിച്ചു് "ജനിമരണാത്തിദമാകം ദുഷ്ടം, ഇനി നിനക്കുണ്ടാകാതാകയാവൂ" എന്നു് അനുഗ്രഹിക്കയും ധർമ്മോപദേശംചെയ്തു് അവളുടെ മോഹം മുഴുവനുംതന്നെ സൂര്യരശ്മി മൂടൽ മഞ്ഞിനെ എന്നപോലെ ദൂരീകരിക്കുകയുംചെയ്യുന്നു. "കതിരവൻമുൻപിൽധരിത്രിപോലെ" യാണു് ആ രാജർഷിപുംഗവന്റെ മുൻപിൽ ഈ താണ ചെറുമി പതറിനില്ക്കുന്നതു്. ഈ ഉപമയുടെ പ്രത്യേകസൗന്ദര്യം കവി കല്പിച്ചിരിക്കണം. സൂര്യനും ഭൂമിയുമായുള്ളതു വ്യത്യാസമാണു് ബുദ്ധനും മാതംഗിക്കും തമ്മിലുള്ളതു്. ഗ്രഹങ്ങളെ എല്ലാം തേജോവലയം ചെയ്യുന്ന സഹസ്രകിരണനാണു് ഭഗവാൻ. അവനും ഇരുളിലാണ്ടു കിടക്കുന്ന വിദൂരസ്ഥയായ ഭൂമിയും. ആനന്ദഭിക്ഷു, പ്രഥമവേഴ്ചയിൽത്തന്നെ അവളിൽ സ്വാഭാവികവും സുന്ദരവും ആയ പ്രേമവികാരത്തെ ഉദ്ദീപിപ്പിച്ചു. ആനന്ദനെ പ്രഭമങ്ങിച്ചു മിന്നാമിനുങ്ങാക്കുന്ന ഈ തേജഃപുഞ്ജമാകട്ടെ മോഹനിർമ്മിതമായ

അവളുടെ ഈ സ്നേഹവികാരത്തെ ഉൾക്കാമ്പിൽ സുധയൂറുന്ന ധർമ്മബോധമായി രൂപാന്തരപ്പെടുത്തി. ഇങ്ങനെയാണ് ആ യുവതി ഭിക്ഷുണിയായിത്തീരുന്നത്.

ബുദ്ധശിക്ഷിതയായും മേന്മയെഴും രാജ്ഞിമാരുംകൂടി ഉഠംപ്പെട്ടുന്ന ഭിക്ഷുണിമാരിൽ ഒരുവളായും ആ ഗ്രാമകന്യ ആശ്രമത്തിൽ കഴിയുന്നു. അവളുടെ ഗുണഗണങ്ങളഠംകണ്ടിട്ട് ശ്രേവാനു തന്നെ അവളിൽ പ്രീതി നാൾക്കുനാൾ വളരുകയാണ്. ഭിക്ഷുണീമന്ദിരവും അതിലെ അന്തേവാസികളുടെ നിത്യപരിപാടികളും കവി ഭംഗിയായി വർണ്ണിച്ചിരുന്നുണ്ട്. ഈ പരിസരത്തിൽ ഉച്ചനിചബോധമോ വർണ്ണ വിവേചനമോ യാതൊന്നും ലേശംപോലുമില്ല. അക്കാലത്തെ വർണാശ്രമവാദികൾ ഇതു സഹിക്കുമോ? എന്നും എവിടെയും സ്വർഗ്ഗത്തിലെ കട്ടുറുമ്പുകളാണല്ലോ ഇക്കൂട്ടർ. ബുദ്ധദേവനോട് ഇതേപ്പറ്റി നേരിട്ട് ഒരു നിവേദനം തന്നെ നടത്തിക്കളയുവാൻ ചക്രവർത്തിയായ പ്രസേനജിത്തിനെ അവർ പ്രേരിപ്പിക്കുന്നു. അതിലേക്കായി രാജകീയസംഘം ആശ്രമത്തിൽ എത്തുന്നു. ഈ പ്രകൃതത്തിലെ ആശ്രമവർണ്ണന അമൂല്യസമ്പത്തുക്കളിൽ ഒന്നായി ഭാഷാസാഹിത്യത്തിൽ എന്നും പരിലസിക്കും. ആരാമപരിസരസൃഷ്ടിയിൽ കവി പ്രദർശിപ്പിച്ചിട്ടുള്ള കലാസാമർത്ഥ്യം അനിർവചനീയമാണ്. അവിടെയുള്ള പ്രകൃവൃക്ഷങ്ങളുംകൂടി തിരശ്ശീലയിലപിക്കുന്നു എന്നു വന്നാൽ ഈ പശ്ചാത്തലം പരി

പൂർണ്ണമായിക്കഴിഞ്ഞു. ഈ വർണ്ണനയ്ക്കുവേണ്ടി മാത്രമല്ല കവി ഈ പ്രകൃതം സൃഷ്ടിക്കുന്നതു്. ജാതിയെ മറ്റൊരു വഴിക്കുകൂടെ അടിച്ചോടയ്ക്കണമെന്നു് അദ്ദേഹം ഉദ്ദേശിച്ചിരുന്നതാണു്. ആ കോട്ടയ്ക്കു് ഈ ഒരു ഓറ വാതിൽ മാത്രമേ അവശേഷിച്ചിട്ടുണ്ടായിരുന്നുള്ളൂ. ബുദ്ധി പരമായും വേദശാസ്ത്രങ്ങളെ പരാമർശിച്ചും ജാതിരാക്ഷസനെ എതിർത്തു പലായനം ചെയ്യിക്കണം. അവന്റെ തലച്ചോറു ചിതറി അപ്പോൾ മാത്രമേ അവൻ നിലം പതിക്കുകയുള്ളൂ. ഈ മഹാകർമ്മം ആചരിക്കുവാൻ ബുദ്ധഭഗവാനെക്കാൾ യോഗ്യത തികഞ്ഞ മറ്റൊരു മാന്ത്രികനെയാണു കിട്ടുക? രാജാവിൽത്തന്നെ മാനസാന്തരം വരുത്തിയാൽ പിന്നെ പ്രജകളുടെ കാര്യം പറയണമെന്നില്ലല്ലോ. പരിപാവനമായ ഈ മന്ത്രോച്ചാരണത്തിലെ ഓരോ വരിയും ആവർത്തിച്ചു് ഉദ്ധരിക്കേണ്ടതാണെന്നു തോന്നിപ്പോകുന്നു.

"വല്ലിതന്നഗ്രത്തിൽ നിന്നോ–ദിജൻ
ചൊല്ലുക മേലത്തിൽ നിന്നോ?
യാഗാഗ്നിപോലെ ശമിതൻ–ഖണ്ഡ–
യോഗത്തിൽ നിന്നോ ജനിപ്പൂ?
അജ്ജാതി രക്തത്തിലുണ്ടോ–അസ്ഥി–
മജ്ജ ഇതുകളിലുണ്ടോ?
ചണ്ഡാലിതൻമെയ് ദ്വിജന്റെ–ബീജ–
പിണ്ഡത്തിനുഷ്ണമാണോ?

പുണ്ഡ്റമോ പൂണൂൽ താനോ–ശിഖാ–
ഷണ്ഡമോ ജന്മജമാണോ ?
അക്ഷരബ്രഹ്മം ദ്വിജന്മാർ–സ്വയം
ശിക്ഷ ക്രൂരതറിയുന്നോ ?
എല്ലാകൃമികളും പോലെ–ജന്മി–
ച്ചില്ലാതാം മർത്യരെയെല്ലാം
കല്യമാം കർമ്മനിയതി–കര–
പല്ലവം താൻ ചെയ്കയല്ലേ ?
.....
.....
....
നെല്ലിൻചുവട്ടിൽ മുളയ്ക്കും–കാട്ടു–
പുല്ലല്ല സാധു പുലയൻ;–
ശങ്കവേണ്ടൊന്നായ് പുലർന്നാൽ–അതും
പൊൻകതിർ പൂണും ചെടി താൻ.
സിദ്ധാന്തമിന്നു ദൃഷ്ടാന്തം–അസ്മത്–
പുത്രിയീമാതംഗി തന്നെ.
സത്യധർമ്മങ്ങൾക്കെതിരാം–ശാസ്ത്രം
ശ്രദ്ധിയായ്കുങ്കു ഭൂപതേ.
അർത്ഥപ്രവചനം ചെയ്യാ–മതിൽ
വ്യർത്ഥമുദരംഭരികം,
ഇന്നലെച്ചെയ്തോരബദ്ധം–മൂഢ–
ക്കിന്നത്തെയാചാരമാവാം;
നാളത്തെ ശാസ്ത്രമതാവാ–മതിൽ
മൂളായ്ക സമ്മതം രാജൻ.

എന്തിനെന്തു മെങ്ങോട്ടെന്നും–സ്വയം
ഹന്ത വിവരമില്ലാതെ;
അന്ധകാരപ്രാന്തരത്തിൽ–കഷ്ടം;–
അന്ധരെയന്ധർനയിപ്പൂ.
.....
.....
വ്യാമോഹമാന്നും സുഖത്തിൽ–പര–
ക്ഷേമത്തിൽ വിപ്രിയമാന്നും
പാമരചിത്തം പുകഞ്ഞു–പൊങ്ങും
ധൂമമാമീർഷ്യതാൻ 'ജാതി'
ഗർവമായും ദ്വേഷമായും–പിന്നെ
സർവമനോദോഷമായും;
ആയതു മാറുന്നു വർണ്ണം–സ്വയം
സായന്തനാംബുദംപോലെ
സ്വന്ത കുടുംബംപിരിക്കും–അതു
ബന്ധുക്കളെ വിഭജിക്കും;
ഹന്ത! വർഗ്ഗങ്ങൾ തിരിക്കും–പക–
ച്ചന്ത്യമായ് ലോകം മുടിക്കും;
തന്നാശ്രിതരെയും ലോക–ത്തെയും
തിന്നും കറുത്തോരിത്തിയെ
ആരാധിക്കായ്‌വിൻ, അസൂയാ–മഹാ
മാരിയെ–ജ്ജാതിയെ–ആശും.
ചൊല്ലുവൻ ജന്തുവെത്താഴ്ത്തും–ദോഷ–
മെല്ലാമിതിലടങ്ങുന്നു.

ഈ രാക്ഷസിയെജ്ജയിച്ചാൽ–ഘോര–
നാരകഭാരമടഞ്ഞു."

ജാതിയുടെ നെറുകയിൽ ഇങ്ങനെ ആശാൻ ബുദ്ധദേവനെക്കൊണ്ട് ആണി തറപ്പിക്കുന്നു. ഭഗവാന്റെ ബാക്കിയുള്ള അരുളപ്പാട് പ്രാണിഹിംസയിൽ അന്തർഭവിക്കുന്ന നിഷ്ഠുരതയേയും മർത്ത്യൻ പുലർത്തിപ്പോരേണ്ട സ്നേഹമാഹാത്മ്യത്തേയും അധികരിച്ചുള്ളതാണ്. ഈ ധർമ്മോപദേശം ലോകൈകവന്ദ്യനായ ആ ഗുരുവര്യൻ അനുരൂപമായ രീതിയിലും സ്നേഹഗംഭീരമായ ഭാഷയിലും തന്നെയാണ് കവി നിബന്ധിച്ചിരിക്കുന്നത്. ചക്രവർത്തിയായ ബിംബിസാരൻ രാജകീയ വിളംബരം മുഖേന ജന്തുബലി നിറുത്തിയതുപോലെ, ജാതിഭേദത്തിൽ അസൂയാത്മകം വെയ്ക്കുന്ന മനുഷ്യഹിംസയെ നിഷ്കൃഷ്ടമാ മാജ്ഞയാലെ നിഷ്കാസിക്കുവാൻ ആ നൃപമൗലിയോട് ഭഗവാൻ നിർദ്ദേശിക്കുന്നു. അദ്ദേഹം താണ വീണ 'ക്രൂപ്പിയപാണിദ്വയത്താൽ' ഈ ആജ്ഞ സ്വീകരിക്കുകയാണ്. ഈ ഘട്ടം വരുമ്പോൾ അന്ന ബുദ്ധസന്നിധിയിൽ കൂടിയിരുന്നവരെപ്പോലെ വായനക്കാർക്കും പുളകവും കണ്ണീരും ഉണ്ടായിപ്പോകുന്നു. ചക്രവർത്തി ഈ കല്പനകളെ നടപ്പിലാക്കുകയും തൻമൂലം നാട്ടിനു ശാന്തി കൈവരുത്തുകയും ചെയ്തു.

"എത്തിനിന്നു ഭാരതത്തിൽ–മുമ്പു
പത്തു ശതാബ്ദമജ്ഞാന്ധി."

ന്നീ പറഞ്ഞുകൊണ്ടാണു് കവി ഈ കാവ്യമവസാനി പ്പിക്കുന്നതു്. മോഹനമായ ഈ ശാന്തി ഇന്നു നഷ്ടപ്പെട്ടു പോയല്ലോ എന്നൊരു നെടുവീർപ്പുകൂടി കാവ്യപാരായണം അവസാനിക്കുമ്പോൾ വായനക്കാർക്കു് ഉണ്ടായിപ്പോകുന്നു.

ജാതിക്കെതിരായി ധീരധീരം പട വെട്ടുവാൻ ദൃഢപ്രതിജ്ഞനായ ഒരു ധർമ്മഭടനായിരുന്നു ആശാനെന്നു മുൻപുതന്നെ സൂചിപ്പിച്ചിട്ടുണ്ടു്. ആത്മഗീതങ്ങളും വഴിയും ദുരവസ്ഥയുമെന്നീ പടവെട്ടു് നിർണ്ണായകമായ ഒരു ഘട്ടത്തിൽ കൊണ്ടുചെന്നെത്തിച്ചുവെന്നും നാം കണ്ടു. ബാക്കി എന്തെങ്കിലും ചെയ്യുവാനുണ്ടായിരുന്നെങ്കിൽ അതാണു് ചണ്ഡാലഭിക്ഷുകി കൊണ്ടു നിർവഹിച്ചിട്ടുള്ളതു്. ഉദ്ദേശ്യസാഫല്യം എന്നു് മുൻപറഞ്ഞ വിഭാഗത്തിൽ പെടുത്താമെങ്കിലും കാവ്യാൽക്കഷ്ടത്തിനു് ഒട്ടും കോട്ടം തട്ടാതെ തന്നെ ആ ഉദ്ദേശം സാധിച്ചിട്ടുണ്ടു്. ദുരവസ്ഥയിൽ ആഫ്രാനം ചെയ്യപ്പെട്ട വൈദികന്മാർക്കുപോലും ഇതിനു് ഉത്തരമൊന്നും പറയാൻ ഉണ്ടായിരുന്നില്ല. ആശാനെപ്പോലെ അനുഗൃഹീതനായ ഒരു ധർമ്മഭടനെക്കിട്ടിയാൽ ഏതു സംരംഭവും വിജയിക്കാതെ തരമില്ല. ഒരു ആയുഷ്കാലം മുഴുവൻ ഉപയോഗിച്ചുവന്ന അടവുകൾക്കു വിജയലാളിതമായ ഒരു പരിസമാപ്തി അദ്ദേഹം വരുത്തി. ജാതിയെപ്പറ്റി ഇനി ഒന്നും പറയേണ്ടതില്ലെന്നും കൂടി അദ്ദേഹം വിചാരിച്ചിരിക്കാം. ശവത്തിൽ കുത്തുന്ന കൃത്യത്തിനു് യോഗ്യന്മാർ ഒരുമ്പെട്ടന്നതല്ലല്ലോ.

കവി പ്രസിദ്ധപ്പെടുത്തിയ അവസാന കാവ്യം ഏതു നിലയിലും കേരളക്കരയിൽ സർവസാധാരണമായ വഞ്ചിപ്പാട്ടുരീതിയിൽ രചിക്കപ്പെട്ടിട്ടുള്ളതിനാലും ആശാന്റെ കരുണയ്ക്ക് വലിയ പ്രചാരമാണുണ്ടായിട്ടുള്ളത്. ഇതിനകം ഈ കൃതിയുടെ എഴുപതിനായിരത്തിൽപരം പ്രതികളും ചെലവായിക്കഴിഞ്ഞിട്ടുണ്ട്. വിപുലമായ ഈ പ്രചാരത്തിനുള്ള കാരണങ്ങൾ വായനക്കാർക്ക് എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയും. ആരെയും ആകർഷിക്കുന്ന ഒരു ബുദ്ധകഥയാണ് ഈ കാവ്യത്തിന്റെ വിഷയം. കാവ്യമുഖസൃഷ്ടിയിൽ കവിയുടെ പ്രത്യേകശ്രദ്ധ പതിഞ്ഞിട്ടുണ്ടെന്നും കാണാവുന്നതാണ്. കരുണരസപ്രധാനമായ കാവ്യമായതിനാലാണ് 'അനുപമകൃപാനിധി' എന്ന ബുദ്ധവിശേഷണത്തോടുകൂടി കാവ്യം സമാരംഭിക്കുന്നത്. അനുപമകൃപാനിധി മാത്രമല്ല അഖിലബാന്ധവനും കൂടിയാണു ജിനദേവൻ. ആ ജിനദേവൻ ധർമ്മരശ്മി ചൊരിയുന്ന നാളിലാണു കഥ നടക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ ഈ രണ്ടുവരികളിൽ കാവ്യത്തിന്റെ മർമ്മം പ്രതിബിംബിക്കുന്നു. ഇതു കഴിഞ്ഞാൽ നേരെ കഥയിലേയ്ക്കു തന്നെ കടക്കുകയായി. കാവ്യത്തിനു മുഴുവൻ സൂചിയാകത്തക്കവണ്ണം ഒരു 'ചീരു'കൊണ്ടു സൃഷ്ടിച്ചിരിക്കുന്ന കാവ്യമുഖം ഏറ്റവും ആലോചനാമൃതമാണ്. ഗ്രന്ഥം മുഴുവൻ വായിച്ചുനോക്കിയതിനു ശേഷം ഈ ഈരടി ഒന്നുകൂടി പരിശോധിച്ചാൽ എത്ര കലാബോധത്തോടുകൂടിയാണു് അതു സൃഷ്ടിച്ചിട്ടുള്ളതെന്നു് നല്ലതുപോലെ മനസ്സിലാക്കാം.

വാസവദത്തയുടെ വർണ്ണന വായിക്കുമ്പോൾ ചില സംഗതികളെല്ലാം നാം ഓർമ്മിക്കേണ്ടതായുണ്ട്. നമ്മുടെ നാട്ടിൽ പ്രചരിക്കുന്ന അർത്ഥത്തിലുള്ള ഒരു വേശ്യയല്ല വാസവദത്ത. പുരാണകാലങ്ങളിൽ വാരനാരിമാർക്ക് ജനതയുടെ ഇടയിൽ ഇന്നത്തെ അവജ്ഞയല്ലാ നേരെ മറിച്ച് ആദരവുണ്ട് ഉണ്ടായിരുന്നതെന്നുള്ളതിലേക്ക് പല ലക്ഷ്യങ്ങളും കാണാം. ഇങ്ങനെയുള്ള നാഗരീകന്മാർക്ക് രാജസദസ്സിൽപോലും ബഹുമാന്യത സിദ്ധിച്ചിരുന്നതായി പറയാറുണ്ട്. സൗന്ദര്യത്തോടൊപ്പം ഇവർക്ക് വൈദഗ്ധ്യവും കലാപാടവവും ഒക്കെ ഉണ്ടായിരിക്കും. വാസവദത്തയെ തെരുവീഥിയിലെ വേശ്യയായി വെറും കനകാഭിലാഷിണിയായി നാം കണക്കാക്കിയാൽ ഈ കാവ്യത്തിന്റെ ആസ്വാദനത്തിനു അതു ഒരു പ്രതിബന്ധമായിരിക്കുകയുള്ളൂ. അമാളികയും അതിന്റെ കവാടവും പുറമതിലുകളും തെക്കുവശമുള്ള മലർമറവും അവിടെ നായികയുടെ ഇരിപ്പും വർണ്ണനയാൽ സാക്ഷാൽകരിച്ചിരിക്കയാണ്. ബാഹ്യവർണ്ണനകൊണ്ടു അവളുടെ മനോഭാവത്തിലെ സൂക്ഷ്മഭാവങ്ങൾപോലും വിദഗ്ദ്ധമാംവണ്ണം സൂചിതമായിരിക്കുന്നു. ഉപഗുപ്തനെപ്പെട്ടെന്നു അവളുടെ ഉള്ളിൽ തഴച്ചുവളർന്ന പൂവിട്ടുനില്ക്കുന്ന പ്രേമലതയുടെ സൗകുമാര്യം സൂക്ഷ്മദൃഷ്ടികൾക്ക് ഇവിടത്തന്നെ കാണാം. ഈ സന്ദർഭത്തിൽ തന്റെ സൗന്ദര്യത്തിലും, നൃത്തഗീതാദികളിൽ തനിക്കുള്ള നൈപുണിയിലും, സ്വായത്തമായുള്ള അർത്ഥഭാണ്ഡങ്ങളിലും, യൗവനഗാഢതയിലും നായിക

അഹങ്കരിക്കുന്നുണ്ടെങ്കിലും അവളുടെ ഹൃദയം സന്തുഷ്ട മല്ല. ആ ഹൃദയത്തിലെ അന്ധകാരം ദൂരീകരിക്കണമെങ്കിൽ ഉപഗുപ്തനാകുന്ന പൂർണ്ണചന്ദ്രൻ അവിടെ ഉദയം ചെയ്യണം. ചിരപ്രാർത്ഥിതമായ ഈ സമാഗമത്തിൽ കൊതിച്ചും കാമിച്ചും ആണ് അവർ തോട്ടത്തിൽവന്ന് അലസതാവിലസിതമായി ഇരിപ്പുറപ്പിച്ചതു്. ഉപഗുപ്തനെ അനുനയിക്കാൻ നിശ്ചയിക്കപ്പെട്ട വിശ്വസ്തതോഴി മടങ്ങിവന്നപ്പോഴാണു് അവളുടെ നിരാശ വെളിപ്പെട്ടു തുടങ്ങിയതു്. തന്നിൽ ഈ പ്രേമവികാരം അയുക്തമല്ലെന്നു സമർത്ഥിച്ചുകൊണ്ടാണു്;

"വിശപ്പിനു വിഭവങ്ങൾ വെറുപ്പോളമശിച്ചാലും
വിശിഷ്ടഭോജ്യങ്ങൾ കാൺകിൽ കൊതിയാമാർക്കും" എന്നും
"കമനീയ കായകാന്തി കലരും ജനമിങ്ങനെ
കമനീവിമുഖമായാൽ കഠിനമല്ലേ"?

എന്നും അവൾ പരിഭവിക്കുന്നതു്. ഒരു ഗണികയുടെ ഭൃഷയിൽ പറഞ്ഞുപോകുന്ന എന്നേയുള്ളൂ, ഈ ഭാഷയിൽ നിന്നും അവളുടെ അനുരാഗം വെറും മാംസബദ്ധമാണെന്നു വിധിച്ചുകളയുവാൻ പാടില്ലാത്തതാണു്. അവളുടെ നിർവ്വാണപ്രാപ്തി ഇതുവഴിയായതുകൊണ്ടു് ഈ പ്രേമവികാരം ആദിയിൽത്തന്നെ സൂക്ഷ്മതരമായിട്ടെങ്കിലും അവളുടെ ആത്മാവിനെ സ്പർശിച്ചുള്ളതായിരിക്കണം.

ഈ പ്രേമത്തെ സ്വാഭാവികമായ രീതിയിൽ വളരുവാൻ വിട്ടിരുന്നുവെങ്കിൽ അതുവഴി, ഹീനവൃത്തിയിൽ

നിന്നും അവൾ വിമുക്തയാകുമായിരുന്നു. പക്ഷേ പരാജിതമായ വാസനകളും തോഴിമാരുടെയും മറ്റും ഉപ്പേക്ഷണകളും ഈ പരിണാമത്തെ തടഞ്ഞുകളയുകയാണു് ചെയ്തതു്.

"കലനയവിരുദ്ധമായ് കൊഴുക്കു മീ പ്രണയത്തിൻ-
നിലനായികയിൽ കണ്ടു ഫലിച്ച ഗതി;
ചലദലകാഞ്ചലയായ് 'ചാപലമിതരുതെ'ന്നു
തല വിലങ്ങനെ യാട്ടിത്തിരസ്കരിച്ചു".

ഇങ്ങനെ ഉപദേശിക്കുവാൻ മടിക്കാത്ത തോഴിമാരിൽ നിന്നു് അവഥം എങ്ങനെയാണു രക്ഷപ്പെട്ടുകിട്ടുക? പോരെങ്കിൽ ഈ ഘട്ടത്തിൽത്തന്നെ കുബേരനായ ചെട്ടിയാരും പ്രത്യക്ഷപ്പെട്ടു. ഒരു ദുരന്തനാടകത്തിന്റെ പല അങ്കങ്ങളും നാടകീയമായ വേഗതയോടുകൂടിത്തന്നെ ഇടതുന്നു വരുന്നു. അവളുടെ പൂർവ്വകാമുകനായ തോഴിലാളിത്തലവനെപ്പറ്റി ഒരു വർണ്ണനയും കാവ്യത്തിൽ കാണുന്നില്ല. നേരേ മറിച്ചു ചെട്ടിയാരും അയാളുടെ വണ്ടിയും കാളകൾപോലും എത്ര ചേതോഹരമായി വർണിക്കപ്പെട്ടിരിക്കുന്നു. ചെട്ടിയാരും അയാളുടെ വേഷവുമൊക്കെ എത്ര സ്വാഭാവികമായിട്ടാണു് കവിയുടെ പേനയുടെ വഴങ്ങിക്കൊടുക്കുന്നതു്. വാസവദത്തയുടെ ജീവിതത്തിൽ അതിപ്രധാനമായ ഒരു പങ്കാണു് ഈ വണിഗ്വരൻ വഹിക്കുന്നതു്. അയാളുടെ കുബേരത്വത്തെ മാനിച്ചു് അവൾക്കു് അയാളെ പ്രീണിപ്പിക്കേണ്ടതായി വന്നുകൂടുന്നു. വിപൽകരമാംവണ്ണം ഇതിനു തടസ്സ

മായി നിൽക്കുന്നു, അഗ്നിബാണംപോലെ പുകയുന്ന തൊഴിലാളിത്തലവനാണ്. ആ രീക്കുട്ടക്ക പൊട്ട് മുമ്പേ തിരി മുറിച്ചെറിയാൻ അവധം തിരുമാനം കൈക്കൊണ്ടുകഴിഞ്ഞു. ഈ രീതിമാനത്തിൽ എത്തിച്ചേരുവാൻ വാസവദത്തയ്ക്ക് ഉണ്ടായ പ്രേരണകളും മറ്റും സംക്ഷിപ്തമെങ്കിലും അതിനു മർത്ഥമായ രീതിയിൽ കവി വിവരിച്ചതുന്നുണ്ട്. ആശാനു കഥാകഥനത്തിനുള്ള സാമർത്ഥ്യം ഒന്നു വേറേതന്നെയായിരുന്നു. ഭീണ്ട സംഭവങ്ങളും പറഞ്ഞുതീർക്കുന്നതു് ഏതാനും വരികൾകൊണ്ടുമാത്രമായിരിക്കും. വായനക്കാർക്ക് യാതൊരു തരത്തിലും മുഷിവ് ഉണ്ടാക്കാതെ സംഭവങ്ങളുടെ ഗതിയും പരിണാമവും സൂത്രത്തിൽ പറഞ്ഞുവയ്ക്കും. ആശാന്റെ കാവ്യരചനയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു സംഗതിയാണിതു്. തൊഴിലാളികളുടെ നേതാവു നിർമ്മാർജ്ജനം ചെയ്യപ്പെട്ട. അവരുടെ ഇടയിൽ കലക്കമുണ്ടായി. ചാണകക്കുണ്ടിൽനിന്നും ശവം കണ്ടെടുത്തു. കേസ് നടന്നു. പ്രാഡ്വിപാകന്മാർ വിധിയും പ്രസ്താവിച്ചു.

"ഫലിച്ചില്ല കടക്കണ്ണിൻ പണിയും ധനത്തിൻ മുഷ്കും
ഉലച്ചിലറന്നിരുന്ന ധർമ്മപീഠത്തിൽ;
നില പെറ്റ നേരിൻ കാന്തി നീതിവാദപടുക്കളെന്റെ
വലിയ വാചാലതയിൽ മറഞ്ഞുമില്ല".

പിന്നെ നാം വാസവദത്തയെ കാണുന്നതു് മൂക്കും ചെവിയും കരചരണാദികളും ഛേദിക്കപ്പെട്ട് ശ്മശാനത്തിൽ കിടക്കുമ്പോഴാണ്. ഇവിടെമുട്ടുകുത്തിവർണ്ണിച്ചിരിക്കുന്നതു്

ഭാഷയിലും ശൈലിയിലും ഉള്ള വൈകൃതങ്ങൾക്കു രീതിയിലാണ്. ഒരു ഭയാനകതപാത്രത്തെയാണ് അവിടെ അപ്പോഴും നടമാടുന്നതു്. "തലയിൽ തീകാളും മുടലബ്ഭ്രതം കണക്കെ" മുടികാട്ടിന്റെ നടുവിൽ കാറിൽ മുങ്ങിയ തുമ്പിനില്ക്കുന്ന തടിയൻ അംഗവൈകൃതം, "കുറിയോരങ്കുരംപോലെ, കുത്തുവളഞ്ഞുമുള്ള കൊക്കു നിറയെക്കൊത്തി വലിച്ചും നഖമുന്നിയും" പരിഭ്രമിയാതിരുന്നു് ഇരയെടുക്കുന്ന ചെരുംകഴുകുകളും വായനക്കാരിൽ ശ്മശാനപ്രതീതിയെ ദീപിപ്പിക്കുന്നു. ഇവിടെയാണു് ഇപ്പോഴും വാസവദത്തയെ തിരക്കി ഉപഗുപ്തൻ ആഗതനാകുന്നതു്. അദ്ദേഹത്തിന്റെ ആശയമനുസരിച്ചുള്ള 'സമയം' ഇപ്പോൾ സഞ്ജാതമായിരിക്കണം. ഈ പതനത്തിലുള്ള വാസവദത്തയുടെ വർണ്ണന അല്പം ബീഭത്സമായിപ്പോയില്ലേ എന്നു തോന്നുമാറു് വിശദാംശപരിപൂർണ്ണമാണു്. ഇതുകൊണ്ടു് കവിക്കു് കാവ്യപരമായ ഏതോ പ്രത്യേകഉദ്ദേശമുണ്ടെന്നു കാണാം. കാവ്യത്തിന്റെ പ്രാരംഭത്തിൽ കണ്ട വാസവദത്തയുമായി താരതമ്യപ്പെടുത്തിക്കാണിച്ചതുമാവാനാണു്.

"വാസവദത്ത താനിവൾ ഇവൾതാൻ മലർമുറ്റത്താ—
വാസരാന്തത്തിൽ നാം കണ്ട വിശ്വമോഹിനി"

എന്നു് എടുത്തു പറയുന്നതു്. ആ വിശ്വമോഹിനി ഈനിലയിൽ എത്തിക്കഴിഞ്ഞതുകൊണ്ടുമാത്രമാണു് ഉപഗുപ്തന്റെ ധർമ്മോദ്ബോധനം അദ്ഭുതാവഹമാം വണ്ണം അവളിൽ ഫലിക്കുന്നതു്. പാകവിജ്ഞാനമമ്മം നല്ലപോലെ ഗ്രഹിച്ചിട്ടുള്ള ഉപഗുപ്തനു് ആ ബാലരംഭ, ചൂതോൽ വരണ്ടെങ്കിൽ

മാത്രമേ പാവകശുദ്ധിക്കു പാത്രമാകയുള്ളു എന്നും അറി
യാമായിരുന്നു. അവളുടെ ഇന്ദ്രിയങ്ങളും അന്തഃകരണവും
ഈ ഉപദേശരശ്മിക്കു്, ചന്ദ്രനു് ആമ്പൽ മൊട്ടെന്നവണ്ണം
വികസിച്ച വഴികൊടുക്കുന്നതും സമയം സമാഗതമായതു
കൊണ്ടുതന്നെ. ഉപഗുപ്തന്റെ ധർമ്മോപദേശം കവിക്കു്
ഈ വഴിക്കുള്ളവാസനാവൈഭവത്തിന്റെ ഒരു അദ്ഭുതപ്ര
കടനമാണു്. പാപപങ്കിലമായ ജീവിതത്തിലാണ്ടു കഴി
ഞ്ഞ വാസവദത്തയ്ക്കു് ആ ഉപദേശം നിർവ്വാണദായകമാ
കണമെങ്കിൽ അതിന്റെ വിജ്ഞേയതത്വം പറയണമെന്നി
ല്ലല്ലോ. ചണ്ഡാലഭിക്ഷുകിയിൽ ബുദ്ധഭഗവാൻ ചെയ്തിട്ടു
ള്ള ധർമ്മോപദേശത്തേക്കാൾ ഒട്ടും കുറഞ്ഞതല്ല ഇതു്.
ഇവിടെ തെളിഞ്ഞു കാണുന്നതു് ബുദ്ധമതത്തിന്റെ വേറൊ
രു വശമാണു്. ഉപഗുപ്തൻ ആനന്ദനെക്കാൾ ഒരു പടിക്കു
ടി മുന്നോട്ടുനില്ക്കുന്ന ഒരു ബുദ്ധശിഷ്യനല്ലേ എന്നും തോന്നി
പ്പോകും. "സമയമായപ്പോൾ' ഉപഗുപ്തൻ വരികതന്നെ
ചെയ്തു. എന്തുകൊണ്ടാണു് ഇതിനുമുമ്പു് വാസവദത്തയു
ടെ ക്ഷണം സ്വീകരിച്ചു വരാതിരുന്നതെന്നു് അദ്ദേഹം സു
സി അവൾക്കു ബോധ്യമാകുംവണ്ണം പറഞ്ഞു മനസ്സിലാ
ക്കിക്കൊടുക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകളിലെ മാധു
ര്യവും ഉപദേശം ചെയ്യുന്ന രീതിയും അവളുടെ അടുത്തിരു
ന്നു് ചെവിയിൽ മന്ത്രിക്കുന്നതും വാർന്നൊകയിൽ തലോ
ടുന്നതും ശിരസ്സിൽ കൈതൊട്ടു് അനുഗ്രഹിക്കുന്നതും കണ്ണീ
രു തുടച്ചു കൊടുത്തു നിവന്നു നില്ക്കുന്നതും എല്ലാം കരുണ
യുടെ ബാഹ്യസ്ഫുരണങ്ങളാണു്. കാവ്യമുഖത്തിൽ കവി
കളുമൊരുക്കിയതും ഇതിനുതന്നെ.

"ചിരകാലമഷ്ടമാർഗ്ഗചാരിയാമബ്ജഭവാന്റെ
പരിശുദ്ധപദപത്മം തൊട്ടച്ച കൈയാൽ,,

ആണ് അവളെ തലോടുന്നതെന്നു പറയുമ്പോൾ നമുക്കും രോമാഞ്ചമുണ്ടായിപ്പോകുന്നു.

"ഖിന്നമുഖിയാമവൾതൻ കെട്ടുന്ന സംജ്ഞാവിരലാ
ലുന്നയിച്ച ദീപംപോലൊന്നുജ്ജ്വലിക്കുന്നു."

ഇതിനെക്കാൾ സുന്ദരവും പവിത്രവുമായ ഒരുപമ ഭാഷാ സാഹിത്യത്തിൽ ഏറെ കണ്ടിട്ടില്ല. ഒരുപമകൊണ്ടു് ഉണ്ടാകാവുന്ന ഏറ്റവും വലിയ പ്രയോജനമാണു് കാവ്യത്തിനു് ഇതുകൊണ്ടു സിദ്ധിച്ചിരിക്കുന്നതു്. ഈ ഉജ്ജ്വലനം തന്നെയാണു് വാസവദത്തയുടെ മോക്ഷപ്രാപ്തി. ഇഹത്തിൽ അവൾ ഇനി ഒന്നും അനുഭവിച്ചുതീരുവാനില്ല. അവൾക്കിനി ജനനവുമില്ല. അവളുടെ മുൻപിൽ അപ്പോഴും പ്രത്യക്ഷമാകുന്ന "കനകനിശ്രേണി" വഴി അവൾ നിർവ്വാണം പൂകുന്നു. ബാക്കി ശേഷിച്ചതു് അവളുടെ അഗ്നിസംസ്കാരം മാത്രമാണു്. ഉപഗുപ്തനും തോഴിയും ക്രൂടി നദീതടത്തിൽ വച്ചു് ഈ അവസാനചടങ്ങു് ഭംഗിയായി നിർവഹിച്ചു. ഈ ഘട്ടവും കവിയുടെ ഉചിതജ്ഞതയ്ക്കു യോജിച്ച വണ്ണം തന്നെയാണു് പരിസമാപിച്ചിരിക്കുന്നതു്. ഇതുവരെയും സ്ഫുരണം ചെയ്തുവന്ന സൂക്ഷ്മതരമായ കരുണാവികാരങ്ങൾ ഇവിടെ പരമകോടിയിലെത്തുന്നു. ദുഃഖസത്യജ്ഞനായ ആ ധീരയതിയുടെ കണ്ണിൽ നിന്നു് ആമലകീഫലം പോലെ ഒരു മുഴുത്തുള്ളിക്കണ്ണുനീർ ചുടലബ്ഭസ്മത്തിൽ പതിക്കുകയാണു്. ഇതു കരുണയുടേതു മാത്രമാണെ

ന്ന സമർത്ഥിച്ചും, പതിതകാരുണികരായ ഉപഗുപ്തന്മാർ നിർവാണമാഗ്നന്മാരാകാതെ ക്ഷിതിദേവിയെ സേവിക്കുവാൻ ഇനിയും വരണമെന്നഭ്യർത്ഥിച്ചും വായനക്കാരെ കരുണാനിർഭരരാക്കിയാണ് കവിത അവസാനിപ്പിക്കുന്നത്. പ്രാരംഭവും വികസനവും അവസാനവുമെല്ലാം കവിയുടെ മുശയിൽക്കൂടി ഏതൊരു സുന്ദരസൃഷ്ടിയായിരൂപമെടുത്തിരിക്കുന്നു എന്നു വായനക്കാർ തന്നെ വിലമതിച്ചു കൊള്ളട്ടെ.

ബുദ്ധഭഗവാനോടും അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളോടും ബുദ്ധമതതത്ത്വങ്ങളോടുതന്നെയും ആശാന് എത്ര അനുഭാവവായ്പും ഹൃദയൈക്യവും ആണുണ്ടായിരുന്നതെന്ന് ഒന്നു പരിശോധിക്കുന്നത് ഇവിടെ പ്രസക്തമായിരിക്കും. അദ്ദേഹത്തിന്റെ അവസാനകാവ്യങ്ങൾ, ബുദ്ധചരിതം അഞ്ചാംഭാഗവും കരുണയുമാണെന്നു് ഇവിടെ സ്മരണീയമാണു്. പ്രസ്തുത കാവ്യങ്ങളുടെ വിശേഷാത്തരമായ മേന്മയും കാരണം കവിയുടെ ഹൃദയത്തിലും ബുദ്ധിയിലും ബുദ്ധമതപരമായ വികാരങ്ങൾ അത്ര ശുഭമുദ്രമായി പരിലസിച്ചിരുന്നു എന്നുള്ളതാണു്. ബുദ്ധശിഷ്യന്മാർ വിശേഷിച്ചും അതിലെ പ്രമുഖസന്ന്യാസിമാർ ഉൾപ്പെടുന്ന എല്ലാ പ്രധാനകഥകളും ഗ്രന്ഥകർത്താവിനു സുന്ദരങ്ങളായിത്തോന്നിയിരിക്കണം. മാതൃകായോഗ്യരും അനുകരണീയരും ഇവരാണെന്നു് ആശാൻ പലപ്പോഴും പറയുമായിരുന്നു. ചെറുപ്പക്കാരും പ്രതിഭാസമ്പന്നന്മാരും തേജോനിധികളും ആയിരുന്നിട്ടും മാംസസഹജമായ പ്രലോഭനങ്ങൾക്കു്

ഇവരും കീഴടങ്ങിയിട്ടില്ല എന്നുള്ളതാണ് അവരെപ്പറ്റി ആശാനുള്ള മതിപ്പിനു പ്രധാനകാരണം. സൂര്യൻ ഇതരഗ്രഹങ്ങളെ എന്നപോലെ ബുദ്ധഭഗവാൻ ഈ ശിഷ്യസഞ്ചയത്തെ തേജോവലയം ചെയ്തിരുന്നു. അങ്ങനെ ഒരു സൗരയൂഥംപോലെയാണ് ബുദ്ധനും ശിഷ്യന്മാരും അന്നു ലോകത്തിനു വെളിച്ചം കാട്ടിയിരുന്നതു്. ആശാനു് അവരിലുള്ള ആദരവിനു കാരണവും അതുതന്നെയാണ്. കരുണാവാസവദത്തയുടെ അല്ല ഉപഗുപ്തന്റെ കഥയാണ്.

ബുദ്ധചരിതം അഞ്ചാംഭാഗത്തെപ്പറ്റിയാണ് എനിയ്ക്കിനി പറയുവാനുള്ളതു്. ഇതിലെ വിവർത്തനരീതിയേയും പ്രതികാവ്യപ്രചുരിമയേയും കുറിച്ചു് വേറൊരിടത്തു പ്രതിപാദിച്ചിട്ടുണ്ട്. അവിടെ സൂചിപ്പിച്ചിട്ടുള്ള ആശയങ്ങൾ അല്പംകൂടി വിപുലീകരിക്കുകയേ ഇവിടെ ചെയ്യേണ്ടതുള്ളൂ. അഞ്ചാംഭാഗം എഴുതിത്തീർത്തു വച്ചിരുന്നുവെങ്കിലും അതു സാഹിത്യലോകത്തിനു പ്രദാനം ചെയ്യാൻ ആശാനു സാധിച്ചിരുന്നില്ല. ഒരു പിൽക്കാല പ്രസാധനമായിട്ടാണ് ഈ കാവ്യം നമുക്കു ലഭിച്ചിട്ടുള്ളതു്. ബുദ്ധചരിതം അഞ്ചാംകാണ്ഡം ഭാഷയുടെ അമൂല്യസമ്പത്തുക്കളിൽ ഒന്നാണെന്നുള്ള അഭിപ്രായം സർവ്വസമ്മതമാണ്. "ലൈറ്റ് ഓഫ് ഏഷ്യ" തന്നെ കാവ്യഗുണം തുളുമ്പുന്ന ഒരു വിശിഷ്ടഗ്രന്ഥമാകുന്നു. ആശാന്റെ ഈ തർജ്ജിമയ്ക്കു മൂലത്തെയും അതിശയിക്കുന്ന വൈശിഷ്ട്യങ്ങൾ ഉണ്ട്. വിഷയവുമായി കവി-

ഹൃദയത്തിനുണ്ടായിരുന്ന അനുഭാവപുഷ്ടിയാണ് തർജ്ജിമയിലുള്ള ഈ വിജയത്തിനു പ്രധാന കാരണം. സ്വതന്ത്രവിവർത്തനം ആയിരുന്നിട്ടും വളരെ സമയം ചെലവഴിക്കാതെയാണ് ആശാൻ തർജ്ജിമ പൂർത്തിയാക്കിയതു്. തർജ്ജിമയ്ക്കു് ഉപയോഗിച്ചിട്ടുള്ള പദങ്ങളുടെ ധോരണിയും ഔചിത്യവും വർണ്ണിക്കുവാൻ പ്രയാസം. ഈ കാവ്യം മുഴുവൻ ഏതാനും ചിത്രങ്ങൾകൊണ്ടു നിറഞ്ഞിരിക്കുകയാണെന്നു പറഞ്ഞിട്ടുണ്ടല്ലോ. യാഗശാലയിലേക്കു നയിക്കപ്പെടുന്ന ആട്ടിൻപറ്റത്തിന്റെ ചിത്രത്തിൽ കാണുന്ന സ്വരോവോക്തികഠം എത്ര സമഞ്ജസമായിട്ടുണ്ടെന്നു വായിച്ചതന്നെ അറിയണം. സപ്പ്ദർശനമേറ്റു മൃതിയടഞ്ഞ ശിശുവിനെയും കൊണ്ടുവരുന്ന കിശോരഗൗതമി സങ്കടം പറയുന്നതു് ശിലയും അലിയും മട്ടിലാണ്. ബിംബിസാരന്റെ യാഗശാലയിലെ അഗ്നികുണ്ഡവും അവിടെ കുരുതിക്കു് ഒരുക്കിനിറുത്തിയിരിക്കുന്ന കോലാട്ടമൊക്കെ വർണ്ണിക്കപ്പെട്ടിരിക്കുന്നതു് ആരുടെ ഹൃദയത്തിലും കരുണാകല്ലോലങ്ങഠം ഇളക്കിവിടാതിരിക്കയില്ല. ആട്ടത്ത ചിത്രം വനാന്തരത്തിൽ ക്ഷുത്പിപാസകളാൽ വരണ്ട മരണവക്ത്രത്തിലാണ്ടുകിടക്കുന്ന കുട്ടവയുടേയും കൂട്ടികളുടേയും ആണ്. ഒരു പൂർവ്വജന്മത്തിൽ ബ്രാഹ്മണയോഗിയായി ജനിച്ച ബുദ്ധഭഗവാൻ ദാരുണമായ ഈ കാഴ്ച കണ്ടു് കരുണാനിർഭരനായി, സ്വന്തശരീരം ഇവയുടെ ആഹാരത്തിനുവേണ്ടി പരിത്യജിക്കുന്നു. ഈ സന്ദർഭം വർണ്ണിച്ചിരിക്കുന്നതു വായിച്ചാൽ രോമാഞ്ചമുണ്ടാകാതെ

വായനക്കാരിൽ ആരും അവശേഷിക്കുമെന്നു തോന്നുന്നില്ല. ജന്തുബലിയെ വിലക്കിക്കൊണ്ടു് ബിംബിസാരനോടു് ഭഗവാൻ ചെയ്യുന്ന ഉദ്ബോധനം ജളന്റെ ഹൃദയാന്തരത്തിൽ പോലും മാറ്റൊലി മുഴക്കുന്ന ഒന്നാണു്. ഈ കവിതയും ഗ്രന്ഥകർത്താവു ചൊല്ലിത്തന്നു തന്നെയാണു് ഞാൻ കേട്ടിട്ടുള്ളതു്. കവിയുടെ ഭാഷ സന്ദർഭത്തിന്റെ ഗൗരവം അനുസരിച്ചു് ഗംഭീരമാകുന്നതും ഈ തർജ്ജിമയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു സംഗതിയാണു്. ഭഗവാൻ തത്ത്വചിന്തനം ചെയ്യുന്ന ഘട്ടം വർണ്ണിക്കുമ്പോൾ ഭാഷ ഉച്ചകോടിയെ ആരോഹണം ചെയ്യുന്നു. അതിനടുത്തുള്ള പ്രഭാതവർണ്ണന എത്രയും ഹൃദ്യമാണു്. ഇതുപോലെ തന്നെ കഥാകഥനങ്ങളും വരുന്നിടത്തു് ഭാഷ ഏറ്റവും സരളകോമളവുമാകുന്നു. ചുരുക്കിപ്പറഞ്ഞാൽ ഇതൊരു തർജ്ജിമയാണെന്നു് ആർക്കും തോന്നുകയില്ല. എങ്കിലും ഒരു സ്വതന്ത്രകാവ്യമല്ലാത്തതിനാൽ ഇതിനെപ്പറ്റി ഇവിടെ കൂടുതലായി ഒന്നും ചർച്ച ചെയ്യണമെന്നു വിചാരിക്കുന്നില്ല.

IV

ആശാൻ കവിത എഴുതുന്ന രീതി ഒരു പ്രത്യേകമായിരുന്നു. അതിനെക്കുറിച്ചു് അല്പം ചിലതു പ്രതിപാദിക്കാമെന്നു കരുതുന്നു. ഏതെങ്കിലും ഒരു സന്ദർഭത്തെ കവിതയ്ക്കു വിധേയമാക്കണമെങ്കിൽ ആ കവിത എഴുതിത്തുടങ്ങുന്നതിനു വളരെ മുമ്പുതന്നെ

പൊതുവായി ഒന്ന് ആസൂത്രണം ചെയ്യും. ഇതിനുശേഷ മാണ് എഴുതാൻ ആരംഭിക്കുന്നത്. എങ്ങനെ തുടങ്ങണ മെന്നും വിഷയത്തെ ഏതുവിധം പുരോഗമിപ്പിക്കണ മെന്നും നേരത്തേതന്നെ തീരുമാനിക്കും. ചില അലങ്കാര ങ്ങൾ പോലും ബുദ്ധിയിൽ തിരിഞ്ഞുവയ്ക്കും. കവിത യുടെ തുടക്കത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തും. പശ്ചാ ത്തലം സൃഷ്ടിക്കുക എന്നു് ഇംഗ്ലീഷിലും കാവ്യമുഖം എന്ന സംസ്കൃതത്തിലും പറയാറുള്ളതു് ഇതിനെയാണല്ലോ. എഴുതാൻ പോകുന്ന കവിതയിലെ വിഷയവ്യത്യാസ ത്തിനു് ഏറ്റവും ഉതകുന്ന വിധത്തിലായിരിക്കും ഈ പ്രാരംഭം. പ്രസ്തുത കാവ്യത്തിന്റെ ആസ്വാദനത്തിനു് വായനക്കാർക്കു് ഉണ്ടായിരിക്കേണ്ട മനഃസ്ഥിതി സൃഷ്ടിക്കു വാനാണു് കാവ്യമുഖത്തിൽ ഇത്ര ശ്രദ്ധ പതിപ്പിക്കുന്നതു്. ഇതു് ആശയത്തിനൊത്തവണ്ണം സാധിക്കുകയും ചെയ്യും. ആമുഖം സൃഷ്ടിച്ചു് രചന തുടങ്ങിയാൽ ശേഷം എഴു തിത്തീർക്കുവാൻ വളരെ ക്ലേശിക്കാറില്ല. പ്രാരോദനം ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ ഇവയിലെ പശ്ചാ ത്തലസൃഷ്ടി പ്രത്യേകം ശ്രദ്ധാർഹമാണു്. അങ്ങനെ ശ്രദ്ധിക്കുന്നവർക്കു മാത്രമേ കവി അതിൽ ചെലവഴിച്ചി ട്ടുള്ള ശ്രമവും ഔചിത്യവും മനസ്സിലാക്കാൻ കഴിയുകയുള്ളു. എഴുതിയാൽ വെട്ടിത്തിരുത്തുക അത്ര സാധാരണമല്ല. മൂളിമൂളി പ്രാസവും ലയവുമെല്ലാം ശരിപ്പെട്ടതിയതിനു ശേഷമേ കടലാസിൽ പകർത്താറുള്ളൂ. പദ്യങ്ങളുടെ സംഗീതാംശത്തിൽ പ്രത്യേകം ശ്രദ്ധിക്കും. കവിതയെ ഒരു ഗാനകലാപാടവമായിരുന്നു. പദങ്ങൾ തമ്മിൽ അലി

ഒരു മേരണം. ആശയങ്ങളും ഒന്നിനൊന്നു തുടർന്നു് എല്ലാംകൂടി സമ്മിളിതമായിരിക്കണം. ഇതാണു് ആദർശം. ഒഴിഞ്ഞ മൂലയില്ലാത്ത ഒരു ചായക്കടയിലോ മറേറാ പോയിരിക്കും. വണ്ടിനെപ്പോലെ മുരളുന്നതു കേൾക്കാം. മൂളി ശരിയാക്കിയതിനു ശേഷം അല്പംകൂടി ഉറച്ച സ്വരത്തിൽ ആലപിക്കും; സർവാംഗസുന്ദരമായി എന്നു തുപ്പിവന്നാൽ ഉടനെ അതെഴുതും. പിന്നെ അടുത്ത പദ്യത്തിലേക്കോ വരികളിലേക്കോ പോവുകയായി. ചിലപ്പോഴൊക്കെ ഉലാത്തിക്കൊണ്ടായിരിക്കും കാവ്യരചന. ബോട്ടിലോ തീവണ്ടിയിലോ യാത്രചെയ്യുമ്പോൾ മറെറാപദ്രവമൊന്നുമില്ലെങ്കിൽ കവിതയെഴുത്തു് അദ്ദേഹത്തിനു് അസാദ്ധ്യമായിരുന്നില്ല. റോഡിൽക്കൂടി നടന്നുപോകുമ്പോഴും വസ്തുക്കളുടെ സൂക്ഷ്മസാദൃശ്യങ്ങളെപ്പററിയും സ്വാരസ്യഭാവങ്ങളെപ്പററിയും ചിന്തിക്കുമായിരിക്കും. ചിലപ്പോൾ പെട്ടെന്നു പരിസരങ്ങൾ മനസ്സിലാക്കണമെങ്കിൽ ഇരുദിവാസ്വപ്നങ്ങളിൽനിന്നും ഉണരേണ്ടതായി വന്നുകൂടുന്നു. കവിതയെഴുത്തിൽ മനസ്സലിഞ്ഞു വ്യാപൃതനായിരിക്കുമ്പോഴും ചുററും നടക്കുന്ന കാര്യങ്ങൾ അദ്ദേഹം അറിയുകതന്നെയില്ല. അതു സമ്പൂർണ്ണമായ ഏകാഗ്രത അക്കാര്യത്തിൽ കവിക്കു സ്വാധീനമായിരുന്നു. കവിതയുടെ തുടക്കത്തിൽ എന്നപോലെയോ അതിൽ അല്പംകൂടി മെച്ചമായോ ഉള്ള ഒരു ശ്രദ്ധാവിശേഷമാണു് കവിത അവസാനിപ്പിക്കുന്ന രീതിയിൽ അദ്ദേഹം ദീക്ഷിക്കുന്നതു്. അദ്ദേഹത്തിന്റെ ആത്മഗീതങ്ങളിൽപ്പോലും ഇതു തെളി

ഞ്ഞുകാണാം. ആദ്യകൃതികൾ എന്നു പറയാവുന്ന നളിനി യിലും ലീലയിലുംതന്നെ ഇതു പ്രകടമാണ്. കാവ്യങ്ങ ൾക്ക് ഒരുദ്ദേശമുണ്ട്. രസവും അറിവും പ്രദാനം ചെയ്യുക എന്നുള്ളതാണ് അവയുടെ മർമ്മം. വായിച്ചുകഴിഞ്ഞാലും കാവ്യത്തിന്റെ പരമപ്രയോജനം വായനക്കാർക്കു നഷ്ട മാകരുതു്. കാവ്യാന്ത്യത്തിലാണ് ഈ ഉദ്ദേശം കൂടുതലും ഫലിപ്പിക്കേണ്ടതു്. ഈ വക കാര്യങ്ങളിൽ കവി പാലി ച്ചിരുന്ന നിഷ്കർഷ അസാധാരണമായിരുന്നു. ദണ്ഡി, മമ്മടൻ, അപ്പയ്യദീക്ഷിതർ മുതലായവരുടെ അലങ്കാര ഗ്രന്ഥങ്ങളും അദ്ദേഹത്തിനു മിക്കവാറും ഹൃദിസ്ഥമാണ്. അവയൊക്കെ ചർച്ചചെയ്തു് സ്വതന്ത്രാഭിപ്രായത്തിലെ ത്തുവാനും അദ്ദേഹത്തിനു് ഒരു പ്രത്യേക സാമർത്ഥ്യ മുണ്ടു്. കാവ്യകലാവിചക്ഷണൻ എന്നുള്ള അഭിധാന ത്തിനു് ആശാനെക്കാൾ അർഹതയുള്ളവർ അധികമുണ്ടാ യിരിക്കയില്ല. 'കാവ്യകല—അല്ലെങ്കിൽ—ഏഴാം ഇന്ദ്രിയം' ഈ വഴിക്കുള്ള അദ്ദേഹത്തിന്റെ ആശയങ്ങളെ നമുക്കു വെളിവാക്കിത്തരുന്നു.

> "ഏകാന്തം വിഷമമൊതുക്കിയും വെറും പാ-
> ഴാകാശങ്ങളിലലർ വാടിയാരചിച്ചും
> ലോകാനുഗ്രഹപരയായെഴും കലേ,നീൻ-
> ശ്രീകാൽത്താരിണയടിയങ്ങടം കുമ്പിട്ടതു."

ഈ തുടക്കം തന്നെ നോക്കുക. ആരംഭം, പോഷണം, സമാ പനം, എല്ലാറ്റിനും ഉപരി ഔചിത്യം ഇതിൽ പ്രത്യേകം

ശ്രദ്ധ വച്ചാൽ കാവ്യത്തിനു് ഉൽകൃഷ്ടം ഉണ്ടാകാതെ വരുന്നതെങ്ങനെ? സാധാരണരീതി ഇതാണെങ്കിലും പ്രത്യേക അവസരങ്ങളെ സമാദരിച്ചു് ഒപ്പട്ടെന്നു് കവിത എഴുതിത്തീർക്കുവാനും അദ്ദേഹത്തിനു കഴിയും. ആശാന്റെ ഈ സാമർത്ഥ്യത്തിനു മകുടോദാഹരണമാണു് "ദിവ്യകോകിലം." മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ ബഹുമാനാർത്ഥം ശ്രീ. മള്ളൂർ ഗോവിന്ദപ്പിള്ള (സ്ത്രീകരണക്കമ്മറ്റിഅദ്ധ്യക്ഷൻ) അവർകളുടെ ആവശ്യപ്രകാരം എഴുതിക്കൊടുത്തതാണിതു്. ഈ കവിത ടാഗോറിന്റെ തന്നെ ഏതു കൃതിയോടും കിടനില്ക്കുന്ന ഒന്നാണു്. ഇതിന്റെ രചനയ്ക്കു് ഏതാനും സമയം മാത്രമേ കവി എടുത്തിട്ടുള്ളൂ. എന്റെ താമസസ്ഥലത്തു വച്ചു ഞാൻ ക്ലേയെടുത്തപ്പോൾ രചിച്ചതാണു് ഈ കാവ്യരത്നം. ഇതിന്റെ രചനയിലും പാരായണത്തിലും കവി തന്നെ പുളകം പൂണ്ടിട്ടുണ്ടു്. ഇതിൽ കവിക്കുണ്ടായിരുന്ന അഭിമാനം മറ്റു വലിയ കൃതികളിൽത്തന്നെയും ഉണ്ടായിട്ടില്ല. ഇതിന്റെ മാറ്റു് ഉരച്ചുറപ്പിച്ചതുമുള്ള പ്രമാണവും ഇതു തന്നെ. കാവ്യരചനയിൽ കവിയിൽ ഞാൻ ദർശിച്ചിട്ടുള്ള ചില പ്രത്യേകതകളാണു് ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളതു്.

ആശാൻ ഒരു സ്വാതന്ത്ര്യാരാധകൻ ആയിരുന്നുവെന്നു് ഞാൻ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആരുടെയെങ്കിലും സ്വാതന്ത്ര്യത്തോടു ചെയ്യുന്ന അപരാധം അദ്ദേഹത്തിനു് ഒരിക്കലും മനഃക്ഷോഭം ഉണ്ടാക്കാതിരിക്കുകയില്ല. എന്നെ

പ്രത്യേകം സംബന്ധിക്കുന്ന ഒരു കാര്യമാണെങ്കിലും എനിക്കു വളരെ അഭിമാനകരമല്ലെങ്കിൽത്തന്നെയും, ഒരു ദൃഷ്ടാന്തം ഞാൻ പറയാം. ഒരു ദിവസം കാലത്തു്, കുന്നുകഴിയിലുള്ള എന്റെ വീട്ടിന്റെ മുൻവരാന്തയിൽ എന്തോ സംഗതികഠം സംസാരിച്ചുകൊണ്ടു് ആശാനും എന്റെ പിതാവും ഞാനും നിൽക്കുകയാണു്. ഞങ്ങളുടെ സംഭാഷണം ഒളിവിൽ ശ്രദ്ധിച്ചുകൊണ്ടു് റോഡിൽ ഒരു പയ്യൻ നില്ക്കുന്നു. അവൻ ബലിഷ്ഠകായനും ക്രൂരത സ്ഫുരിക്കുന്ന മുഖഭാവമുള്ളവനും ആയി കാണപ്പെട്ടു. പൊതുനിരത്തിലാണെങ്കിലും വീട്ടിനു മുൻവശം ഞങ്ങളുടെ സംഭാഷണം ഒളിവിൽ കേട്ടുകൊണ്ടുനിന്നതു് അച്ഛനു രസിച്ചില്ല. "എന്തെടാ അവിടെ നിൽക്കുന്നതു്" എന്നു് അച്ഛൻ അവനോടു കയർത്തു. "എടാ എന്നു വിളിക്കേണ്ടതു് എന്നെയല്ല" എന്നു് അല്പം മന്ദമായിപ്പറഞ്ഞുകൊണ്ടു് അവൻ മുന്നോട്ടു നടന്നു. അച്ഛൻ ഇതുകേട്ടോ എന്നു് എനിക്കു തീർച്ചയില്ല. ആശാൻ കേട്ടിട്ടില്ല എന്നെനിക്കറിയാം: എന്തായാലും ഞാൻ കേട്ടു. അതു പെരുക്കി ചൊരുക്കൻ പ്രതാപശാലിയായ എന്റെ അച്ഛനോടു് അക്ഷന്തവ്യമായ ഒരപരാധമാണു കാണിച്ചതെന്നു് ഇതിനെ ഞാൻ വ്യാഖ്യാനിച്ചു. പെട്ടെന്നു റോഡിൽ ഇറങ്ങി അവനെഞാൻ പിന്തുടർന്നു. എന്നെക്കണ്ടമാത്രയിൽത്തന്നെ അവൻ ഓടാൻ തുടങ്ങി. ഉദ്ദേശം രണ്ടു ഫർലാംഗു് പിന്തുടർന്നു് അവനെ ഞാൻ പിടിക്കുടി. അവൻ ശക്തനായിരുന്നെങ്കിലും എനിക്കന്നു് അവനെക്കാഠം ശക്തിയുണ്ടായിരുന്നു. അവനെ

റോഡിൽക്കൂടി വലിച്ചിഴച്ച് അവൻ ധിക്കാരം പറഞ്ഞ സ്ഥലത്തുകൊണ്ടു നിറുത്തി അവനെ മൂന്നു നാലു പ്രാവശ്യം രിച്ചു. അവൻ നിലവിളി മുഴക്കിയപ്പോളാണ് എന്റെ പ്രവൃത്തി അല്പം സാഹസമായിപ്പോയി എന്നു് എനിക്കു തോന്നിയതു്. അവന്റെ നിലവിളി കേട്ടു് അച്ഛനും ആശാനും വെളിയിലേക്കു് ഇറങ്ങിവന്നു. "അയാളെവിടുക" എന്നു് ആശാൻ ഗർജ്ജിച്ചു. ക്ഷോഭംകൊണ്ടു് അദ്ദേഹത്തിന്റെ മുഖവും കണ്ണുകളും ചുവന്നിരുന്നു. ഞാൻ അവനെ വിടുകയും അവൻ ഓടിപ്പോകുകയും ചെയ്തു. ആശാൻ എന്നെ വിട്ടില്ല. റോഡിൽക്കൂടി ചുമ്മാ പോയ ഒരുവനെ കൈയ്യേറ്റം ചെയ്വാനുണ്ടായ കാരണം അദ്ദേഹം ആരാഞ്ഞു. ഞാൻ എന്റെ വശം പറഞ്ഞു കേൾപ്പിച്ചു. ആശാനും നീറിപ്പോകുന്ന ഒരു പ്രാസമാണ് അപ്പോൾ അദ്ദേഹത്തിന്റെ മുഖശ്രീയെ ശ്യാമമാക്കിയതു്. "നിങ്ങളാണോ സ്വാതന്ത്ര്യപ്രേമി, നിങ്ങളാണോ വിദ്യാസമ്പന്നൻ" എന്നു തുടങ്ങി ഇംഗ്ലീഷിലും മലയാളത്തിലുമായി ഒരു ഭർത്സനം ആരംഭിച്ചു. സ്വാതന്ത്ര്യം കാമിക്കുന്നവർ അന്യരിൽ അതനുവദിച്ചുകൊടുക്കണമെന്നും അങ്ങനെയുള്ളവർ മാത്രമേ അതർഹിക്കുന്നുള്ളുവെന്നും അദ്ദേഹം ധർമ്മവാദം ചെയ്തു. "ആ ചെക്കനെ നിങ്ങൾ അനുമോദിക്കേണ്ടതായിരുന്നു. അയാളെ 'എടാ' എന്നു വിളിച്ചുപമാനിക്കുവാൻ ആർക്കാണധികാരമുള്ളതു്? അതിൽ അയാൾ പ്രതിഷേധിച്ചുവെങ്കിൽ അതു പുരുഷപ്രകടനംമാത്രമല്ലേ? കൈയ്യുക്കു് ഉണ്ടെന്നു വിചാരിച്ചു് ആരെയും എന്തും ചെയ്യാമെന്നു വയ്ക്കുന്നതു് ഭീരുത്വവും ധിക്കാരവുമാണു്. മേലാൽ ഒരു

ക്കലും അങ്ങനെ ചെയ്യരുത്" ഈ ദർശനം നമ്മുടെ സ്വായി ഞാൻ കേൾക്കേണ്ടിവന്നു. കുറച്ചു മുഴുവൻ എന്റെ പക്കൽ അയയ്ക്കുകൊണ്ടു് എനിക്കൊന്നും പറയുവാനുണ്ടായിരുന്നില്ല. അന്യരുടെ വീക്ഷണകോണത്തിൽനിന്നുകൂടി സംഗതികൾ ദർശിക്കേണ്ടതാണെന്നു ഞാൻ തീരുമാനിച്ചു. ഇതു് എനിക്കൊരു പാഠമായും തീർന്നു.

ആശാന്റെ സ്വാതന്ത്ര്യാരാധനയും അധർമ്മവിദ്വേഷത്തിനും ഒരുദാഹരണമായി മാത്രമാണു് ആ സംഭവം ഞാൻ വിവരിച്ചതു്. ഇതുപോലുള്ള മറ്റൊരു സ്വാതന്ത്ര്യമൂർത്തിയായിരുന്ന ശ്രീ.അയ്യപ്പൻ. അദ്ദേഹം ഏതാണ്ടു് ഇക്കാലത്തോടടുപ്പിച്ചാണു് തിരുവനന്തപുരത്തുനിന്നു് "സഹോദരൻ" നടത്തിക്കൊണ്ടിരുന്നതു്. അതിൽ ചേർക്കുവാൻ സ്വാതന്ത്ര്യത്തെ അധികരിച്ചു് ഒരു കവിതയെഴുതിക്കുന്നതിനായിഞങ്ങൾ രണ്ടാളുംകൂടി ആശാനെ ഒരു ദിവസം ചെന്നുകണ്ടു. കവിത എഴുതിത്തരാമെന്നു സസന്തോഷം സമ്മതിച്ചു. അതു് എഴുതിവാങ്ങിക്കൊടുക്കേണ്ട ചുമതല എന്നെയാണു് ഏൽപ്പിച്ചതു്. ഒരു രാത്രികൊണ്ടുതന്നെ അതുയും പദ്യങ്ങളും എഴുതിത്തീർത്തു എന്നാണു് എന്റെ ഓർമ്മ. "മനുഷ്യബോധനം" എന്ന തലക്കെട്ടിൽ അതു് സഹോദരനിൽ പ്രസിദ്ധീകരിക്കയും ചെയ്തു. ഏതു സ്വാതന്ത്ര്യാരാധകന്റെയും വേദവാക്യം എന്നു പറയാവുന്നതും ഇതിനിടെ കേരളക്കരയിലെങ്ങും പ്രചാരം സിദ്ധിച്ചിട്ടുള്ളതുമായ ഒരു പദ്യം ഈ കൃതിയിലുണ്ടു്.

"സ്വാതന്ത്ര്യം തന്നെയമൃതം;

സ്വാതന്ത്ര്യം തന്നെ ജീവിതം;

പാരതന്ത്ര്യം മാനികൾക്കു-
മതിയേക്കാൾ ഭയാനകം.'

ചല കാവ്യഗുണങ്ങളും സ്വാതന്ത്ര്യമന്ത്രങ്ങളും ഈ കവിത യിൽ ഒളിക്കിവച്ചിട്ടുണ്ടെന്നു് സൂക്ഷിച്ചുവായിച്ചാൽ കാണാവുന്നതാണു്. എങ്കിലും 'ഉദ്ബോധനം' പൊതുവിൽ എന്നെയോ ശ്രീ. അയ്യപ്പനെയോ തൃപ്തിപ്പെടുത്തിയില്ല. ആ കവിതയ്ക്കു് അകപ്പാടെ 'ഉശിര്' പോരെന്നു്, അന്നു തിപ്പോരി പ്രകൃതക്കാരായിരുന്ന ഞങ്ങൾക്കു രണ്ടുപക്ഷം തോന്നി. ഈ പരാതിയുംകൊണ്ടു് ഞങ്ങൾ കവിയെത്തന്നെ വീണ്ടും സമീപിച്ചു. "ഉശിരുള്ള കവിത എഴുതിത്തന്നാൽ പ്രസിദ്ധപ്പെടുത്താൻ ധൈര്യമുണ്ടോ?" മ്യന്നദ്ദേഹം ചിരിച്ചുകൊണ്ടു ചോദിച്ചു. രണ്ടുദിവസം കഴിഞ്ഞു് അവിടെ ചെന്നപ്പോൾ "സിംഹനാദം" പൂർത്തിയായിട്ടുണ്ടു്. ഇതു കവിതന്നെ ഞങ്ങളെ ചൊല്ലിക്കേൾപ്പിക്കയും ചെയ്തു.

"ഉണരിനുണരിനുള്ളിലാത്മശക്തി-
പ്രണയമെഴും സഹജാതരേ, തരിപ്പിൻ!
രണപടഹമടിച്ചു ജാതിരക്ഷ-
സ്സുണരൊരിടങ്ങളിലൊക്കെയെത്തിനോപ്പിൻ.

കരനഖനിരകൊണ്ടു ക്രൂരരുട്ടാം
കരിയുടെ കുംഭമുടച്ചു ചോര തൂവി;
തരയൊടടയമാന്ത നിങ്ങളോടീ-
ഹരിയുരചെയ്തതു ഹന്ത കേട്ടുകൊൾവിൻ"

"പരരിലലിവെഴാത്ത ദുർജനത്തിൻ-
കരബലകല്പിതമാണു ജാതിഭേദം."

"നരനു നരനുത്തുദ്ധാവസ്തുപോലും
ധരയിൽ നടപ്പുതു തീണ്ടലാണുപോലും" മുതലായ പദ്യങ്ങൾ കവി തന്നെ ഉദ്ഘോഷിച്ചപ്പോൾ എന്തെന്നില്ലാത്ത ഒരാവേശമാണു് ഞങ്ങളറിയാതെ ഞങ്ങളിൽ ഉണർന്നു പൊങ്ങിയതു്. അതിൽകണ്ട ഉൾതിരു് ഞങ്ങളെ അല്പം ഒന്നു ഞടുക്കി എന്നതന്നെ പറയണം. അദ്ദേഹം ഈ കവിത ചൊല്ലിയ രീതികണ്ടും അതിൽ പ്രകടമാക്കിയിരുന്ന ആശയങ്ങളുടെ ഗാംഭീര്യവും ഓർത്തും ഞങ്ങളെക്കാൾ അല്പവും കുറയാത്ത തീപ്പൊരിയാണു് കവിയെന്നു് ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞു. സംയമനംകൊണ്ടും ദീർഘകാലത്തെ അച്ചടക്കംകൊണ്ടും എല്ലാം ഒതുക്കിവച്ചിരിക്കുന്നു എന്നേയുള്ളൂ. പലപ്പോഴും സിംഹത്തോടു് ഉപമിക്കപ്പെട്ടിരുന്ന ആ ധർമ്മധീരൻ ഈ കവിത ചൊല്ലിയപ്പോൾ സിംഹമായിത്തന്നെ രൂപാന്തരപ്പെട്ടതുപോലെ തോന്നിപ്പോയി. ആ രംഗം എനിക്കു് ഒരിക്കലും മറക്കുവാൻ സാധിക്കുന്നതല്ല. വിധ്വംസകമായി വ്യാഖ്യാനിക്കപ്പെടാവുന്ന ഈ കവിത നിയമജ്ഞാഭിപ്രായം ആരാഞ്ഞതിനു ശേഷം വേണം പ്രസിദ്ധപ്പെടുത്തുവാൻ എന്നു് അല്പം ശാന്തനായതിനു ശേഷം അദ്ദേഹം പറഞ്ഞു. ഇക്കാര്യത്തിനു് ഞാനും അദ്ദേഹവും കൂടിയാണു് നിയമപടുവായ ശ്രീ. കുഞ്ഞാലം പരമേശ്വരൻപിള്ള അവർകളെ സമീപിച്ചതു്. കവിത ചൊല്ലിക്കേട്ടതിനുശേഷം ബ്രിട്ടിഷ് കൊടിയിലെ അടയാളമായ 'ഹരി' പറയുന്നതാകയാൽ ഇതു പ്രസിദ്ധപ്പെടുത്തുന്നതിനു നിയമപരമായ ആക്ഷേപമൊന്നും വരാ

നില്ലാഎന്നു് അദ്ദേഹം ഉപദേശം തന്നു. ഇതാണു് "സിംഹനാദ"ത്തിന്റെ ചരിത്രം. പിൽക്കാലത്തു്, സുപ്രസിദ്ധമായ ഈ കവിത, വഴിയേ 'സഹോദര'നിൽ പ്രസിദ്ധീകൃതമായി. ജനതാമദ്ധ്യത്തിൽ വളരെ ഒച്ചപ്പാടുണ്ടാക്കീട്ടുള്ള ഒരു കൃതിയാണിതു്. സ്വാതന്ത്ര്യഭടന്മാക്കു് അതൊരു സമരകാഹളമായും തീർന്നു. സ്വാതന്ത്ര്യാരാധകൻ എന്ന നിലയിലും ജാതീയമായ അസമത്വങ്ങളോടു് മല്ലിടുന്ന ഒരു ധീരയോദ്ധാവെന്ന നിലയിലും ആശാനു് അതേവരെയുണ്ടായിരുന്ന പ്രശസ്തി ദ്വഗുണീഭവിച്ചു. അദ്ദേഹം ഒരു അഗ്നിപർവതമാണെന്നും ക്രൂടി അളുകൾ വ്യാഖ്യാനിച്ചുതുടങ്ങി. സ്വാതന്ത്ര്യത്തെപ്പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന ആവേശം പലപ്പോഴും മറ്റുള്ളവരിലും പരക്കത്തക്കവണ്ണം പ്രോജ്വലമായിരുന്നു. ഇങ്ങനെയുള്ളവർ വേണം എവിടെയും സ്വാതന്ത്ര്യസമരം നയിക്കുവാൻ. അദ്ദേഹം ഇക്കാര്യത്തിൽ പരമാവധി വിജയിച്ചതിൽ വിസ്മയിക്കുവാനൊന്നുമില്ല.

അല്പകാലം കഴിഞ്ഞു രചിച്ചതാണെങ്കിലും 'സ്വാതന്ത്ര്യഗാഥ' ഈ രണ്ടുകവിതകൾക്കും മകുടം ചാർത്തുന്ന മറ്റൊരു ഗാനരത്നമാണു്. പ്രഥമദൃഷ്ടിയിൽ ഗാഥാവൃത്തം ഇങ്ങനെയൊരു വിഷയത്തിനു് അനുഗുണമല്ലെന്നു തോന്നിയേക്കാമെങ്കിലും, അവരവരുടെ മനോധർമ്മം പോലെ ചൊല്ലി രസിക്കുകയും ഫലിപ്പിക്കുകയും ചെയ്യാവുന്ന ഒരു വൃത്തമാണതു്. ഈ വൃത്തം ഇതിലേക്കു തിരഞ്ഞെടുക്കുവാൻ ആശാനെ പ്രേരിപ്പിച്ച കാരണവും അതുതന്നെ ആയിരിക്ക

ണം. ഒരു സമരകാഹളമായി, മഹാസദസ്സുകളിൽ ഉയർത്തിമുഴക്കുന്നതും അതുകേട്ട് ശ്രോതാക്കൾക്ക് രക്തത്തുടിപ്പ് ഉണ്ടാകുന്നതുമൊക്കെ എനിക്കു നേരിട്ട് അനുഭവപ്പെട്ടിട്ടുള്ള സംഗതികളാണ്. ഒരു സംഘഗീതമായി ഈ കവിതയ്ക്കു സിദ്ധിച്ചിട്ടുള്ള കീർത്തിയും പ്രചാരവും കേരളത്തിൽ മറെറാരു കൃതിക്കും ലഭിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഇംഗ്ലീഷിലുള്ള സ്വാതന്ത്ര്യഗീതങ്ങളൊക്കെ നമ്മിൽ പലർക്കും പരിചിതമാണല്ലോ. അതിനൊന്നിനും പോലും ഇതു കവിതാഗുണമോ ഗാനാത്മകതയോ ആശയഗാംഭീര്യമോ ഉള്ളതായികാണുന്നില്ല. ആശാന്റെ സ്വാതന്ത്ര്യഗാഥ എന്നും എവിടെയും ഏതു സാമുദായികവിഭാഗത്തിനും ആത്മാഭിമാനത്തോടുകൂടി ഉദ്ഘോഷിക്കാവുന്നതാണ്. എത്ര കോടി നാവുകളാണ് ഈ ഗീതം ഇതിനകം ഉരുക്കഴിച്ചു നിർവൃതി നേടിയിട്ടുള്ളത്. സ്വാതന്ത്ര്യാരാധകന്റെ ഭഗവദ്ഗീതയാണിത്.

> "ഒരുന്ന ഞങ്ങൾ പിതവേ,നിൻ കൺമുന-
> ലുരത്തും തേന്മഴ ചാരുമെന്നും;
> ക്രൂരത തന്നുടെ നേരേയുയരുന്നൊ
> രോരമിടിത്തീയായ് മാറുമെന്നും ,, എന്നും,
> "വെട്ടി മുറിക്കുക കാൽച്ചങ്ങല വിരോ!
> പൊട്ടിച്ചെറികയിരുമ്പുവിലങ്ങും"

എന്നുമുള്ള വരികൾ ചൊല്ലിക്കേട്ടാൽ ആരുടെ ഹൃദയാന്തർഭാഗത്താണ് അതു മാറെറാലിക്കൊള്ളാതിരിക്കുന്നത്?

സ്വാതന്ത്ര്യമന്ത്രത്തിന്റെ കുമാരഭാഷ്യമായി ഈ പ്രഥമ ഗാനം നീണാൾ വിജയിക്കട്ടെ.

പ്രവൃത്തിയിൽ പകർത്തിയിരുന്നില്ലെങ്കിലും വിപ്ല വാത്മകമായ ഒരു മനഃസ്ഥിതിയാണു് ആശാനുണ്ടായിരു ന്നതെന്നു് വായനക്കാർ ഇതിനിടെ മനസ്സിലാക്കിയിരി ക്കും. കവിതാവിഷയത്തിലാണെങ്കിൽ വിപ്ലവകരമായ മാറ്റം സമുദായഘടനയെ പരിഷ്കരിക്കുന്ന കാര്യത്തിലും അതുപോലെതന്നെ നടപ്പിലിരിക്കുന്ന സ്ഥിതിഗതികളോ ടു് ശക്തിമത്തായ എതിരു് ഏതിലും പുരോഗമനം ഇതാ ണു് കുമാരനാശാൻ. ധീരധീരനായ ഈ വിപ്ലവകാരിയിൽ പുരോഗമനം കാണുന്നില്ലെങ്കിൽ അതു് അന്ധതകൊ ണ്ടുമാത്രമാണു്. ഹൃദയത്തിനുമാത്രമല്ല ബുദ്ധിക്കും അന്ധത; ആശാൻ ജനിച്ച ജീവിച്ച കാലത്തു പുരോഗമനപരമായി ഒരു ഒറ്റക്കൃത്യമാണു് ചെയ്യുവാനുണ്ടായിരുന്നതെങ്കിൽ അ തു് 'ജാതിക്ക്' സിദ്ധിച്ചുപോയ സ്ഥിരപ്രതിഷ്ഠ ഇളക്കുക എന്നുള്ളതാണു്. വർണ്ണാശ്രമക്കാർ ജാതിയെ കെട്ടിയുറപ്പി ച്ചിരിക്കുന്നതു് വിപുലമായ തോതിൽ അവർക്കുള്ള ജന്മി ത്വത്തിന്റെ അടിസ്ഥാനത്തിലാണെന്നു് അല്പം ആലോ ചിച്ചാൽ ആർക്കും കാണാം. തീണ്ടുള്ളവരും നിഷിദ്ധന്മാ രുമായി കല്പിക്കപ്പെട്ടിട്ടുള്ളവരിൽ ന്നൂറിനു തൊണ്ണൂറൊ മ്പതും ഭൂമി ഇല്ലാത്തവരുംക്രൂടിയാണു്. താമസിക്കുവാൻ വീടോ കൃഷിചെയ്യാൻ സ്വന്തമായി ഭൂമിയോ ഉള്ളവരുടെ മേൽ, ജാതിയും തീണ്ടും അടിച്ചേൽപ്പിക്കുവാൻ അതു

എള്ളപ്പമൊന്നുമല്ല. കേറിക്കിടക്കാൻ സ്ഥലമില്ലാത്തവനു് അഭിമാനമോ പൗരുഷമോ ഉണ്ടാകുന്നതെങ്ങനെ? ഈ രണ്ടിന്റെയും അഭാവമാണു് ജാതിയുടേയും തീണ്ടിന്റെയും ഭാവവിലാസമെന്നു് സമുദായമീമാംസ അറിയാവുന്ന ആൾക്കും എള്ളപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയും. ഈമാതിരിയുള്ള അസമത്വക്കോട്ടകളെ തട്ടിത്തകർക്കാനാണു് ആശാൻ കരിങ്കുയുദ്ധം നടത്തിയതു്. അദ്ദേഹത്തിന്റെ ആഹ്വാനങ്ങളെ സ്വീകരിച്ചു് ആ നേതൃത്വത്തെ ഭക്തിയോടേ പിൻതുടർന്ന ധർമ്മഭടസംഘമാണു് ജാതിയെ തകർത്തു തുടങ്ങിയതും. ജാതി ഇല്ലാതായാൽ ഭൂവിതരണത്തിലുള്ള അസമത്വവുംക്രൂടി ഏറെക്കുറെ അതോടൊന്നിച്ചു നശിക്കാതിരിക്കയില്ലെന്നു് ആശാൻ നല്ലവണ്ണം അറിഞ്ഞിരുന്നതാണു്. ജാതി ഏറ്റപ്പാടിനെ ശിഥിലീകരിക്കുന്നതിൽ ഇത്ര ആവേശം അദ്ദേഹം പ്രകടിപ്പിച്ചതും അതുകൊണ്ടുതന്നെയാണു്. ഇതു പലരും മറന്നുകളയുന്നു എന്നു മാത്രം. സാഹിത്യലോകത്താണെങ്കിൽ മണിപ്രവാളഭാഷാരീതിയും മഹാകാവ്യപ്രസ്ഥാനവും പരിപുഷ്ടിരിക്കുക എന്നതിനു് ഏതാണ്ടു് മേൽപ്പറഞ്ഞ ഉദ്ദേശ്യമായിരുന്നതു്. ഈ രണ്ടുവശങ്ങളിൽക്രൂടി പരിശോധിച്ചാലും ആശാനെക്കാൾ മികച്ച ഒരു പുരോഗാമിയെ കാണുവാൻ പ്രയാസമാണു്. ഏതിലും പുരോഗമനകാംക്ഷിയാണു് ആശാൻ. ആ വിശാലഹൃദയത്തിന്റെ ഈ വശം ഒന്നു പ്രതിഫലിപ്പിച്ചില്ലെങ്കിൽ അദ്ദേഹത്തെപ്പറ്റിയുള്ള ശരിയായ ഒരറിവു് ആൾക്കും ഉണ്ടായി എന്നു വരുന്നതല്ല. ആശാനിൽ

പ്രസരിച്ചിരുന്ന പുരോഗാമിതത്വത്തിന്റെ വിവിധവശങ്ങൾ ഈ ഗ്രന്ഥത്തിൽ അങ്ങിങ്ങായി സൂചിപ്പിച്ചിട്ടുള്ളതിനാൽ അതിനെപ്പറ്റി ഇതിൽ കൂട്ടതലായി ഒന്നും പറയേണ്ട ആവശ്യം നേരിട്ടിന്നില്ല.

കവിതവഴി ആത്മപ്രകാശനം നിർവഹിക്കുന്ന സമ്പ്രദായം ആശാൻ വളരെ ഇഷ്ടപ്പെട്ടിരുന്ന ഒന്നാണ്. ആശാന്റെ ഈ സംരംഭത്തെ ആത്മഗീതപ്രസ്ഥാനം (lyrics) എന്ന വേണമെങ്കിൽ നിർവചിക്കാം. മനസ്സിനു് എന്തെങ്കിലും ക്ഷോഭം തട്ടിയാൽ എതു വിധേനയും അതിൽനിന്നു് ആശ്വാസം തേടുകയെന്നുള്ളതു് പ്രാണിസഹജമായ ഒരു പ്രേരണയാണു്. കരയുക, നിലവിളിക്കുക, പാടുക, എഴുതുക, പ്രസംഗിക്കുക ഇവയൊക്കെ വികാരശതിയുടെ പ്രകടനങ്ങളാണു്. അവരവരുടെ സംസ്കാരവും വാസനയും അനുസരിച്ചു് അപ്പോഴത്തെ പരിതഃസ്ഥിതിക്കു വിധേയമായും ഓരോന്നു തെരഞ്ഞെടുക്കുന്നു. എല്ലാറ്റിന്റെയും ഉന്നം ആത്മശാന്തി കൈവരുത്തുക എന്നുള്ളതത്രേ. ഏതു സാഹിത്യം പരിശോധിച്ചാലും ഇതിനുദാഹരണം സുലഭമാണു്. ഭാഷാസാഹിത്യത്തിൽ ഈ പ്രസ്ഥാനത്തിനു പ്രചാരം വരുത്തിയതു് ആശാൻ തന്നെ എന്നതന്നെ പറയണം. ഇതു് അദ്ദേഹത്തിൽനിന്നും ഭാഷാകവിതയ്ക്കുണ്ടായിട്ടുള്ള ഒരു നേട്ടവുമാണു്. ഏതെങ്കിലും പ്രത്യേകകാരണം കൊണ്ടുണ്ടാകുന്ന വികാരഭാരത്തെ ലഘൂകരിക്കാൻവേണ്ടി എഴുതിയിട്ടുള്ള ചെറിയ ചെറിയ കൃതികളെയാണു് ആത്മഗീതങ്ങൾ എന്നു ഞാൻ നിർവചിക്കു

ന്നത്. ഇത്തരത്തിലുള്ള എത്രയോ മനോഹരകവനങ്ങൾ ഞാൻറെ തൂലിക ദോഷയുള്ള പ്രദാനം ചെയ്തിട്ടുണ്ട്. വികാരസമ്മർദ്ദത്തിൽനിന്ന് ഉദ്ഭ്രതമാകുന്നവയും ആത്മശാന്തിക്കുവേണ്ടി എഴുതിത്തീർക്കുന്നവയും ആയതുകൊണ്ട് ഇവഎല്ലാം തന്നെ വായനക്കാർക്ക് കൂടുതൽ ഹൃദ്യമായിരിക്കും. ഇവയിൽ ശാന്താത്മകതാപം മികച്ചു നിൽക്കുകയാൽ ചൊല്ലുവാനും ചൊല്ലിക്കേൾക്കുവാനും ഉള്ള രസം വർദ്ധിച്ചുമിരിക്കും. ഇതുയുമൊക്കെയാണ് ആത്മഗീതങ്ങളുടെ സ്ഥൂലരൂപം. സപ്രകാശനമായതുകൊണ്ട് കവിയുടെ ഹൃദയം വഴി അദ്ദേഹത്തെ ശരിക്കു മനസ്സിലാക്കാനും ഈ കൃതികൾ വായനക്കാർക്ക് അവസരം ഉണ്ടാക്കിക്കൊടുക്കുന്നു. ഈ പ്രസ്ഥാനം പരിപുഷ്ടമായിട്ടുള്ളതു പാശ്ചാത്യകവിതകളിലാണ്". ഒരു യഥാർത്ഥകവി ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ ആത്മഗീതത്തിൽഏർപ്പെടേണ്ടതായിത്തന്നെ വരും. ആശാനാണെങ്കിൽ ഇക്കാര്യത്തിൽ ഒരു പ്രത്യേകവാസനയാണുണ്ടായിരുന്നതു. അദ്ദേഹത്തിൻറെ മനോധർമ്മം ആത്മഗീതങ്ങൾ വഴി നല്ലവണ്ണം തിളങ്ങിക്കാണുന്നുണ്ട്. സന്തോഷം, സന്താപം, വിദ്വേഷം, ഭയം മുതലായ വികാരങ്ങൾ ഹൃദയസരസ്സിൽ കല്ലോലനിര സൃഷ്ടിച്ചാൽ അവ ഇളകിത്തന്നെ ശമിക്കണം. ആത്മഗീതങ്ങൾക്ക് സ്വാഭാവികവും മന്ദവുമായ ഒരു തുടക്കവും വികാരതരളിതമായ ഒരു മദ്ധ്യവും ശാന്തിദായകമായ ഒരു അന്ത്യവും

സൂക്ഷിച്ചുനോക്കിയാൽ കാണാവുന്നതാണ്. ആശാന്റെ ഗീതങ്ങളെല്ലാം ഇതിനു വിശിഷ്ടോദാഹരണങ്ങളായി കാണപ്പെടുന്നുണ്ട്. അപ്പോഴപ്പോഴായി ആശാൻ രചിച്ചിട്ടുള്ള ചെറുകൃതികളിൽ എല്ലാറ്റിലുംതന്നെ ആത്മഗീതത്തിന്റെ ഛായകാണാവുന്നതാണെങ്കിലും ഏതാനും ചിലതിലാണ് അതു തെളിഞ്ഞു നില്ക്കുന്നതു്.

ഈ കൃതികൾ ഒന്നൊന്നായി എടുത്തു പരിശോധിക്കുന്നതിനുമുമ്പു്, ഗീതാത്മകമായ ആത്മപ്രകാശനത്തിനു് ആശാനിൽ കണ്ടിരുന്ന ഒരു പ്രത്യേകതയെപ്പറ്റി പറയേണ്ടതുണ്ടു്. സ്നേഹശീലം മൂർത്തീകരിച്ചു വിളങ്ങിയ ഒരു ഹൃദയം ആശാൻറേതുപോലെ വളരെ അധികം ഉണ്ടായിരുന്നിട്ടില്ല. സ്നേഹിക്കുന്നവരെ ഹൃദയം തുറന്നു സ്നേഹിക്കുകയും ചെയ്യും. ഇങ്ങനെയുള്ള സ്നേഹപാത്രങ്ങൾക്കു് ഏതെങ്കിലും അനിഷ്ടം സംഭവിച്ചാൽ ഉള്ളുഴിഞ്ഞു് അതിൽ പരിതപിക്കും. ക്രൂരമായ മൃത്യു ആണു് ഈ അനിഷ്ടസംഭവമെങ്കിൽ അദ്ദേഹം വിലപിക്കതന്നെ ചെയ്യും. പല പ്പോഴും ഇവ വിലാപഗീതങ്ങളായി രൂപമെടുത്തിട്ടുമുണ്ടു്. കവിഹൃദയത്തിൽ സ്ഫുരണം ചെയ്യുന്ന ഈ വകവികാരങ്ങളെ ഏറ്റവും ഹൃദയസ്പൃക്കാംവണ്ണം കവിതന്നെ പ്രരോദനത്തിന്റെ മുഖവുരയിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ബന്ധുമിത്രാദികളെ ശോകസാഗരത്തിൽ ആഴ്ത്തിക്കൊണ്ടു് സജ്ജനങ്ങൾ മോഹവിയോഗം ചെയ്യുക അസാധാരണമല്ല. ഇങ്ങനെയുള്ള വികാരങ്ങളും കവിഹൃദയ

ത്തെ സ്പർശിക്കുമ്പോഴെല്ലാം ചില വിലാപഗീതങ്ങൾ അവിടെനിന്ന് ഉദ്ഭ്രതമാകുന്നു. അതുകൊണ്ടു മാത്രമേ ദുഃഖിതമായ അദ്ദേഹത്തിന്റെ ഹൃദയത്തിനു് ആശ്വാസം സിദ്ധിക്കുകയുള്ളൂ.

"ചത്തവക്കു കണക്കില്ലയെന്നാലും
എത്ര പാർത്തു പഴകിയതാകിലും;
ചിത്തത്തിൽ ക്രൂരിയന്നവർ പോകുമ്പോഠം
പുത്തനായ് ത്തന്നെ തോന്നുന്നഹോ മുതി".

ഇങ്ങനെയാണു് ഒരു സുഹൃദ്വിരഹത്തിൽ കവി ആശ്വാസം നേടുന്നതു്. മറ്റൊരവസരത്തിൽ ഇപ്രകാരം വിലപിച്ചിട്ടുണ്ടു്.

"കരയുവതിനുമില്ല കെല്പുമേ
കരളെഴുമാധിയിലന്ധമാകയാൽ;
ചൊരിയുവതിനുമില്ല കണ്ണുനീർ
സിരകൾ തപിച്ചു വരണ്ടുപോകയാൽ"

കവിയുടെ സ്നേഹബഹുമാനങ്ങൾക്കു പാത്രമായിത്തിന്ന ഒരു സന്ന്യാസിവര്യന്റെ ദേഹവിയോഗത്താൽ മനം കാഞ്ഞു് കവി പാടിയിരിക്കുന്നതു നോക്കുക:—

"അരിയോരന്നമേ, അതിചിരമെന്റെ—
ഹൃദയപങ്കജ സഖനായ് വാണ നീ
പറന്നു പോകുന്നോരളവപ്പൂവിന്റെ—
യടിനാളുംക്രൂടി ഥരിച്ചുവെന്നതോ" ആത്മഗീതത്തിന്റെയും ആത്മഗീതമാണു് വിലാപഗീതം. കവി

ഹൃദയത്തിനു് അനുശോചനപരമായി സ്വതേ ഉണ്ടായിരുന്നതുപോലെ ചായ്വിനെ എടുത്തു കാട്ടുവാനാണു് ഞാൻ ഇത്രയും പറഞ്ഞതു്. സ്വാമിശിഷ്യനായും ബ്രഹ്മചാരിയായും കഴിഞ്ഞ കാലത്തു് ആശാൻ തന്റെ മാതാവിനെ പോയി കാണുകയും മറ്റും ചെയ്തുകൊണ്ടിരുന്നു. ആ സ്നേഹവതിയുടെ ചരമകാലത്തു് അടുത്തിരുന്നു സാന്ത്വനങ്ങൾ പറയാൻപോലും ആശാനു സാധിച്ചിട്ടില്ല. ലൗകികരീതിയിൽ ഇങ്ങനെയൊക്കെ ചെയ്താൽ അതു് സന്യാസധർമ്മത്തിനു വിരുദ്ധമായിരിക്കുമെന്നു് ആശാൻ ഭയപ്പെട്ടിരിക്കാം. പെട്ടെന്നു് അമ്മയുടെ മരണവൃത്താന്തം കമ്പിമൂലം അറിഞ്ഞപ്പോൾ കവിക്കുണ്ടായ സങ്കടം അളവറ്റതായിരുന്നു. ദുർവഹമായ ഈ വ്യഥയിൽ നിന്നു് ആശ്വാസം നേടുവാൻ കവി വിലപിക്കുന്നതു് എത്ര ഹൃദയമഴിഞ്ഞാണെന്നു് "ഒരു അനുതാപം" എന്ന അഭിധാനത്തിൽ നമുക്കു ലഭിച്ചിട്ടുള്ള വിലാപ കാവ്യത്തിൽ നിന്നും മനസ്സിലാക്കാം. കണ്ണീരിന്റെ ശങ്ക കൂടാതെ ഈ കവിത വായിച്ചു തീർക്കാവുന്നവരായി ആരെങ്കിലുമുണ്ടെങ്കിൽ അവരോടു് അസൂയപ്പെട്ടുവാൻ തരമില്ല. അമ്മയോടു ചെയ്തുപോയ അപരാധത്തിനു് കവി നിലവിളിച്ചു കേണു കണ്ണീർ വാർക്കുന്നു! ഈ വിലാപത്തിലെ ഓരോ ശ്ലോകവും ശ്രദ്ധിച്ചുവായിക്കേണ്ടതാണു്. ഇതിൽ നിന്നു് ഉദ്ധരിക്കുക സുകരമല്ല. ഈ കവിത ഉച്ചത്തിൽത്തന്നെ ആലപിക്കേണ്ടതുമാണു്. താഴെക്കാണുന്ന രണ്ടു പദ്യങ്ങൾ സൂക്ഷിച്ചുവായിച്ചാൽ കവിയുടെ ഇതു വഴിക്കുള്ള വികാരധാരയെപ്പറ്റി ചിന്തിപ്പാൻ കഴിയും.

"രണ്ടാണ്ടുള്ളിലൊരിക്കലാം ജനനി, മൂ
ന്നാണ്ടുള്ളിലുമാകുന്നാളിലാം
കണ്ടീടുന്നതുനാ; മതും ചിലനിമേ
ഷംകൊണ്ടു വേർപാടിനാം;
ഉണ്ടാമെന്റെ കിനാവുമുത്സവമതാ—
യമ്മയ്ക്കു ഞാനോ സമൃത്
കണ്ടാസംഭ്രമമേകി ഹന്ത! സുഖമേ—
കിട്ടീല്ലയിന്നാഠംവരെ.
എന്മേൽ പ്രീതിയൊട്ടും ക്ഷമിക്കയപരാധം;
'ഞാൻ ക്ഷമിച്ചണ്ണി'യെ—
ന്നമ്മേ ചൊല്ലുക; കഷ്ടമമ്മ മൃതയായ്;
പൊങ്ങില്ല നാവിങ്ങിനി!!
ശർമ്മം ചേർപ്പതിനെന്റെ സാന്ത്വവചനം
ചെല്ലില്ല കണ്ണുങ്ങളിൽ,
ധർമ്മാതിക്രമഭീരു ഞാൻ; അനുശയം
ശേഷിച്ചെനിക്കെന്നുമേ."

അനുഭാവസമ്പന്നമായ ഹൃദയസമുദ്രത്തിൽ ക്ഷോഭമുണ്ടായാൽ അതു് അല തല്ലുന്നതു് ഇപ്രകാരമൊക്കെയാണു്. ഈ മർമ്മം മനസ്സിലാക്കിയാൽ മാത്രമേ അശാന്റെ ഖണ്ഡകാവ്യപ്രസ്ഥാനത്തെ, വിശേഷിച്ചും വിലാപകൃതികളെ വേണ്ടവണ്ണം വിലമതിക്കാൻ കഴിയുകയുള്ളു. ഇനി നമുക്കു് പ്രാധാന്യമർഹിക്കുന്ന മറ്റു ചില ഖണ്ഡകാവ്യങ്ങളിലേക്കു കടക്കാം.

"കളകണ്ഠഗീതം" എന്ന തലക്കെട്ടിൽ വനമാലയിൽ പ്രസിദ്ധം ചെയ്തിരിക്കുന്ന കവിതയിലാണ് ആത്മഗീതത്തിന്റെ ലക്ഷണങ്ങൾ ആദ്യം പ്രകടമായിക്കാണുന്നതു്. കവിക്കു സന്യാസവൃത്തിയിൽ മമത ഉണ്ടായിരുന്ന കാലത്താണു് ഇതെഴുതിയതെന്നു തോന്നുന്നു. വൈരാഗ്യബുദ്ധിയെ ഉദ്ദീപിപ്പിക്കുന്നതിനായിരിക്കാം എഴുതിയതു്. വിരക്തിപരമായ വികാരങ്ങളുടെ സമ്മർദ്ദം കവിതയുടെ മദ്ധ്യഭാഗത്തു് നല്ലവണ്ണം തെളിയുന്നുണ്ടു്. അവസാനമാകുമ്പോൾ ശാന്തിദായകമായ സമാശ്വാസത്തിലും ചെന്നുചേരുന്നു. ആദ്യകൃതി എന്ന നിലയിലും 'ഗ്രാമവൃക്ഷത്തിലെ കുയിൽ' എന്ന പരിപൂർണ്ണമായ ആത്മഗീതത്തിന്റെ മുന്നോടിയെന്ന വഴിക്കും കവിയുടെ അക്കാലത്തെ വാസനാഗതിയെ വെളിപ്പെടുത്താൻ പര്യാപ്തമെന്ന രീതിയിലും ഈ കവിത പ്രാധാന്യം അർഹിക്കുന്നു. അടുത്തതായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്ന ആത്മഗീതം "ഒരു തീയക്കുട്ടിയുടെ വിചാരം" ആണു്. ഇതിനെപ്പറ്റി ഈ പുസ്തകത്തിൽ മറ്റൊരിടത്തു പ്രതിപാദിച്ചിട്ടുണ്ടു്. ഇതിൽ ആത്മഗീതത്തിന്റെ ലക്ഷണങ്ങൾ കൂടുതലായി കാണാം. ആശാന്റെ പ്രാർത്ഥനകൾ എല്ലാംതന്നെ ഉത്തമങ്ങളായ ആത്മഗീതങ്ങളാണു്. ജഗദീശങ്കൽ ലയിച്ചാണു് ഇതിൽ ഓരോന്നിലും ആശാൻ ശാന്തി നേടുന്നതു്. ആ സ്ത്രീകൃത്തിന്റെ പാവനമായ പ്രസ്ഫുരണങ്ങളാണിവ. എല്ലാ പ്രാർത്ഥനകൾക്കും തന്നെ സാർവ്വത്രികത്വം ഉണ്ടെന്നുള്ളതാണു് അവയുടെ മെച്ചം. പള്ളിയോ ക്ഷേത്രമോ

എന്ന വ്യത്യാസം ക്രടാതെ ഈ സ്തോത്രങ്ങളം ചൊല്ലി ആക്ഷം ആത്മസമർപ്പണം ചെയ്യാം: ഈശപരവിശ്വാസ മുള്ള ഏതൊരാൾക്കും ഇവയുടെ പാരായണം പരമമായ ശാന്തിയെ പ്രദാനം ചെയ്യാതിരിക്കുകയില്ല. ഇവ ഒന്നി നൊന്നു മെച്ചമാകയാൽ പ്രത്യേകിച്ചൊന്നും എടുത്തു പറയണമെന്നു വിചാരിക്കുന്നില്ല. ഇവയിൽ മിക്കതും പുഷ്പവാടിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആശാന്റെ ആത്മഗീതങ്ങളിൽ നിന്നും ഒരു തെരഞ്ഞെടുപ്പ് അത്ര എളുപ്പമല്ല. ഗുണോൽകർഷം കൊണ്ടു നോക്കിയാൽ അവ എല്ലാംതന്നെ വിശേഷിച്ചും പിൽക്കാലങ്ങളിൽ വിരചിച്ചവ ഓരോ തരത്തിലുള്ള രത്നങ്ങളാണു്. രത്നങ്ങളുടെ ഗുണവും കാന്തിയും മറ്റും താരതമ്യപ്പെടുത്തുന്നതു സാഹസമല്ലേ? എങ്കിലും ചിലതൊക്കെ നമ്മുടെ പ്രത്യേകശ്രദ്ധയെ ആകർഷിക്കേണ്ടവയാണു്. പ്രാർത്ഥനകാലം കഴിഞ്ഞാൽ ഇക്കൂട്ടത്തിൽപെട്ടവ "ദൂഷിതമായ ന്യായാസനം" "കൊച്ചു കിളി" "പൂക്കാലം" "മിന്നാമിനുങ്ങു" "ഒരു അനുതാപം" "നിഷ്കപടതയോടു്" "കപോതപുഷ്പം" "പറന്നുപോയ ഹംസം" "വണ്ടിന്റെ പാട്ടു്" "ഗുണനിഷ്ഠ" "കർഷകന്റെ കരച്ചിൽ" "അനുശോചനം" "ദിവ്യകോകിലം" "ഭാരതമയൂരം" ഇവയാണു്. കവിയുടെ ഓരോവിധത്തിലുള്ള വാസനയേയും അനുഭവവിശേഷത്തേയും കവിഹൃദയത്തിൽ വിഷാദം ജനിപ്പിച്ച പല സംഭവങ്ങളേയും വ്യക്തികളേയും പ്രകൃതിവിലാസങ്ങളേയും ആധാരമാക്കിയാണു് ഇവയെല്ലാം രചിച്ചിട്ടുള്ളതു്. ഇവയിൽ വണ്ടിന്റെ പാട്ടു്, നിഷ്കപടതയോടു്, ഗുണനിഷ്ഠ, ദൂഷിതമായ ന്യായാസനം,

ഈ കൃതികൾ കവിഹൃദയത്തെ ക്ലേശതൽ കലക്കി മറിച്ചി ട്ടുള്ളതായിക്കാണാം. ഏതെങ്കിലും കാരണവശൽ ജനതാ മദ്ധ്യത്തിൽ ഉന്നതസ്ഥാനങ്ങൾ അലംകരിക്കുന്നവരായാലും അവരുടെ ഉർവാസനകളും ഉർവൃത്തികളും കൊണ്ടു് ചില പ്പോഠം അവരെ മ്ലേച്ഛകോടിയിൽ തള്ളേണ്ടതായി വരു ന്നു. ഇവരോടു താരതമ്യപ്പെടുത്തിയാൽ എളിയതെങ്കിലും നിരുപദ്രവമായ വാസനകൾക്കു വിധേയമായി ജീവിതം നയിക്കുന്നതാണു കാമ്യമെന്നു കവി അഭിമാനിക്കുന്നു. ഈ രണ്ടാം തരത്തിലുള്ള വാസനകളാണു് തനിക്കുള്ളതെന്നു വിവക്ഷ. ഏതോ സ്നേഹിതൻ തന്നോടു കാണിച്ച കാപട്യ ത്തിൽ മനസ്സു നിറി ആ വികാരത്തിൽനിന്നുമുള്ള വിമോ ചനത്തിനാണു് 'നിഷ്കപടതയോടു്'. എന്ന കവിത എഴുതീട്ടുള്ളതു്. ഈ വികാരപ്രകടനത്തിനു് തെരഞ്ഞെടു ത്തിട്ടുള്ള വൃത്തവും വിഷയത്തിനു് ഏറ്റവും അനുരൂപ മാണു്. നിഷ്കപടതയെ ഒരു ദേവിയായി കല്പിച്ചു് ലോകത്തു് ആ ഗുണത്തിന്റെ അഭാവംകൊണ്ടുവന്നു ചേ രാവുന്ന വിപത്തുകളെപ്പററി ഒരു നിവേദനം നടത്തുക യാണു് ഈ കൃതിയിൽ ആശാൻ ചെയ്തിരിക്കുന്നതു്. ഒരി ക്കൽ അല്ലെങ്കിൽ മറെറാരിക്കൽ ഇതേ കാരണത്താൽ മന സ്സു നിറാത്തവരായി ആരും ഉണ്ടാകുമെന്നു തോന്നുന്നില്ല അക്കാരണത്താൽ ഈ കവിത വായനക്കാരുടെ ഹൃദയാ ന്തർഭാഗംവരെ അലിഞ്ഞിറങ്ങുക തന്നെചെയ്യും. ഈ വിധം മുറിവേററ മനസ്സു് അല്പം വിലപിച്ചതിനു ശേഷം ശാന്തിതേടുന്നു. ലോകത്തിൽ നന്മയു

ല്ലാതെ തിന്മ ജയിക്കുകയില്ല. എന്നാൽ, നന്മയും തിന്മയും വെളിച്ചവും ഇരുട്ടും—പൊരുതുന്നതു് സ്വാഭാവികമാണു താനും. തൽകാലികമായ കാപട്യാന്ധകാരത്തെ വിച്ഛിന്നമാക്കുവാൻ ചിത്പ്രകാശകരൻ അയയ്ക്കുന്ന ചെറു രശ്മിയായി നിഷ്ക്കപടത എന്നും വിജയിക്കുന്നു. ദൂഷിതമായ ന്യായാസനം എന്ന കൃതി ആശാൻ കുറേക്കൂടി ചെറുപ്പമായിരുന്നപ്പോൾ എഴുതിയതാണു്. ഒരു ഫൊക്കോടതി ജഡ്ജി, അകാരണമായി തോന്നിയ വ്യക്തിവിദ്വേഷത്തെയും സമുദായത്തോടു പൊതുവെയുള്ള സ്നേഹത്തെയും മുൻനിറുത്തി, വളരെ സ്വത്തു് സമുദായത്തിനു കിട്ടേണ്ട ഒരു കേസ്, മനഃപൂർവം ദോഷമായി വിധിച്ചു കളഞ്ഞു. കേസ് നടത്തിപ്പിനു വക്കീലിനെ സഹായിപ്പാൻ കോടതിയിൽ ഹാജരാകുമായിരുന്ന കവിയെ അവമാനിക്കുവാൻ ഈ ജഡ്ജി ചിലപ്പോഴൊക്കെ മുതിർന്നിട്ടുണ്ടു്. ഇതിൽ നിന്നുണ്ടായ മനഃശല്യമാണു് ഈ കവിതയുടെ നിദാനം. ധർമ്മവിദ്വേഷവും നിരാശയും സങ്കടവും അഭിമാനബോധവും എല്ലാം കൂടി കലർന്നുള്ളതായിരുന്നു ഈ വികാരം. കവിതയിൽ പ്രയോഗിച്ചിരിക്കുന്ന ഭാഷതന്നെയാണു് ഈ വികാരത്തിന്റെ ലക്ഷണം. ഇത്രയും ഭാഷ ഉപയോഗിക്കുന്നതു് ആശാനു് ഇഷ്ടമുള്ളതല്ല. മറ്റൊരു അവസരത്തിലും പ്രയോഗിച്ചു കണ്ടിട്ടുമില്ല. ഈ വികാരത്തിന്റെ ഇളക്കത്തിൽനിന്നും ഹൃദയത്തിനു ശാന്തി നേടിക്കൊടുക്കുക എന്നുള്ളതാണു് അവസാനഭാഗത്തിന്റെ ഉദ്ദേശം. ഇങ്ങനെ പൊട്ടിപ്പുറപ്പെട്ട വിദ്വേഷത്തിനു് ആമാതിരി ഒരു പരിഹാരം കണ്ടിരുന്നുവെങ്കിലും പിൽക്കാലങ്ങളിൽ ഈ കവിതയെപ്പററി

ആശാൻ അഭിമാനിച്ചിരുന്നില്ല. അങ്ങനെ എഴുതിപ്പോയതു് ശിക്ഷിതമായ സംസ്കാരബോധത്തിനു വിരുദ്ധമെന്നു് ആശാനു തോന്നിയിരുന്നു. [ഗ്രണനിഷ്ഠയെപ്പറ്റിയാണു് ഇനി രണ്ടു വാക്കു പറയാനുള്ളതു്. നേതമ്മന്യന്മാരായി ഒരു ക്ലൂട്ടർ എവിടെയുമുണ്ടു്. അവക്കു് ഏതെങ്കിലും അസൂയകൾ ഇളക്കിവിട്ടു്, സ്വതേ ചിന്തിക്കുവാൻ ശക്തിയില്ലാത്ത ജനങ്ങളെ ചൂഷണം ചെയ്തു്, വൈരനിര്യാതനം സാധിച്ചു് അവരുടെ നേതൃത്വം നിലനിർത്തിക്കൊണ്ടു പോകണമെന്ന ഒരു ചിന്തയേയുള്ളു. ഇത്തരത്തിലുള്ള ഒരു കുബുദ്ധി, മനസ്സാക്ഷിയില്ലെങ്കിലും സാമർത്ഥ്യമുള്ളവൻ, കവിയെപ്പറ്റി പല അപവാദങ്ങളും പറഞ്ഞുപരത്തി. അയാളെ അങ്ങേ അറ്റംവരെയുള്ള അധികാരികളുടെ അടുക്കൽ ക്ലൂട്ടിക്കൊണ്ടുപോയി, അയാൾ പറയുന്നതെല്ലാം സത്യവിരുദ്ധമാണെന്നു് കവി ബോദ്ധ്യപ്പെടുത്തിക്കൊടുത്തു. പട്ടിയുടെ വാൽ നിവർത്തിവിട്ടാൽ ഫലമെന്തു്? അയാൾ വീണ്ടും പഴയ പല്ലവിതന്നെതുടർന്നു. ഇതിന്മേൽ കവിക്കു് ഉണ്ടായ സങ്കടമാണു് ഈ പദ്യങ്ങളിൽ പ്രതിബിംബിച്ചുകാണുന്നതു്. അന്യാപദേശരൂപത്തിൽ ഉത്സ്സാഹമായ ഈ വികാരപ്രകടനം നടത്തുന്നതു് എത്ര സമർത്ഥമായ രീതിയിലാണു്! ഇങ്ങനെയുള്ള നേതാരമ്മന്യന്മാർ കപടരതന്മാരാണു് എന്നത്രേ വിവക്ഷ. തെരുവുകളിലെങ്ങും തെരുതെരെ വിളങ്ങുന്ന ഈ കപടമണികൾ അവയുടെ കളികൾ മതിയാക്കിയില്ലെങ്കിൽ അവയ്ക്കു നേരിടാവുന്ന വിപത്തു് എടുത്തു പറയുന്നതു് ഒരു ശാപത്തിന്റെ രൂപത്തിലാണു്.

"കളികഠം മതിയാക്കു കപടമണി, നീണാ–
ളൊളി ചിതറിടാ നിൻമുഖമതൊന്നാൾ നീ
തെളിവുടയ നീരിൽ പെട്ടമൊരു മരുന്നാൽ–
പ്പൊളിയുമപ്പാ പോയ് നികഷശിലയേറും"

ഈ വികാരങ്ങഠം ഇളക്കിവിടുന്ന മന: ക്ഷോഭത്തിൽ നിന്നും ശാന്തി നേടുവാനുണ്ട് ഒടുവിലത്തെ പദ്യം എഴുതുന്നതു്. ആ ഉദ്ദേശം നല്ലവണ്ണം ഫലിച്ചിരിക്കുമെന്നതിനു സംശയമില്ല. വിദൂരവാക്യത്തിലെ നീതികൾക്കു് ഉപയോഗപ്പെടുത്തിയിരിക്കുന്ന വൃത്തമാണു് ഇവിടെ സ്വീകരിച്ചിട്ടുള്ളതു്. ഇതിന്റെ ഔചിത്യം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ.

'ഭാരതമയൂരം' എന്ന സുകുമാരഗീതത്തെപ്പറ്റിയും കൂടി പ്രസ്താവിച്ചു് ആശാന്റെ ആത്മഗീതങ്ങളെക്കുറിച്ചുള്ള പ്രതിപാദനം അവസാനിപ്പിക്കാം. ഭാരതമാതാവിനെ ഒരു മയൂരമായി കല്പിച്ചു് അവളുടെ മോഹനഭംഗികളെ വിവരിക്കണമെന്നുള്ളതാണു് കവിയുടെ ആശയം. മാതൃഭൂമിക്കു് ഇങ്ങനെ ഒരു ഉപമാനം കണ്ടുപിടിക്കുന്നതുതന്നെ കവിതയാണു്. ക്രൗഞ്ചതെയും അഴകു മൂത്തീകരിച്ചിട്ടുള്ള ഈ സുന്ദരഖേഗം ഇന്ത്യയിലേ കാണപ്പെടുന്നുള്ളൂ എന്നുപറയുന്നുണ്ടു്. ഭാരതത്തിനു മയിലിനോടോ മയിലിനു ഭാരതത്തോടോ ഉള്ള സാമ്യം അതിപ്രകടമാംവണ്ണം മനോരമവുമാണു്. മയിലിന്റെ തലയും അതിനെ അലംകരിക്കുന്ന ശിഖകളും ശിഖരശ്മശ്രുക്കളോടുകൂടിയ ഹിമവാനായി കല്പിക്കുന്നു. മയിലിന്റെ

ശിരസ്സ് എപ്പോഴും ഉയർത്തിപ്പിടിച്ചിരിക്കുന്നു. ഹിമവാന്റെയും സ്ഥിതി നിവർന്നാണല്ലോ. മയിലിന്റെ അഴകുള്ള നീണ്ട കഴുത്തിനെ ഫലഭൂയിഷ്ഠമായ ഗംഗാതടപ്രദേശമായാണ് സങ്കല്പിച്ചിരിക്കുന്നത്. അതിന്റെ ഉടലാണ് ദക്ഷൻ സമതലം. പൂർവ്വപശ്ചിമഘട്ടങ്ങൾ ചിറകുകളും കന്യാകുമാരിവരെ നീണ്ടുകിടക്കുന്ന ദക്ഷിണപ്രദേശം വാലുമത്രേ. സ്ഥൂലമെങ്കിലും ഈ സാമ്യം പ്രകടമായുള്ളതുതന്നെ. കൊണ്ടൽ പോയ് താരങ്ങൾ മിന്നും കുമലയനീലമാം വിൺപരപ്പോ എന്നതുടങ്ങുന്ന രണ്ടാമത്തെപദ്യത്തിൽ ഭാരതത്തിലെ നദികൾ സമർത്ഥമാംവണ്ണം സൂചിതമായിരിക്കുന്നു. ഇവിടെയുള്ള വിചിത്രങ്ങളായ പ്രകൃതിവിലാസങ്ങളും അതിൽ നിഴലിച്ചുനില്ക്കുന്നുണ്ട്. മയിലിന്റെ മനോഹരമായ വർണ്ണശബളിമയും അതിനെ പ്രകാശിപ്പിക്കുവാനുള്ള പദപ്രവാഹവും ഇതിൽ തിരതല്ലുന്നു. പച്ചപ്പുൽക്കാന്തി മരതകം നീലം ചെമ്പത്തമാഗം എന്നിങ്ങനെയാണ് മൂന്നാമത്തെ പദ്യം തുടങ്ങുന്നത്. ഇതിൽ ഇന്ത്യയിലെ ധാതുസമൃദ്ധി, രത്നാകരത്വം എന്നിവയും വിശിഷ്ടമായ പുഷ്പഫലാദികളുടെ വിവിധത്വവും ഭാരതത്തിനു ഒട്ടാകെയുള്ള പ്രകൃതിസൗന്ദര്യവും താണ്ഡവം ചെയ്യുന്നതായി അനുഭവപ്പെടുന്നു. ഇൻഡ്യാചരിത്രം സ്ഥൂലമായി ഒന്നു ദ്യോതിപ്പിക്കുവാനാണ് അടുത്ത പദ്യം കവി ഉപയോഗപ്പെടുത്തിയിരിക്കുന്നത്. "പാവനയോഗികൾ കാട്ടിൽ നിൻപാദത്തിലാസനം ശീലിക്കുന്ന"തും മറ്റും വൈദികകാലത്തെയും "ദേവസേനാ

പതി വൻപടമുൻപിൽ സവാരിചെയ്യുന്നതു്" യുള്ളപ്രധാനമായ പുരാണകാലത്തെയും മൂന്നും നാലും വരികൾ, മുഗൾ ഇംഗ്ലീഷ് എന്നീകാല ഘട്ടങ്ങളെയും പ്രകീർത്തിക്കുന്നു. അത്യന്തസുന്ദരവും അതിസമൃദ്ധവുമായ ഈ രാജ്യം ഭാവിയിലും സാമ്രാജ്യമോഹത്തിനു് ഇരയായിത്തീർന്നേക്കാമെന്ന ഒരു സൂചനയും ഇതിൽ അടങ്ങിയിട്ടുണ്ടു്. മയിലുമയി ഭാരതത്തിനുള്ള സൗന്ദര്യം ഒന്നുകൂടി പുഷ്ടിപ്പെടുത്തി അവളിൽ സ്വാതന്ത്ര്യവും തന്മൂലം ഉണ്ടാകാവുന്ന രാജോചിതമായ ഐശ്വര്യചിഹ്നങ്ങളും തെളിച്ചുകാട്ടി അവൾക്കു പ്രകൃതിദത്തമായുള്ള സൗന്ദര്യങ്ങൾ ഒരിക്കൽകൂടി വർണ്ണിച്ചു് ഈ മാതൃരാജ്യസ്തോത്രം അവസാനിപ്പിച്ചിരിക്കുന്നു. കവിയുടെ ഈ കല്പനാവൈഭവ്യവും, ഭംഗിയും കൊഴുപ്പുമുള്ള ഭാഷാപ്രയോഗവും, അലങ്കാരപുഷ്ടിയും അദ്ദേഹത്തിന്റെ മാതൃരാജ്യാരാധനയെയാണു് കറിക്കുന്നതു്. മാതൃഭൂമിയെപ്പറ്റി ഇത്ര കമനീയവും, അമൂല്യവും അകർഷകവുമായ ഒരു ചിത്രം മറ്റാരുടെ പേനയിൽനിന്നും ഉണ്ടായിട്ടില്ല. ഈ കവിതയ്ക്കു സാർവ്വത്രികമായ പ്രശസ്തി സിദ്ധിക്കുവാൻ പോകുന്നതു് ഭാവിയിലാണു്. ഒളിഞ്ഞുകിടക്കുന്ന അതിലെ സുന്ദരഭാവങ്ങളും വെളിപ്പെടുത്തുവാൻ ഭാഷാഭിമാനികളുടെ ശ്രദ്ധ വേണ്ടിടത്തോളം പതിഞ്ഞിട്ടില്ലെന്നു വ്യസനിക്കുകയേ തരമുള്ളു. കവിയുടെ അവസാനകാലത്തെ ഒരു കൃതിയാണിതു്. ഇതിന്റെ വൃത്തവും അതിന്റെ ഗാനാത്മകത്വവും അനുഭവിച്ചറിയേണ്ടതുതന്നെ. കവിയുടെ രാജ്യാഭിമാനത്തെ

പ്രകാശിപ്പിക്കുന്നതിനായി ഈ ഗീതത്തെപ്പറ്റി ഞാൻ ഇത്രയും പറഞ്ഞതാണ്.

സ്ഥൂലമായി ആശാന്റെ പിൽക്കാലകവിതകളെ ഒന്നു നിരൂപണം ചെയ്യുമാത്രമാണ് ഞാൻ ചെയ്തിരിക്കുന്നതു്. കവിതകളല്ലാ, കവിതകളിൽക്കൂടി കാണുന്ന ശാന്തസുന്ദരമായ കവിസ്വഭാവമാണ് എന്റെ ലക്ഷ്യം. ഇതിനു് ഉതകുന്നിടത്തോളം മാത്രമേ കവിതാവിമർശനത്തിൽ ഞാൻ ഉൾപ്പെട്ടുത്തിയിട്ടുള്ളൂ. വിസ്തരഭയത്താൽ പലതും വിമർശനവിഷയമാക്കാതെയും വിട്ടിട്ടുണ്ടു്. കവിയുടെ ജീവചരിത്രപരമായ ചില വസ്തുതകൂടി വിവരിച്ചാൽ ഈ പുസ്തകം അവസാനിപ്പിക്കാം. ആശാന്റെ ഗാർഹസ്ഥ്യജീവിതം ഏതു വിധത്തിൽ നോക്കിയാലും വിജയലാളിതമായിരുന്നു എന്നു പറയാവുന്നതാണ്. അദ്ദേഹത്തിനു ക്രുദ്ധതൽ സ്വച്ഛതയും സ്വാതന്ത്ര്യവും മനസ്സുഖവും അതുകൊണ്ടു ലബ്ധമായി. ഇവയെ കാവ്യസൃഷ്ടിക്കു് ഉത്തരോത്തരം അദ്ദേഹം പ്രയോജനപ്പെടുത്തുകയും ചെയ്തു. കൈതമുക്കിൽ നേരത്തേ വാങ്ങിയിരുന്നതായിപ്പറഞ്ഞ സ്ഥലത്താണ് അദ്ദേഹം ഗൃഹസ്ഥജീവിതം ആരംഭിച്ചതു്. ഇവിടെ താമസിക്കുമ്പോഴാണ് പ്രരോദനത്തിന്റെയും മറ്റും ആവിർഭാവം. കുറച്ചുനാൾ കഴിഞ്ഞു് അദ്ദേഹം കുടുംബസമേതം അലുവായിലേക്കു താമസം മാറ്റി "പ്രതിഭ" എന്ന മാസികയുടെ പത്രാധിപത്യം വഹിച്ചതു് അക്കാലത്താണ്. ദീപാർപ്പണം, സംകീർത്തനം, ഗുണനിധു മുതലായ വിശിഷ്ടകൃതികൾ ഈ മാസിക മുഖേന പ്രസിദ്ധീകരിച്ചു

വയാണു്. ആലുവായിൽ താമസിച്ച കാലത്തു് അദ്ദേഹം അദ്വൈതാശ്രമ സംസ്കൃതപാഠശാലയുടെ മാനേജരും ആയിരുന്നു. നിയമസഭാമെമ്പറായിരുന്നതും ഇക്കാലത്തുതന്നെ. ആലുവായിലാണു താമസമെങ്കിലും രാഷ്ട്രീയവും സാമുദായികവുമായ പല കൃത്യങ്ങളും നിർവഹിക്കുന്നതിനു് ആശാൻ അടിക്കടിയു തിരുവനന്തപുരത്തെത്തും. എവിടെ സർക്യൂട്ടു പോകുമ്പോഴും അപ്പോൾ കവിത എഴുതിക്കൊണ്ടിരിക്കുന്നതോടൊപ്പം കൈയ്യിലുണ്ടായിരിക്കും. സൗകര്യം കിട്ടുമ്പോൾ എഴുതുകയോ ഇഷ്ടമുള്ളവരെ വായിച്ചു കേൾപ്പിക്കുകയോ ചെയ്യാമെന്നുള്ളതാണു് ഇതിന്റെ ഉദ്ദേശം. കുറേ നാൾ കഴിഞ്ഞു് അദ്ദേഹം വീണ്ടും തിരുവനന്തപുരത്തേയ്ക്കു താമസം മാറി. ഇതിനിടയ്ക്കാണു് തോന്നയ്ക്കൽ ഒരു സ്ഥലം വിലയ്ക്കു വാങ്ങിയതു്. പട്ടണത്തിലെ ഞെരുക്കങ്ങളിൽ നിന്നു മാറിയിരുന്നും പ്രകൃതിയുമായി അടുത്തു സമ്പർക്കം പുലർത്തിയും കൃഷികവൃത്തി പരിശീലിച്ചും മോടികളിൽനിന്നു പിൻമാറിയും ശാന്തമായി കവിതാദേവിയെ പരിചരിക്കാമെന്നു കരുതിയാണു് അദ്ദേഹം ഇങ്ങനെ ചെയ്തതു്. തിരുവനന്തപുരം–കൊല്ലം റോഡിൽ 15–ാം മൈൽക്കുറ്റിക്കു സമീപം, മുരുക്കുംപുഴ റയിൽവേസ്റ്റേഷനിൽനിന്നു വളരെ അകലെയല്ലാതെ, (ബസ്സിലോ തീവണ്ടിയിലോ സഞ്ചരിക്കാനുള്ള സൗകര്യത്തോടുകൂടി) മുപ്പതു് എക്കറോളം വരുന്ന ഒരു തോപ്പാണു് ആശാൻ വാങ്ങിയതു്. ഉല്ലാവായുവിന്റെ കേളീരംഗമായ ഈ പ്രദേശം ദൂരദർശനകൃശമായ പ്രകൃതിവിലാസത്താലും അനന്തിദൂരഭൂമിയിൽ കല്ലോലതര

ളിതമായി പ്രശോഭിക്കുന്ന അറേബ്യൻ സമുദ്രത്താലും കമനീയമായിരുന്നു. അടുത്തു തന്നെ ഒരു് അരുവിയും നെൽക്കൃഷി പ്രദേശവും റിസർവു് വനവും ഉണ്ടു്. ഈ സ്ഥലം പ്രകൃതിയെ ആരാധിക്കുന്ന കവിയുടെ വാസത്തിനു് അനുരൂപവും വാസനകൾക്കു് ഉത്തേജകവും ആയിരുന്നു. താമസത്തിനു് ഒരു ചെറിയ വീട്ട മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. ഇവിടെ വച്ചാണു് ആശാന്റെ പല വിശിഷ്ടകൃതികളും വിരചിതമായിട്ടുള്ളതു്. കവി ഇതിനിടെ ഒരു യഥാർത്ഥകഷ്കനായി രൂപാന്തരപ്പെട്ടിരുന്നു. ആവശ്യത്തിനു വേണ്ടതെല്ലാം സ്വന്തമായി കൃഷിചെയ്തുണ്ടാക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ആദർശം. ഫലവൃക്ഷങ്ങൾ, പൂച്ചെടികൾ, ലതകൾ എന്നിവയെല്ലാം തോന്നയ്ക്കൽ തോപ്പിൽ നട്ടുപിടിപ്പിച്ചു. താനേ ഇറങ്ങി നടന്നു് അദ്ദേഹം ഈ വക ജോലികളുടെ മേൽനോട്ടം നടത്തും. കവിതാരചനയിൽ ഏർപ്പെടാത്ത സമയമെല്ലാം ആശാനെ തോട്ടത്തിൽ കാണാം.

പ്രകൃതിരമണീയവും പ്രശാന്തസുന്ദരവും പുണ്യാശ്രമസദൃശവുമായ ഈ ചെറുനിലയമാണു്, കവി തന്റെ അന്തിമകാലങ്ങളിൽ സരസ്വതീപൂജയ്ക്കായി ഉപയോഗിച്ചുപോന്നതു്. ഇതിനടുത്തായി ഒരു നീരാഴിയും പല വല്ലിനികുഞ്ജങ്ങളും പരിലസിക്കുന്നു. ചുറ്റും വരിയായും കൂട്ടമായും തെന്മാവു്, പനിനീർച്ചാമ്പ, തുടങ്ങിയ ഫലവൃക്ഷങ്ങളും, അശോകം, രാജമല്ലി, ജണ്ടുമുല്ല മുതലായ പൂച്ചെടികളും ആ പുണ്യക്ഷേത്രത്തിന്റെ പരിപാവനതയ്ക്കു മാറ്റു

ക്കൂട്ടി നിലകൊള്ളുന്നു. വൃക്ഷശാഖകളിലും വല്ലികളിലും മഞ്ഞക്കിളി, മൈന, കുരുവി, കുട്ടത്തി തുടങ്ങിയ വിഹംഗ മങ്ങളുടെ മൃദുക്വജനം എപ്പോഴും കേൾക്കാം. ഈ സുന്ദര പരിസരങ്ങളുടെ മനോഹാരിതയിൽ കവി എത്രയെത്ര ആനന്ദം കൊണ്ടിരിക്കണം! കവി ആരാധന നടത്തിയിരുന്ന ഈ സാരസ്വതിക്ഷേത്രം; ഏകദേശം അന്നത്തെ നിലയിൽത്തന്നെ ഇന്നും സൂക്ഷിക്കപ്പെട്ടിരിക്കുന്നു. കവിയുടെ സ്മരണയെ നിലനിറുത്താനും കവിഭക്തന്മാർക്ക് ആരാധന നടത്തുവാനും ആണ് ഇങ്ങനെ ചെയ്തിരിക്കുന്നത്.

ഗൃഹസ്ഥാശ്രമവൃത്തിയിൽ പ്രവേശിച്ച കുമാരനാശാൻ, അതിനുമുമ്പ് പതിനഞ്ചു വർഷക്കാലം ഉറ്റ സമുദായസേവനത്തിൽ ബദ്ധശ്രദ്ധനായിരുന്ന കുമാരൻ ആശാനിൽ നിന്നും വാസനകൾകൊണ്ടും മനഃസ്ഥിതികൊണ്ടും വളരെ വിഭിന്നനായ ഒരു വ്യക്തിയായിട്ടാണ് കാണപ്പെട്ടിട്ടുള്ളത്. ഇതിനു മതിയായ കാരണങ്ങളും ഇല്ലാതില്ല. സമുദായസേവനം—വിശേഷിച്ചും ഈഴവസമുദായത്തെ സംബന്ധിച്ചിടത്തോളം—ആരുടെ കാര്യത്തിൽ നോക്കിയാലും ഒടുവിൽ കലാശിക്കുന്നത് അതിഭയങ്കരമായ നിരാശയിലാണ്. ചെയ്തതിനെപ്പറ്റി മതിപ്പില്ല, ദുർവ്യാഖ്യാനങ്ങളാണുള്ളത്. ചെയ്യാത്തതിനെപ്പറ്റി പഴിക്കും, ഉത്തരം പറയിക്കുകയും ചെയ്യും. വീക്ഷിക്കുന്നതെല്ലാം മസ്തിഷ്കത്തിൽക്കൂടിയാണ്, ഒരിക്കലും ഹൃദയത്തിൽക്കൂടിയായിരി

ക്കയില്ല. ഫലം നല്ലതാണെങ്കിൽ കാലത്തിന്റെ ആനുകൂല്യം. മറിച്ചായാൽ അന്ധതയും അഹംഭാവവും സ്വാർത്ഥതൽപരതയും ആയി. ഇങ്ങനെയാണ് വ്യാഖ്യാനങ്ങളുടെ പോക്ക്. ആരു്, എങ്ങനെ സഹിക്കും? വലിച്ചെറിഞ്ഞു സ്വന്തകാര്യം നോക്കാമെന്നു വിചാരിക്കുന്നതിൽ തെറ്റുണ്ടോ? സ്വന്ത കാലുകളിൽനിന്നു കൊണ്ടു സ്വതന്ത്രമായി; കഴിവുള്ള സേവനങ്ങൾ ചെയ്യുകൊടുക്കാമെങ്കിൽ അതിനു വിലയുണ്ടല്ലോ. ഇതിനു് ആരോടെങ്കിലും ഉത്തരം പറയുകയോ ആരുടെയെങ്കിലും ദുർവ്യാഖ്യാനങ്ങൾക്കു് അടിമപ്പെടുകയോ വേണമോ? ബ്രഹ്മചാരിയായിക്കഴിഞ്ഞു, സമുദായത്തിന്റെ വേതനവും പറ്റി സമുദായസേവനം നടത്തുന്നതിൽ നിന്നു വിരമിച്ചു് ഗൃഹസ്ഥാശ്രത്തിൽ പ്രവേശിപ്പാൻ ആശാനെ പ്രേരിപ്പിച്ചതു് ഈവക ചിന്തകളാണെന്നു് അദ്ദേഹത്തെ അക്കാലത്തു് അടുത്തു പരിചയമുണ്ടായിരുന്നവക്കെല്ലാം അറിയാം. ഈ വിഷയത്തെപ്പറ്റി ഞാൻ ഇതിനുമുമ്പു് ഒരിടത്തു് സൂചിപ്പിച്ചിട്ടുണ്ടു്. ഇതിനെല്ലാമുള്ള മഹാകവിയുടെ മറുപടിയാണു് ശ്രീമവൃക്ഷത്തിലെ കയിൽ എന്ന ചൂണ്ടിക്കാണിച്ചിട്ടുമുണ്ടു്. ഉറച്ച ബ്രഹ്മചാരിയായും തന്റേതെന്നു പറയുവാൻ യാതൊന്നും ഇല്ലാതെയും ബന്ധവിമുക്തനായി വളരെക്കാലം കഴിഞ്ഞുകൂടിയ ആശാനു്, താൻ പ്രവേശിക്കാൻ പോകുന്ന ഗൃഹസ്ഥാശ്രമവൃത്തിയുടെ ചുമതലകളെപ്പറ്റി വേണ്ടതിൽ കവിഞ്ഞ വ്യഗ്രതയാണുണ്ടായിരുന്നതു്. ഭൂമിയില്ല, ഗൃഹമില്ല, വസ്തുക്കളൊന്നുമില്ല; സ്ഥിര

മായ ഒരു വരവിനമില്ല. ഈ ഉദ്യോഗശചിന്തകൾ അദ്ദേഹത്തെ വല്ലാതെ അലട്ടിയിരിക്കണം. ഒരു ഗൃഹസ്ഥന്റെ ചുമതലകളും വർദ്ധിച്ചുവർദ്ധിച്ചല്ലേ വരിക. ആദ്യം ഭാര്യയായി; പിന്നെകുഞ്ഞുങ്ങളുമായി; എല്ലാവരെയുംതീറ്റിപ്പോറ്റണം; ഉന്നതാദർശങ്ങളും അനുസരിച്ച് കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുകയും വേണം; എല്ലാം ചെലവല്ലേ? മാന്യമായ നിലയിൽ ജീവിക്കണമെങ്കിൽ ഈ ചെലവു വർദ്ധിക്കയില്ലേ? ഇതിനും പുറമേ സമുദായത്തോടും ബന്ധുജനങ്ങളോടുമുള്ള ചുമതലയും നിറവേറ്റണമല്ലോ; ഈവക വിചാരങ്ങൾ കൊണ്ടാണ് വസ്തു സമ്പാദിക്കാനും മറ്റും കവി പ്രേരിതനായത്. വേണ്ടിടത്തോളം ഭൂമി സമ്പാദിച്ചുകഴിഞ്ഞു. ആഹാരച്ചെലവിനു് ആ ഭൂമി മതിയാകും; സുഖമായി താമസിക്കയും ചെയ്യാം. സ്ഥിരമായ മറ്റു ധനാഗമമാർഗ്ഗം ഏതെങ്കിലും ഉണ്ടെങ്കിൽ മാത്രമേ വർദ്ധമാനമായ ചെലവുകൾക്കു പണം ഉണ്ടാകുകയുള്ളൂ. ആലുവായിലെ ഓട്ടകമ്പനിസ്ഥാപനംകൊണ്ടു് ആശാൻ ഇതിനു കളമൊരുക്കുകയാണു ചെയ്തതു്. തനിക്കു വിശ്വാസമുള്ളവരും പണക്കാരുമായ രണ്ടുമൂന്നുപേരെ ഇതിനു പങ്കുകാരായി കണ്ടുപിടിച്ചു. മൂലധനം മുടക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇതിനിടെ ആലുവായിൽ കുറെഭൂമിയും ആശാൻ വാങ്ങിയിട്ടുണ്ടായിരുന്നു. ആലുവാപ്പുഴയുടെ പരിസരങ്ങളിൽ അതിനു ശേഷവും പല ഓട്ടകമ്പനികളും സ്ഥാപിതമായിട്ടുണ്ടു്. പക്ഷേ ആശാൻ തിരഞ്ഞെടുത്ത സ്ഥലത്തോളം പരിസരങ്ങളുടെ ആനുകൂല്യമുള്ളതായി ഇ

ന്നേവരെ മറെറാരുകമ്പനി സ്ഥാപിച്ചിട്ടില്ല. യൂണിയൻ ടൈയിൽ വക്ക് സി"ന്റെ വിജയത്തിനുള്ള കാരണങ്ങളിൽ പ്രധാനം അതിന്റെ സ്ഥാപനത്തിൽ ആശാൻ കാണിച്ചിട്ടുള്ള ബുദ്ധിവൈഭവമാണ്. ഏതുതുറയിൽ പ്രവേശിച്ചാലും അതിന്റെ നാനാവശങ്ങളെയും സൂക്ഷ്മമായി അവലോകനം ചെയ്ത് മറാരുരക്കാളും എളുപ്പത്തിൽ വിജയം വരിക്കുക എന്നതു് ആശാന്റെ ഒരു അപൂർവ്വനേട്ടമായിരുന്നു.

മഹാകവിയുടെ ജീവിതമാകുന്ന പൊൻവിളക്കു പൊലിയാറായി. മനുഷ്യരാശിക്കു ലബ്ധമാകുന്ന അനുഗ്രഹങ്ങൾ ഇന്നല്ലെങ്കിൽനാളെ അപഹൃതമാകുകതന്നെ ചെയ്യും എന്നുള്ളതല്ലേ അവയുടെ മാറുകൂട്ടുന്നതു്? "ഉഴിക്കെത്തുമോ നിത്യഭാഗ്യം" എന്ന കവിവാക്യമാണു് ഓർമ്മവരുന്നതു്. ഓട്ടുകമ്പനി സംബന്ധിച്ച ഒരു മീററിങ്ങിൽ പങ്കുകൊള്ളാനായി തോന്നയ്ക്കൽനിന്നു് ആശാൻ ആലുവായ്ക്കു തിരിച്ചു. 1099 മകരം 2–ാനു- തിട്ടക്കത്തിൽ മടങ്ങിവരേണ്ട ആവശ്യം ഉണ്ടായിരുന്നു. കൊല്ലത്തുചെന്നു് ആലുപ്പുഴയ്ക്കുള്ള രാത്രിബോട്ടു കയറി. പിൽക്കാലത്തു കപ്രസിദ്ധി നേടിയ "റെഡ്ഡീമർ" (Redeemer) ബോട്ടിലാണു കയറിയതു്. കയറിയപ്പോൾ തന്നെ ബോട്ടിൽ യാത്രക്കാരെ ഞെരുക്കിക്കയററിയിരിക്കുന്നതായിക്കണ്ടു. വഴിമദ്ധ്യേ പല ജട്ടികളിലും നിറുത്തി ക്രുതൽ ക്രുതൽ ആളുകളെ കയറാക്കൊണ്ടിരുന്നു. ഇങ്ങനെയുള്ള ബോട്ടിൽ കിടന്നുറങ്ങുവാൻ സ്ഥലം ഉണ്ടായിരുന്നില്ലെന്നുമാത്രമല്ല അങ്ങനെ ചെയ്യു

നതു് ആപൽകരമായിരിക്കാമെന്നും കവി ശങ്കിച്ചു. ആ ശാനെ ബോട്ടിൽക്കണ്ടു മനസ്സിലാക്കിയ പല ഭാഷാഭിമാനികളും സ്നേഹിതന്മാരും ആദരപൂർവം അദ്ദേഹത്തിന്റെ സുഖസൗകര്യങ്ങളെപ്പറ്റി ശ്രദ്ധിക്കയും ചെയ്തു. ഉന്മത്തനായ ഡ്രൈവറുടെ തലയും കൈകളും പോലെതന്നെ ചാഞ്ഞും ചരിഞ്ഞുമായിരുന്ന ബോട്ടിന്റെ ഗതി. പലരുടെയും അപേക്ഷയെ ആദരിച്ചു് അദ്ദേഹം കവിതാപാരായണത്തിൽ ഏർപ്പെട്ടു. കരുണ ബുദ്ധചരിതം (അഞ്ചാംകാണ്ഡം) എന്നീ നൂതനകാവ്യങ്ങൾ എഴുതിയിരുന്ന കൈയെഴുത്തു പുസ്തകമാണ് ക്രമേണയുണ്ടായിരുന്നതു്. പുംസ്കോകിലത്തെയും തോല്പിക്കുന്ന അദ്ദേഹത്തിന്റെ മധുരസ്വരം കൊണ്ടു് ബോട്ടും പരിസരങ്ങളും മാറെറാലിക്കൊണ്ടു. ഓർഫ്യൂസ് (Orpheus) എന്ന യവനഗായകനിൽനിന്നു നിർഗളിച്ച ദിവ്യസ്വനം സ്വദിക്കയാൽ കടലിലെ മത്സ്യനിരപോലും അയാളെ പിൻതുടർന്നതായി ഒരു കഥയുണ്ടു്. ഇതായിരുന്നിരിക്കാം അന്നത്തെ കവിതാപാരായണത്തിന്റേറയും അവസ്ഥ. തല കുലുക്കാത്തവരും കണ്ണീർ പൊഴിക്കാത്തവരുമായി ആ ബോട്ടിലെ ശ്രോതാക്കളിൽ ആരും അവശേഷിച്ചിരുന്നില്ല എന്നാണു കേട്ടിട്ടുള്ളതു്. വ്യുദയം കവരുന്ന കവിത, ഇന്ദ്രിയമോഹനമായ പാരായണരീതി, കരവിക്ഷേപം കൊണ്ടുള്ള രസസ്ഫുർത്തി, നയനാംകുണ്ടുള്ള ലയം, ആകപ്പാടെ സമ്മോഹനം! അലൗകികമായ ആനന്ദാനുഭൂതി! ഇതൊക്കെയാണ് ശ്രോതാക്കൾക്കു് അനുഭവവേദ്യമായതു്. രാത്രിയുടെ യാമങ്ങൾമൂക്കാലും കഴിഞ്ഞു

ഇനി അപായമൊന്നും വരാനില്ലെന്ന സമാധാനിച്ചു കൊണ്ടു് കവി ഉറങ്ങാൻ കിടന്നു. മഞ്ഞുകാലമായതിനാൽ നല്ല തണുപ്പുണ്ടായിരുന്നു. ഇട്ടിരുന്ന കോട്ടും അഴിച്ചില്ല. തലയിൽക്കൂടി കമ്പിളിയും വലിച്ചുമൂടി. ഹതഭാഗ്യയായ കൈരളി! ആ നിദ്രയിയിൽനിന്നു് അദ്ദേഹം ഉണർന്നില്ല! പല്ലനവച്ചു ബോട്ടു മുങ്ങി. സുഖനിദ്രയിൽ ലയിച്ചിരുന്ന ആശാനു് ബോട്ടിൽനിന്നു വെളിയിൽച്ചാടുവാനുള്ള അവസരം ലഭിച്ചില്ല. അദ്ദേഹത്തിന്റെ പുണ്യാത്മാവു് അങ്ങനെ അനന്തതയിൽ ലയിച്ചു. ആശാനെപ്പോലെയുള്ള ഒരു വ്യക്തി പല്ലനത്തോട്ടിൽ മുങ്ങി മരിച്ചു എന്നു കേട്ടാൽ അദ്ദേഹത്തെ അറിഞ്ഞിട്ടുള്ളവർ ആരെങ്കിലും വിശ്വസിക്കുമോ? ബാലനായിരുന്ന കാലത്തുതന്നെ കായിക്കരക്കടവിൽ, നിൽക്കാതെ നൂറുതവണ അങ്ങോട്ടുമിങ്ങോട്ടും നീന്തിക്കേറുമെന്നു് കേട്ടിട്ടുണ്ടു്. അരിവിപ്പുറം ആറ്റിലുള്ള വൻകയങ്ങളിൽ കളിക്കാനിറങ്ങിയാൽ രണ്ടും മൂന്നും മണിക്കൂർ കഴിഞ്ഞാണു് പൊങ്ങിവരുന്നതെന്നു് ദൃക്സാക്ഷികൾ പറഞ്ഞിട്ടുമുണ്ടു്. യോഗാഭ്യാസത്തിൽ അദ്വിതീയൻ; ജലം സ്ഥലമെന്നപോലെ വിഹാരരംഗമാക്കിട്ടുള്ള അഭ്യാസി. അസാധാരണമായ കായബലംകൊണ്ടു് അനുഗ്രഹീതൻ. വയസ്സു് 50 കഴിഞ്ഞിട്ടേയുള്ളു. അന്നും യുവത്വം തിളങ്ങിക്കൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള ഒരു അസാധാരണ പുരുഷനെ വലയെറിഞ്ഞു് അകപ്പെടുത്തുവാൻ ക്രൂരനിയതി കണ്ടെത്തിയ നിഷ്ഠുരോപായം ഇതായിരുന്നു. ഈ ദുഃഖവാർത്ത ശ്രവിച്ച കേരളക്കര എന്നല്ല

ദേശാന്തരങ്ങളും കണ്ണീരിലാണ്ടുപോയി. ലോകത്തെ മുഴുവൻ അന്ധകാരത്തിലാഴ്ത്തുമാറ്, സഹസ്രകിരണൻ മദ്ധ്യാഹ്നത്തിൽത്തന്നെ മറഞ്ഞുകളകയെന്നോ! പ്രകൃതി തന്നെ ദീർഘശ്വാസം വിട്ടതുപോലെ തോന്നി? ആലപ്പുഴയുള്ള ഒരു സ്നേഹിതന്റെ കമ്പിമൂലമാണ് അടുത്തദിവസം ഉച്ചയോടടുക്കുടി ഈ ദുഃഖവാർത്ത (തിരുവനന്തപുരത്തു്) ഞാൻ അറിയുന്നതു്. കമ്പി വായിച്ചമാത്രയിൽത്തന്നെ ഇടിവാളേറ്റപോലെ ഞാൻ നിലം പതിച്ചു പോകുകയാണുണ്ടായതു്. ഹതവിധിയുടെ ആ പ്രഹാരത്തിൽ നിന്നും എന്റെ ഹൃദയത്തിനോ ബുദ്ധിക്കോ എതുയോ കാലം രക്ഷ നേടുവാൻ സാധിച്ചിരുന്നില്ല. എന്നിൽ ആത്മചൈതന്യവും സാഹിത്യാഭിരുചിയും വളർത്തിവിട്ട മഹാഗുരു, യുവസഹജമായ അപഥസഞ്ചരണങ്ങളിൽ നിന്നു് എന്നെ രക്ഷിച്ചുപോന്ന പുണ്യാത്മാവു്, മനുഷ്യരാശിക്കു് ഒരു ധർമ്മപ്രദീപം, സാഹിത്യസാമ്രാജ്യത്തിലെ ചക്രവർത്തി, അധർമ്മത്തോടു യുദ്ധം ചെയ്യുവാൻ സകലശക്തിയും പ്രയോഗിച്ച ധീരയോദ്ധാവു്, ദീനാനുകമ്പ നിറഞ്ഞ കരുണാസാഗരൻ—ആശാനു് ഇങ്ങനെ ഒരു പര്യവസാനം വന്നതിൽ ദുരവസ്ഥയിൽ വന്നു പറ്റിയ ഒരു അറ്റത്തെ ചിലർ പഴിക്കുന്നുണ്ടു്. ആ വരികൾ ഇങ്ങനെയാണു്.

"എന്തു ചെയ്യേണ്ടതെങ്ങോട്ടു പോകേണ്ടതി-
യന്ധകൂപത്തിലടിഞ്ഞതോ ഞാൻ;
അന്തമില്ലാതുള്ളോരാഴത്തിലേക്കിതാ!
ഹന്ത താഴുന്നു താഴുന്നു കഷ്ടം!!

ചിൻതുണയും പിടിയും കാണാതുൾഭയം
ചിന്തി, ഉസ്സ്വപ്നത്തിലെന്നപോലെ,
പൊന്താനഴുന്ന കാൽ നില്പുന്നില്ലെന്റെ
ചിന്തേ! ചിറകുകൾ നൽകണേ നീ.

ഇങ്ങനെ ചിന്തയാൽ ഭത്തമായ ഉപാൻചിറകുകളും വീശി യായിരിക്കണം ആ ദിവ്യകോകിലം സ്വാരാജ്യസീമക ളിൽ പറന്നു പററിയതു്. ഉപഗുപ്തനോടു കവി പറഞ്ഞതു തന്നെയാണു്, ദിവംഗതനായ കവിയോടു് നമുക്കും പറ യാനുള്ളതു്.

"നമസ്കാരമുപഗുപ്ത, വരിക ഭവാൻ നിഷ്കാ–
നിമഗ്നനാകാതെ വീണ്ടും ലോകസേവയ്ക്കായ്;
പതിതകാരുണികരാം ഭവാദൃശസുതന്മാരെ
ക്ഷിതിദേവിക്കിന്നു വേണമധികം പേരെ.

നമസ്കാരം! നമസ്കാരം! നമസ്കാരം!

Printed at the Kerala Press Trivandrum.

CT Library
00014768
T64 SA15